


# Kandanadu east 25 years Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol.3 No.5&6 combined issue for May&June 2015

## എഡിറ്റോറിയൽ

**ഡോ.** തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ 25 വർഷം പൂർത്തിയായിരിക്കുകയാണ്. അക്ഷരങ്ങളെ സ്നേഹിക്കുകയും എഴുതുകയും വായിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന തിരുമേനിക്ക് ഡയോസിസൻ ബുള്ളറ്റിന്റെ അഭിനന്ദനങ്ങൾ സമർപ്പിക്കുന്നു. തിരുമേനി മെത്രാപ്പോലീത്ത ആയി അഭിഷേകം ചെയ്യപ്പെട്ട് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ആരംഭിച്ചതാണ് ഡയോസിസൻ ബുള്ളറ്റിനും. അതായത് ഡയോസിസൻ ബുള്ളറ്റിനും രജതജൂബിലി നിറവിലാണ്. കാൽ നൂറ്റാണ്ടായി ബുള്ളറ്റിനിലൂടെ സഭ മുഴുവനും ഗൗരവമായി ചർച്ച ചെയ്തത് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ തന്നെയാണ്. ഭദ്രാസന മെത്രാപ്പോലീത്ത, വേദശാസ്ത്രജ്ഞൻ എന്നീ നിലകളിലും സാമൂഹ്യപ്രശ്നങ്ങളെയും അതിന്റെ മാറ്റങ്ങളെയും അടുത്ത് നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്യുന്ന പഠിതാവ് എന്ന നിലയിലും തിരുമേനിയുടെ വ്യക്തവും സുഗ്രാഹ്യവും ധീരവുമായ നിലപാടുകളെ അക്ഷരകൂട്ടുകളാക്കി മാറ്റി എന്ന ചരിത്രപരമായ വലിയൊരു ദൗത്യമാണ് ബുള്ളറ്റിൻ നിർവ്വഹിച്ചത്. മറച്ചുവയ്ക്കാനാവാത്ത ഈ മഹാസന്തോഷം ഈ പ്രസിദ്ധീകരണത്തിന്റെ വായനക്കാരുമായി പങ്കുവയ്ക്കാൻ ഡയോസിസൻ ബുള്ളറ്റിൽ മെയ്-ജൂൺ മാസത്തെ ഒരുമിച്ച് ഒരു പ്രത്യേക പതിപ്പായി ഇറക്കുകയാണ്. ഇതിനോടനുബന്ധിച്ച് സ്ഥിരം പംക്തികൾ കൂടാതെ മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ശുശ്രൂഷാ ജീവിതത്തെ അനുസ്മരിക്കുന്ന ഏതാനും ലേഖനങ്ങൾ കൂടി ചേർക്കുകയാണ്. ഈ പ്രത്യേക പതിപ്പിലേക്ക് അനുഗ്രഹാശംസ അയച്ചുതന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയോടും ലേഖനങ്ങൾ തയ്യാറാക്കിത്തന്ന കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയോടും ആദരണീയരായ ഡോ. ഡി. ബാബുപോൾ, റവ. പ്രൊഫ. കെ. സി. മാത്യു, പ്രൊഫ. ഡോ. എം. പി. മത്തായി, റവ. പി. മാത്യു, പ്രൊഫ. ഡോ. എം. ഇ. കുര്യാക്കോസ്, ശ്രീമതി തങ്കമ്മ ദാനിയേൽ എന്നിവരോടുള്ള ഞങ്ങളുടെ നന്ദി ഇത്തരുണത്തിൽ പ്രത്യേകം രേഖപ്പെടുത്തുന്നു. ഇവരെല്ലാവരും സഭാ ജീവിതത്തിന്റെ വിവിധ മേഖലകളിൽ തിരുമേനിയുമായി അടുത്ത്

## EDITORIAL BOARD

**President**
H. G. Dr. Thomas Mar Athanasius
Metropolitan

**Chief Editor**
Fr. Abraham Karammel

**Mg.Editor**
Mr. P. J. Varghese

**Associate Editors**
Fr. Kochuparambil Geevarghese Ramban
Fr. Aby Ulahannan

**Technical Adviser**
Mr. George Paul

**Members**
Fr. Marydas Stephen
Fr. Alias Kuttiparichel
Fr. Shibu Kurian
Prof. Dr. M. P. Mathai
Mr. A. G. James
Mrs. Jiji Johnson

www.kandanadeast.org


## ഉള്ളടക്കം

പേജ്


എഡിറ്റോറിയൽ

**പരി. കാതോലിക്കാബാവയുടെ ആശംസ** ........ 3

**മാധ്യമങ്ങൾ വിവേകപൂർവ്വമായ സമീപനം ആവശ്യം** ........
ഡോ. തോമസ് മാർ അത്താനാസിയോസ്

**സ്ഥിരപ്രജ്ഞനായ സ്നേഹയോഗി** ........ 8
ഡോ. യാക്കോബ് മാർ ഐറേനിയോസ്

**A Jewel among the Bishops** ........ 10
Prof. Rev. K.C. Mathew

**കരിസ്മയുടെ ആൾരൂപം** ........ 12
ഡോ. ഡി. ബാബു പോൾ

**സമൃഗ്ദർശനത്തിന്റെ കാൽപാടുകൾ** ........ 14
പ്രൊഫ. ഡോ. എം. പി. മത്തായി

**നല്ല ഇടയന്റെ ചുവടുകളിലൂടെ** ........ 17
റവ. പി. മാത്യൂസ്

**ശ്രദ്ധേയമായ കത്ത്** ........ 20
ഫാ. ഡോ. വി.സി.സാമുവൽ

**ആദ്ധ്യാത്മികതയുടെ രജതഭാവം** ........ 23
ഡോ. എം. ഇ. കുര്യാക്കോസ്

**അനുഭവങ്ങൾ, വീക്ഷണങ്ങൾ..** ........ 24
ഫാ. എബ്രാഹം കാരാമേൽ

**ഞങ്ങളുടെ കൊച്ചുതിരുമേനി..** ........ 23
തങ്കമ്മ ദാനിയേൽ


പ്രവർത്തിച്ചുവരുന്നവരും ഉറ്റബന്ധം പലർത്തുന്ന സുഹൃത്തുക്കളുമാണ്.

കഴിഞ്ഞ 25 വർഷത്തെ മാസികയുടെ ചരിത്രം പരിശോധിക്കുമ്പോൾ കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ ഏറ്റവും പ്രചാരമുള്ളത് എന്ന നിലയിലേക്ക് എത്താൻ സാധിച്ചില്ലെങ്കിലും ക്രൈസ്തവ സഭാ പ്രസിദ്ധീകരണങ്ങളുടെ ഇടയിൽ ചെറുതല്ലാത്ത സ്വാധീനം ചെലുത്താൻ ഈ കൊച്ചു പ്രസിദ്ധീകരണത്തിന് സാധിച്ചിട്ടുണ്ട്. പ്രതിപാദനത്തിലും സമീപനത്തിലും വ്യതിരിക്തത പുലർത്തുവാനും ഗുണപരമായ വായനയുടെ തനതായ ഒരിടം രൂപീകരിക്കുവാനും ഈ പ്രസിദ്ധീകരണത്തിന് കഴിഞ്ഞു. സഭ നേരിടുന്ന പ്രശ്നങ്ങളെ-ആഭ്യന്തരവും ബാഹ്യവുമായ-അതാതിന്റെ വേദികളിൽ ചർച്ച ചെയ്യുക എന്നതിലുപരി സഭാംഗങ്ങൾക്ക് മുഴുവനും ചർച്ച ചെയ്യാൻ ഉതകുന്ന തരത്തിലേക്ക് വിവിധ വിഷയങ്ങളെ കൊണ്ടുവരാൻ സാധിച്ചു എന്നത് ദൗത്യ നിർവ്വഹണമായി കരുതുന്നു. കാലാകാലങ്ങളിൽ സമൂഹം അഭിമുഖീകരിക്കുന്ന ഏതു പ്രശ്നങ്ങളോടുമുള്ള ക്രിസ്തീയ പ്രതികരണവും തിരുത്തേണ്ടത് തിരുത്താനുള്ള തന്റേടവും തെറ്റിപ്പോയത് തെറ്റിപ്പോയി എന്ന് സമ്മതിക്കാനുള്ള വിവേകവുമാണ് സഭയെ എന്നും സഭയാക്കി ഉയർത്തി നിർത്തുന്നത്. ഈയൊരു വലിയ ദൗത്യമാണ് ഡയോസിഷൻ ബുള്ളറ്റിൻ ഈ കഴിഞ്ഞ കാലങ്ങളിൽ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോയത്.

വായനയും പഠനവും പ്രതികരണശേഷിയും ഉള്ള പ്രബുദ്ധരായ സഭാ സമൂഹത്തിന്റെ രൂപീകരണമാണ് സഭകൾ ഏറ്റെടുക്കേണ്ടത് എന്ന് തിരുമേനി വിശ്വസിച്ചിരുന്നു. ജോലിത്തിരക്കിനിടയിലും കൃത്യമായി 'മെത്രാപ്പോലീത്തായുടെ കത്ത്' എന്ന പംക്തിയും ഏതാനും മാസങ്ങളായി ബുള്ളറ്റിനിലേക്ക് വേദപഠനങ്ങളും തയ്യാറാക്കിത്തരുന്നത് ക്രിസ്തീയ വിശ്വാസത്തോടും ആശയപരമായി അതിന്റെ വളർച്ചയോടും തിരുമേനി പുലർത്തുന്ന നിതാന്തമായ ജാഗ്രത ഒന്നുകൊണ്ടുമാത്രമാണ്. ആ ഉത്സാഹത്തിന്റെ മുമ്പിൽ തലകുനിക്കുന്നു.

ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ മേൽപ്പട്ട സ്വീകരണത്തിന്റെ രജതജൂബിലി പ്രമാണിച്ച് പുറത്തിറക്കുന്ന ഈ വിശേഷാൽ പതിപ്പ് അഭിവന്ദ്യ തിരുമേനിക്ക് എല്ലാ ദൈവാനുഗ്രഹങ്ങളും ഭാവുകങ്ങളും നേർന്നുകൊണ്ട് അനുവാചകർക്കായി സമർപ്പിക്കുന്നു.

**ചീഫ് എഡിറ്റർ**

Website: www.mosc.in
E-mail: catholicos@mosc.in

Telephone: 0481-2574323, 2578500
Fax: 0481-2570569

# The Malankara Orthodox Syrian Church

## CATHOLICATE OF THE EAST

**BASELIOS MARTHOMA PAULOSE II**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

മെയ് 04, 2015

**അനുഗ്രഹാശംസ**

കർത്താവിൽ നമ്മുടെ സഹോദരനും കണ്ടനാട് ഈസ്റ്റ് മെത്രാസനാധിപനുമായ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക രജത ജൂബിലിയോടനുബന്ധിച്ച് ഡയോസിസൻ ബുള്ളറ്റിന്റെ ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്താമാരിൽ ധീരമായ നിലപാടുകൾകൊണ്ടും ഭരണ നിർവ്വഹണപാടവംകൊണ്ടും ഏറെ ശ്രദ്ധേയനായ അഭിവന്ദ്യ തിരുമേനിയുടെ തിരുമേനിയുടെ പരിശുദ്ധ സഭയോടുള്ള പ്രതിബദ്ധത അനുപമമാണ്. അജപാലന ശുശ്രൂഷയിൽ ഉടനീളം അദ്ദേഹം പുലർത്തിക്കൊണ്ടിരിക്കുന്ന വിമോചന ദൈവശാസ്ത്രത്തോടുള്ള ആഭിമുഖ്യം അദ്ദേഹത്തെ പാവങ്ങളുടെ പക്ഷം ചേരുന്ന ഒരാളായി കേരള സമൂഹം ഗണിക്കുന്നതിന് കാരണമായിത്തീർന്നു എന്നുള്ളതിൽ നമുക്ക് അഭിമാനിക്കാം. പരിശുദ്ധ സഭയിലെ കണ്ടനാട് ഈസ്റ്റ് മെത്രാസനത്തെ തന്റെ കർമ്മോജ്ജ്വലമായ പ്രവർത്തന ശൈലികൊണ്ട് പുരോഗതിയിലേക്കുയർത്തിയ അഭിവന്ദ്യ തിരുമേനി അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനവും അഗാധമായ പാണ്ഡിത്യവുംകൊണ്ട് വിശ്വാസഹൃദയങ്ങളിൽ തന്റേതായ ഒരിടം നേടിയ പിതാവാണ്. മെത്രാഭിഷേക രജത ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിക്ക് എല്ലാ പ്രാർത്ഥനകളും നന്മകളും നേരുന്നു. രജതജൂബിലി സുവനീറിന് എല്ലാ ആശംസകളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

# മാധ്യമങ്ങൾ –

## വിവേകപൂർവ്വമായ സമീപനം ആവശ്യം.

വാർത്തകൾ, സംഭവങ്ങൾ, വിവരങ്ങൾ, പ്രതികരണങ്ങൾ, അനുഭവങ്ങൾ, ആസ്വാദനങ്ങൾ, വിനോദങ്ങൾ എന്നിവയെല്ലാം ജനത്തിന് എത്തിച്ചുകൊടുക്കുന്നതിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. വർത്തമാന പത്രങ്ങൾ, മാസികകൾ മുതലായ പ്രസിദ്ധീകരണങ്ങൾ, ടെലിഫോൺ, റേഡിയോ എന്നിങ്ങനെയുള്ള ശ്രാവ്യമാധ്യമങ്ങൾ, കമ്പ്യൂട്ടർ, ടെലിവിഷൻ തുടങ്ങിയ ദൃശ്യശ്രാവ്യോപാധികൾ എന്നിവയെല്ലാം വ്യത്യസ്ത രീതികളിൽ ഈ ധർമ്മമാണ് നിർവ്വഹിക്കുന്നത്. എന്നാൽ മാധ്യമങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഏറെ പരാതികളും വിമർശനങ്ങളും ഉയർന്നുകൊണ്ടിരിക്കുന്നു. വസ്തുതകൾ വളച്ചൊടിക്കുന്നു, നടക്കാത്തത് സംഭവമാക്കി മാറ്റുന്നു, സത്യം തമസ്ക്കരിക്കുന്നു, നിക്ഷിപ്തതാത്പര്യപ്രകാരമുള്ള വാർത്തകൾ പ്രാധാന്യപൂർവ്വം നൽകി ജനത്തെ തെറ്റിദ്ധരിപ്പിക്കുന്നു, ഹിംസാത്മകവും അനാശാസ്യവുമായ കാര്യങ്ങൾ പ്രചരിപ്പിച്ച് കുരുന്നു മനസ്സുകളെ വഴി തെറ്റിക്കുന്നു. കൂടാതെ മനുഷ്യന്റെ ആസക്തികളെ ചൂഷണം ചെയ്ത് കുടുംബ ബന്ധങ്ങൾ, കർമ്മശേഷി, മത-ആത്മീക ജീവിതം എന്നിവ പ്രത്യേകിച്ചും ദൃശ്യ മാധ്യമങ്ങൾ വഴി ദുഷിപ്പിക്കുന്നു. ഇങ്ങനെ പോകുന്നു മാധ്യമപ്രവർത്തനം സംബന്ധിച്ച പരാതികളും വിമർശനങ്ങളും. മാധ്യമങ്ങൾക്ക് ലഭ്യമായിരിക്കുന്ന സ്വാതന്ത്ര്യം വലിയ പരിധി വരെ നിയന്ത്രിക്കപ്പെടാത്ത സാഹചര്യത്തിൽ മനുഷ്യന് അറിവും, മാനസിക വളർച്ചയും, സാമൂഹ്യബോധവും, ധാർമ്മിക-സദാചാരചിന്തകളും പകരുന്നതിൽ മാധ്യമങ്ങളുടെ പങ്ക് പരിശോധിക്കപ്പെടുകയും വിലയിരുത്തപ്പെടുകയും ചെയ്യേണ്ടതുണ്ട്. ആരോപണങ്ങളും വിമർശനങ്ങളും മാധ്യമങ്ങളെ പ്രതിസ്ഥാനത്താക്കുന്നു. ഇന്നത്തെ സങ്കീർണ്ണമായ സാഹചര്യത്തിൽ എങ്ങനെ ആരോഗ്യകരമായ മാധ്യമപ്രവർത്തനം സാധ്യമാണ് എന്ന അന്വേഷണം ആവശ്യമായി വന്നിരിക്കുകയാണ്. അതായത് മാധ്യമരംഗം ജനത്തിന് എങ്ങനെ പരമാവധി ഉപയോഗപ്രദവും ദോഷരഹിതവുമാക്കിത്തീർക്കുവാൻ സാധിക്കും എന്നത് ചിന്തിക്കേണ്ട കാര്യമാണ്.

അറിയാനുള്ള ജിജ്ഞാസയും അറിയിക്കുവാനുള്ള ഉൾപ്രേരണയും മനുഷ്യസഹജമാണ്. ഇത് സമൂഹത്തെ പുരോഗതിയിലേക്കു നയിക്കുന്ന മുഖ്യ ഘടകവുമാണ്. അറിയാനും അറിയിക്കാനുമുള്ള തൃഷ്ണ കെട്ടടങ്ങിയാൽ സമൂഹം നിശ്ചലമാകും. കാരണം, അറിവുകൾ പ്രയോജനപ്പെടുത്തിയാണ് സമൂഹം വളരുന്നതും നേട്ടങ്ങൾ കൈവരിക്കുന്നതും. അതുകൊണ്ട് മാധ്യമ ഉപയോഗം നിഷേധിക്കാനാവില്ല. അറിയാനും അറിയിക്കാനുമുള്ള അഭിവാഞ്ഛ നിമിത്തമായിരിക്കണം ആദിമമനുഷ്യൻ ആംഗ്യ-വാച്യ-ലിഖിത ഭാഷാരൂപങ്ങൾ പടിപടിയായി വികസിപ്പിച്ചെടുത്ത് ആശയ വിനിമയം എളുപ്പമാക്കിയത്. മനുഷ്യൻ ഒരു സാമൂഹ്യ ജീവിയായതുകൊണ്ട് അറിവുകൾ പോലെതന്നെ വ്യക്തിപരമായി തന്നിൽ മുളപൊട്ടുന്ന ചിന്തകൾ, ആശയങ്ങൾ, പ്രതികരണങ്ങൾ, വികാരങ്ങൾ, സങ്കല്പ ങ്ങൾ, ആഗ്രഹങ്ങൾ എന്നിവയെല്ലാം അവിഷ്ക്കരിക്കുകയും മറ്റുള്ളവരെ ധരിപ്പിക്കുകയും ചെയ്യുക എന്നത് ഒരുവന്റെ വ്യക്തിപരമായ തൃഷ്ണ മാത്രമല്ല, സമൂഹത്തിന്റെ വളർച്ചയ്ക്കും സാമൂഹികതയ്ക്കുതന്നെയും നിർണ്ണായകവുമാണ്. ഇതിന് ആദിമമനുഷ്യർ പോലും പ്രാകൃതമായ ആവിഷ്ക്കാര -വിവര വിനിമയ സങ്കേതങ്ങൾ അവലംബിച്ചുവന്നിരുന്നു എന്നത് തർക്കമറ്റ കാര്യമാണ്. സാമൂഹ്യ ജീവി എന്ന നിലയിലുള്ള മനുഷ്യന്റെ നിലനില്പും പുരോഗതിയുമെല്ലാം ചുറ്റുപാടുകളെക്കുറിച്ചുള്ള അറിവുകൾ, നിരീക്ഷണങ്ങൾ, പ്രതികരണങ്ങൾ എന്നിവയെ ആശ്രയിച്ചാണിരിക്കുന്നത്. പ്രപഞ്ചത്തിലെ പ്രതിഭാസങ്ങൾ മനസ്സിലാക്കൽ, വിജ്ഞാന വർദ്ധന വരുത്തുന്ന വസ്തുതകൾ, മനുഷ്യമനസ്സിന്റെ പ്രതിസ്പന്ദനങ്ങളായി രൂപം കൊള്ളുന്ന സാഹിത്യ-കലാരൂപങ്ങൾ എന്നിവകൂടാതെ എങ്ങനെ മനുഷ്യസമൂഹത്തിന് മുമ്പോട്ടു പോകാനാവും?

അതായത് വിമർശനങ്ങൾ നിലനില്ക്കെത്തന്നെ മനുഷ്യപുരോഗതിക്കും സാമൂഹികതയ്ക്കും

പ്രാചീനകാലം മുതൽ മാധ്യമങ്ങൾ വഹിച്ചുപോരുന്ന പങ്ക് നിഷേധിക്കാനാവില്ല. ആധുനിക കാലത്ത് മാധ്യമങ്ങളുടെ പ്രവർത്തനവും ശൈലിയുമെല്ലാം ഏറെ വ്യത്യസ്തമായി. അതോടെ മനുഷ്യന്റെ മാധ്യമങ്ങളിൻമേലുള്ള ആശ്രയവും ദൃഢമായി. ചുറ്റുപാടുകൾ മനുഷ്യന്റെ ജീവിതക്രമീകരണങ്ങളെ സ്വാധീനിക്കുന്നു. കൂടാതെ അവന്റെ ജീവിത പരിസരത്തിന്റെ വ്യാപ്തിയും വർദ്ധിപ്പിക്കുന്നു. മുൻകാലങ്ങളിൽ മനുഷ്യൻ സ്വന്തം ഗ്രാമത്തിലോ നാട്ടിലോ നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞാൽ സംതൃപ്തനായിരുന്നു. ഇന്നതല്ല. ലോകം മുഴുവനും ഒരു ഗ്രാമമായി പരിവർത്തനപ്പെട്ടു. വാർത്താവിനിമയ രംഗത്തുണ്ടായ മുന്നേറ്റവും വളർച്ചയും നിമിത്തം സംഭവം നടക്കുന്ന സമയത്ത് തന്നെ ലോകം മുഴുവൻ അതറിയാൻ ഇടയാകുന്നു. മണിക്കൂറുകൾക്കുള്ളിൽ മനുഷ്യന് ലോകത്തെവിടെയും കുതിച്ചെത്തുവാനുള്ള യാത്രാ സൗകര്യങ്ങളുമായി. ഭൂഗോളം അത്ഭുതകരമാം വിധം ചുരുങ്ങിയ അനുഭവം. എവിടെയും സംഭവിക്കുന്ന സാമൂഹിക-സാമ്പത്തിക-ആശയ-പാരിസ്ഥിതികവിഷയങ്ങൾ, വ്യതിയാനങ്ങൾ, ചലനങ്ങൾ മുതാലയവയെല്ലാം ഈ ഗ്രഹത്തിലുള്ള ഓരോ മനുഷ്യന്റെയും കാര്യമായി മാറി. അതായത് മനുഷ്യർ തമ്മിലും അവരുടെ താമസസ്ഥലങ്ങൾ തമ്മിലുമുള്ള അടുപ്പവും ആശ്രയത്വവും വർദ്ധിക്കേണ്ടതായി വന്നു. മുൻകാലങ്ങളിൽ വ്യക്തിയുടെ ജീവിതപശ്ചാത്തലം പരിമിതമായിരുന്നെങ്കിൽ ഇന്ന് ലോകം സാങ്കേതികമായി ചുരുങ്ങിയതോടെ ആഗോള തലത്തിൽ അവന്റെ പാരസ്പര്യവും ആശ്രയത്വവും യാഥാർത്ഥ്യമായി മാറി എന്നതിന്റെ പശ്ചാത്തലത്തിൽ വേണം മാധ്യമങ്ങളുടെ പ്രാധാന്യവും അനിവാര്യതയും തിരിച്ചറിയുവാൻ. മാത്രമല്ല, ലോകമെമ്പാടും നടക്കുന്ന കാര്യങ്ങൾ മനുഷ്യന്റെ വീക്ഷണങ്ങൾ, ചിന്തകൾ ആവശ്യങ്ങൾ എന്നിവയെല്ലാം പുനർനിർവ്വചിക്കുകയും മാറ്റിമറിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം വന്നുചേർന്നിരിക്കുകയാണ്.

1442-ൽ അച്ചടിയന്ത്രത്തിന്റെ കണ്ടുപിടുത്തം മാധ്യമരംഗത്തെ ഒരു വമ്പിച്ച മുന്നേറ്റമായിരുന്നു. അതുവരെ കയ്യെഴുത്തിലൂടെയും വിളിച്ചുപറച്ചിലൂടെയും അറിയിക്കപ്പെട്ടിരുന്ന കാര്യങ്ങൾ അച്ചടിച്ച് അതിന്റെ പതിനായിരക്കണക്കിനു കോപ്പികൾ ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ വ്യക്തികളിലും സ്ഥലങ്ങളിലും അനായാസം എത്തിക്കാമെന്നായി. എന്നാൽ വർത്തമാനപത്രങ്ങൾ പ്രത്യക്ഷപ്പെടാൻ 18-ാം നൂറ്റാണ്ടുവരെ കാത്തിരിക്കേണ്ടി വന്നു. 1850-ൽ ഛായാഗ്രഹണ സാമിഗ്രി കണ്ടുപടിച്ചതോടെ അറിയിക്കേണ്ട വിവരങ്ങൾ, സംഭവങ്ങൾ ചിത്രങ്ങൾ സഹിതം അവതരിപ്പിക്കപ്പെടുന്ന സാഹചര്യമൊരുങ്ങി. 19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടമായപ്പോഴേക്കും മലയാളത്തിനും വർത്തമാനപ്പത്രത്തിന്റെ പ്രാഗ്‌രൂപങ്ങൾ ലഭ്യമാകാൻ തുടങ്ങി. പിന്നീട് റേഡിയോയും, ടെലിവിഷനും കമ്പ്യൂട്ടറുമൊക്കെ സാർവ്വത്രികമായി. ഇതെല്ലാം വാർത്താവിനിമയ രംഗത്ത് വിസ്മയകരങ്ങളായ വിപ്ലവങ്ങൾ സൃഷ്ടിച്ചു. ഇന്ന് സോഷ്യൽ നെറ്റ് വർക്കിംഗ് വളരെ വ്യാപകവും ശക്തവുമായ വാർത്താ മാധ്യമമായി മാറുന്നു. ഫെയ്സ് ബുക്ക്, വാട്സ് അപ്പ്, ടിറ്റർ എന്നിവയിലൂടെ ഉല്പാദിപ്പിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്ന വാർത്തകളുടെ വ്യാപ്തി നിർണ്ണയാതീതമാണ്. മാത്രമല്ല ഈ പ്രക്രിയയിൽ ആർക്കും പങ്കാളിയാകാം എന്ന നിലയും വന്നു. അതായത് ഇന്ന് വാർത്തകൾ സൃഷ്ടിക്കുന്നതിനും സ്വതന്ത്രമായി പ്രചരിപ്പിക്കുന്നതിനും ഒരു പ്രസിദ്ധീകരണത്തിന്റെ ആവശ്യമേ ഇല്ല എന്ന നില എത്തിയിരിക്കുന്നു. വാർത്തകൾ ലോകവ്യാപകമാക്കുന്നതിന് ആരെയും പ്രാപ്തരാക്കുന്ന സമയത്താണ് ഗൗരവമായ ഒരു മാധ്യമവിചിന്തനം അനിവാര്യമായിരിക്കുന്നത്. വാർത്താമാധ്യമങ്ങളുടെ സ്വതന്ത്ര പ്രചാരണ സാഹചര്യം ഉയർത്തുന്ന സാധ്യതകളും വെല്ലുവിളികളും അപകടങ്ങളും പരക്കെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

ശാസ്ത്ര-സാങ്കേതിക വിദ്യകൾ മനുഷ്യ ക്ഷേമത്തിനും പുരോഗതിക്കും അനിവാര്യമാണ്. എന്നാൽ അവയുടെ ഉപയോഗം ധാർമ്മിക-സാമൂഹ്യ അധിഷ്ഠിത നിയന്ത്രണങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. മനുഷ്യന് അത്യന്തം പ്രയോജനകരമായ അണുശക്തിയെ ഏറ്റവും വിനാശകരമായ അണുബോംബു നിർമ്മാണത്തിനും ഉപയോഗപ്പെടുത്താമെന്ന് നമുക്കെല്ലാം അറിയാം. പാരമ്പര്യ നിദാനമായ ജീനുകൾ സംബന്ധിച്ച് മനുഷ്യൻ കണ്ടുപിടിച്ചിട്ടുള്ള അത്ഭുത വിവരങ്ങൾ ആരോഗ്യ-ചികിത്സാരംഗങ്ങളിൽ മാത്രമല്ല പുതിയ സാധ്യതകൾ തുറന്നിട്ടുള്ളത്. അടിസ്ഥാന ധാർമ്മികതയും സാമൂഹികതയും അവഗണിച്ചുകൊണ്ട് ശാസ്ത്ര സാങ്കേതിക വിദ്യകൾ ദുരുപയോഗപ്പെടുത്തുക എന്നത് ചിന്തിക്കുന്ന മനുഷ്യനെ അലോസരപ്പെടുത്തുകയും ഭാരപ്പെടുത്തുകയും ചെയ്യുന്നു. കാരണം, മനുഷ്യക്ഷേമത്തിന് ഉപയോഗപ്പെടേണ്ട ശാസ്ത്രീയ നേട്ടങ്ങളുടെ ദുരുപയോഗ സാധ്യത തടയാനാവാത്ത സ്ഥിതിയിലെത്തിയിരിക്കുന്നു. മറ്റേതൊരു ശാസ്ത്ര സാങ്കേതിക വിദ്യയുമെന്ന പോലെ മാധ്യമരംഗത്തെ സൗകര്യങ്ങളും ഏറെ ദുരുപയോഗ സാധ്യതകൾ ഉള്ളതാണ്. അതുകൊണ്ട് ധാർമ്മിക-സാമൂഹിക നീതിയുടെ അടിസ്ഥാനത്തിൽ അവയ്ക്കും കർശനമായ നിയന്ത്രണങ്ങൾ

ഉണ്ടാകേണ്ടതാണ്. തീർച്ചയായും പരാശ്രയം കൂടാതെ കാര്യങ്ങൾ അറിയാനും അറിയിക്കാനും ആധുനിക വാർത്താ മാധ്യമങ്ങൾ അവസരം നൽകുന്നു. അപകടമോ, രോഗമോ നിമിത്തം ശാരീരിക ശേഷി നഷ്ടപ്പെട്ട വ്യക്തിക്കു പോലും കേവലം വിരൽ സ്പർശം കൊണ്ട് അറിവിന്റെ ലോകം തുറന്ന് വിജ്ഞാനം നേടാനും പകരാനും സ്വർഗ്ഗാത്മക-ചിത്ര-സാഹിത്യ-കലാ രചനകളിലെല്ലാം ഏർപ്പെടാനും കഴിവു വളർത്താനും പ്രകടിപ്പിക്കുവാനുമെല്ലാം സാധ്യത നൽകുന്നതാണ് ആധുനിക മാധ്യമ രംഗം. എന്നാൽ ഒപ്പം തന്നെ ദുഷ്പ്രചരണത്തിനും അപരനെ അപകീർത്തിപ്പെടുത്തുന്നതിനും വ്യക്തിത്വഹത്യചെയ്യാനും തീവ്രവാദആശയങ്ങൾ, അസന്മാർഗ്ഗിക-ഹിംസാത്മകചരക്കുകൾ നിർബാധം പുറത്തിറക്കാനുമെല്ലാം ആധുനിക വാർത്താമാധ്യമങ്ങൾക്കു കിട്ടിയിരിക്കുന്ന സ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. അതുകൊണ്ട് മാധ്യമ പ്രവർത്തനം സാമൂഹ്യ നിയന്ത്രണത്തിന് വിധേയമാക്കേണ്ടതാണ്. അടുത്ത കാലത്ത് പോലീസിന് വിവര സാങ്കേതിക രംഗത്തെ ഇടപെടൽ സാധ്യത നൽകിയിരുന്ന 66-ാം വകുപ്പ് കോടതി റദ്ദാക്കുകയുണ്ടായി. അഭിപ്രായ സ്വാതന്ത്ര്യത്തിന് വിലങ്ങിടുന്ന ഈ നിയമം ഭരണഘടനാവിരുദ്ധമാണെന്നാണ് കോടതിയുടെ നിരീക്ഷണം. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ പോലീസിനെ ഉപയോഗിച്ച് സത്യസന്ധമായ വാർത്തകൾ പ്രചരിപ്പിക്കുന്നതിനെതിരെ രാഷ്ട്രീയ സ്വാധീനം കൊണ്ടും മറ്റും മനുഷ്യന്റെ അഭിപ്രായ സ്വാതന്ത്ര്യം അടിച്ചമർത്താറുണ്ട്. ഇതു ശരിയായ നടപടിയല്ല. എന്നിരുന്നാലും സ്വതന്ത്രമായി എന്തും പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തിന്റെ മേൽ സാമൂഹ്യ നിയന്ത്രണം ആവശ്യം എന്ന കാര്യം അവഗണിക്കാവുന്നതല്ല. അതായത് മാധ്യമ രംഗത്തെ ആധുനിക നേട്ടങ്ങളും അവയുടെ പ്രായോഗിക സാധ്യതകളും നിഷേധിക്കാതെ തന്നെ അവയുടെ വിവേചനാപൂർവ്വമായ ഉപയോഗം ഉറപ്പുവരുത്തുക എന്നത് പ്രധാന കാര്യമാണ്. അത് സമൂഹത്തിന്റെ ഉത്തരവാദിത്തവുമാണ്. അപകടവും, അക്രമപ്രേരകവും, ഹിംസാത്മകവും, അനാശാസ്യവും, മുറിപ്പെടുത്തുന്നതുമായ വാർത്തകൾ പ്രസിദ്ധീകരിക്കുവാൻ ഇടം നൽകാത്തതും പ്രസിദ്ധീകൃതമായാൽ കാരണക്കാർ ശിക്ഷിക്കപ്പെടുന്നതുമായ സാഹചര്യം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

മാധ്യമരംഗത്തെ സാങ്കേതിക വിദ്യകൾ വഴി ഭരണകൂടങ്ങളെ നിയന്ത്രിക്കുവാനും അവയുടെ വികലമായ നയങ്ങളെയും തീരുമാനങ്ങളെയും മാറ്റുവാനും സാധിക്കുക എന്നത് ചെറിയ കാര്യമല്ല. സമൂഹ മനസ്സ് ഭരണകർത്താക്കളെ അറിയിക്കുവാൻ അവസരമില്ലാത്ത രാജ്യങ്ങളിൽ സാമൂഹ്യമാധ്യമങ്ങളുടെ പങ്ക് നിർണ്ണായകമാണ്. പൊതു സമൂഹത്തിന്റെ പ്രതിഷേധം സർക്കാരിനെ അറിയിക്കുവാൻ ഇവയെക്കാൾ ഫലപ്രദമായ ഉപാധികളില്ല. അടുത്ത കാലത്ത് വിയറ്റ്നാമിലെ ഹാനോയ് നഗരത്തിലെ വൻമരങ്ങൾ എല്ലാം വെട്ടി വില്ക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. ഒടുവിൽ പ്രധാനമന്ത്രി സാമൂഹ്യ മാധ്യമങ്ങളുടെ പ്രതിരോധം അവഗണിക്കാനാവാതെ നടപടികൾ നിറുത്തിവച്ച് സർക്കാർ തീരുമാനം തിരുത്താൻ നിർബന്ധിതനായി. സാമ്പത്തിക കാരണങ്ങളാൽ ഇവയുടെ ഉപയോഗം നിർത്തലാക്കാനും വിയറ്റ്നാം പോലുള്ള രാജ്യങ്ങൾക്കു സാധിക്കുന്നില്ല. രാഷ്ട്രീയ, മത തീവ്രവാദങ്ങൾക്കെതിരെ ശക്തമായ എതിർത്തു നില്പിനും സോഷ്യൽ മീഡിയ ഫലപ്രദമായി പ്രയോജനപ്പെടുന്നുണ്ട്.


തീർച്ചയായും മാധ്യമലോകത്തിലെ സാങ്കേതിക വിദ്യകൾ ഒരു ഉപാധിമാത്രമാണെന്നുള്ളത് ശരിയാണ്. എന്നാൽ അവ തീർത്തും നിഷ്പക്ഷമായാണ് പ്രയോഗിക്കപ്പെടുന്നതെന്ന് പറയാനാവില്ല. കാരണം ആ സാങ്കേതിക വിദ്യകൾതന്നെ മനുഷ്യജീവിതത്തെയും കാഴ്ചപ്പാടുകളെയുമെല്ലാം സ്വാധീനിക്കാറുണ്ട്. മാധ്യമങ്ങളെ കൂടാതെ ജീവിക്കാൻ കഴിയില്ല എന്ന തരത്തിൽ അവയോടുള്ള ആസക്തിയും ആശ്രയത്വവും മനുഷ്യന്റെ സ്വതന്ത്രജീവിതത്തിനെതിരെയുള്ള വെല്ലുവിളിയാണ്. ഒരാഴ്ചത്തേക്ക് അവയെ ഒഴിവാക്കി ജീവിക്കാൻ എത്ര പേർക്ക് കഴിയും? മാധ്യമ ഉപകരണങ്ങൾ തന്നെ മനുഷ്യനിൽ സൃഷ്ടിക്കുന്ന ഒരു ആശ്രയത്വമുണ്ട്. അതുമൂലമുണ്ടാകുന്ന ജീവിത വീക്ഷണവും. ഒരു കാലത്ത് മാസത്തിലൊരിക്കലും ആഴ്ചയിലൊരിക്കലും മറ്റുമാണ് വർത്തമാനപത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നുള്ളു. പിന്നീട് ദിനപ്പത്രങ്ങളായി. ഇന്ന് നിമിഷം തോറും വാർത്തകൾ, മറ്ററിവുകൾ, അറിയിപ്പുകൾ, വിനോദം എന്നിവയെല്ലാം എത്തിച്ചുതരുന്ന വിവിധതരം മാധ്യമങ്ങളുണ്ട്. അവ നമ്മെ പിടിച്ചിരുത്തി അടിമകളാക്കുന്നു. നാം സംസാരിക്കുന്നതു പോലും ഇവയുമായിട്ടാണ്. അവ നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നു. അങ്ങനെ അവ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന ഉപകരണങ്ങളായി മാറുന്നു. മനുഷ്യന്റെ ചിന്തയും ജീവിതവും ഇടപെടലുമെല്ലാം അവയോടുള്ള വിധേയത്വത്തിലാകുന്നു. ഈ അടുപ്പം മനുഷ്യന്റെ ബന്ധങ്ങൾ, ആത്മീക സാമൂഹിക-ധാർമ്മിക ജീവിതം ഇവയെല്ലാം അവഗണിച്ച് കഴിഞ്ഞുകൂടുവാൻ സാഹചര്യമൊരുക്കുന്നു. അതുകൊണ്ട് ഈ ഉപകരണങ്ങളോട് വികാരപരമായ ഒരു അടുപ്പവും ബന്ധവും ഇന്ന് മനുഷ്യനുണ്ട്. അതിനെക്കുറിച്ച് ഒരു വീണ്ടുവിചാരം ജനിപ്പിക്കുന്നതിനുള്ള ശ്രമ

ത്തിന്റെ ഭാഗമായിട്ടാണ് ഓർത്ത ഡോക്സ് സുറിയാനി സഭയുടെ മാനവ ശാക്തീകരണ വകുപ്പ് 'സൈബർ ഫാസ്റ്റ്' എന്ന ആശയം അവതരിപ്പിച്ചതും സഭ അത് പ്രച രിപ്പിക്കുന്നതും. അതായത് മാധ്യമ ങ്ങൾ വഴിയെത്തുന്ന ചരക്കുകൾ മാത്രമല്ല അവ എത്തിക്കുന്ന മാധ്യ മങ്ങൾപോലും നിഷ്പക്ഷ (neutral) മല്ല. അവയുടെ നിരന്തര ഉപയോഗംതന്നെ മനുഷ്യനിൽ അനഭികാമ്യമായ മാറ്റങ്ങൾ, ആ സക്തി ആശ്രയത്വം എന്നിവ യെല്ലാം സൃഷ്ടിക്കുന്നു. വിവേക രഹിതമായ മാധ്യമ ഉപയോഗം മനുഷ്യനെ യന്ത്രസമാനമാക്കി അവനെ അടിസ്ഥാന ധാർമ്മിക-വി കാര-വിചാരങ്ങളിൽ നിന്ന് അന്യ നാക്കുന്നു. ആധുനിക വാർത്താ മാധ്യമങ്ങളുടെ സ്വാധീനത്തിൽ മനു ഷ്യൻ തന്റെ സഹജമായ ജീവിത രീതിയിൽ നിന്ന് വഴി പിരിഞ്ഞ് മാധ്യ മങ്ങൾക്ക് അടിമയായി തന്റെ അടി സ്ഥാന സ്വഭാവങ്ങൾ നഷ്ടമാ ക്കുന്നു എന്ന നിരീക്ഷണം ഗൗരവ മായി എടുക്കേണ്ടതുണ്ട്. അതു കൊണ്ട് അടിസ്ഥാനപരമായി ഒരു തിരിച്ചറിവ് ഈ വിഷയത്തിൽ ഉണ്ടാകേണ്ടത് ആവശ്യമാണ്. അല്ലെങ്കിൽ മനുഷ്യന്റെ സാമൂഹ്യ -കുടുംബ ബന്ധങ്ങൾ, വിശ്വാസ ആത്മീക-ആരാധനാജീവിതം മനു ഷ്യത്വം, ഉദാത്ത വികാരങ്ങൾ എന്നി വയിൽ നിന്നെല്ലാം വഴുതിമാറി അവൻ ശാസ്ത്രസാങ്കേതിക വിദ്യ കൾ രൂപം നൽകുന്ന മാധ്യമ ങ്ങൾക്ക് ഇര (victim) യായിത്തീ രും. അതായത് മാധ്യമം അറി യാനും അറിയിക്കാനുമുള്ള ഉപാധി എന്നതിനുപരി മനുഷ്യന്റെ അതി നോടുള്ള ആസക്തി അവനെ അതിന് അടിമയാക്കുകയും അവ നിലെ കുലീനമായ മാനുഷിക വികാരവിചാരങ്ങൾ നഷ്ടപ്പെടു ത്തുകയും ചെയ്യും. പഴയനിയമ ത്തിൽ വിവരിക്കുന്ന ബാബേൽ സംഭവം ശ്രദ്ധാപൂർവ്വം മനസ്സിലാ ക്കേണ്ടതാണ്. കോട്ടയുടെ നിർമ്മാ ണത്തിനുള്ള ശാസ്ത്ര-സാങ്കേതിക വിദ്യ ദൈവം നൽകിയ ബുദ്ധിയി ലൂടെ മനുഷ്യൻ വികസിപ്പിച്ചെടു ത്താണ്. എന്നാൽ മനുഷ്യൻ ദൈവ ഹിതം അന്വേഷിക്കാതെ ശാസ്ത്ര സാങ്കേതിക വിദ്യകൾക്ക് അടിമപ്പെ ട്ട് ദൈവിക പദ്ധതിക്കും സൃഷ്ടി കർമങ്ങൾക്കും എതിരെ നീക്കം നടത്തുന്നു.ശാസ്ത്രീയ നേട്ടങ്ങ ളായ ഉപകരണങ്ങൾ ഇന്നും വിവേ കപൂർവ്വമല്ലാതെ പ്രയോഗിച്ചു വരു ന്നു. മനുഷ്യൻ ഉപകരണങ്ങൾക്ക് അടിമയാകുമ്പോൾ അവ അവനെ ഭരിക്കുന്നു. അപ്പോൾ സമഗ്ര നാശ ത്തിലേയ്ക്ക് നയിക്കുന്ന സാഹച ര്യമാണ് സംജാതമാകുന്നത്. ഇവിടെ മനുഷ്യനു ലഭിച്ചിരിക്കുന്ന വിവേചനശേഷി ഉപയോഗപ്പെ ടുത്തേണ്ടിയിരിക്കുന്നു. മാധ്യമ ങ്ങൾ സൃഷ്ടിക്കുന്ന പ്രലോഭനവും ഇതേ അപകടമാണുണ്ടാക്കുന്നത്. അതുകൊണ്ട് മാധ്യമലോകത്തെ സങ്കേതങ്ങൾ മനുഷ്യന്റെ സ്വാത ന്ത്ര്യവും തനിമയും നീതിബോധവും ദൈവികപ്രതിച്ഛായയും നഷ്ടമാക ത്തക്കവിധം വിവേകശൂന്യമായി മനുഷ്യൻ ഉപയോഗിക്കുന്നത് അപകടമാണ്. ഇവയുടെ ഉപയോ ഗത്തിൽ എപ്പോഴും പരിധി പാലി ക്കണം. അതായത് ഇവയെ മനു ഷ്യന്റെ നന്മയ്ക്കും പുരോഗത ിക്കും മനുഷ്യനെ സഹായിക്കുന്ന വസ്തുക്കളായി മാത്രം കാണു വാൻ ജാഗ്രത ആവശ്യമാണ്. ഇത് ആധുനിക വാർത്താ മാധ്യമ ഉപാ ധികൾക്കെതിരെയുള്ള വിമർശനമ ല്ല, മറിച്ച്, അവയെ ഉപയോഗിക്കുന്ന മനുഷ്യന്റെ മനോഭാവത്തോടുള്ള വിമർശനമായി മനസ്സിലാക്കുക. കാരണം, മനുഷ്യജീവിതത്തിന് അർത്ഥവും മൂല്യവും നല്കുന്നത് മാധ്യമങ്ങളും അവയുടെ ഉല്പന്ന ങ്ങളുമല്ല. ഈ തിരിച്ചറിവും ജാഗ്ര തയും മനുഷ്യന്റെ ശാസ്ത്ര-സാ ങ്കേതിക വിദ്യകളോടും അവ സൃഷ്ടിക്കുന്ന ഉപകരണങ്ങളോടും അവയിലൂടെ ലഭ്യമാകുന്ന വിവര ങ്ങളോടും പുലർത്തേണ്ടതാണ്.

സസ്നേഹം നിങ്ങളുടെ
**അത്താനാസ്യോസ് തോമസ്**
**മെത്രാപ്പോലീത്ത**



അഭിവന്ദ്യ തിരുമേനിയുടെ ഷഷ്ടബ്ദിപൂർത്തി അനുമോദന സമ്മേളനം
ഡോ. എബ്രാഹം മാർ യൂലിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു





# ഡോ. തോമസ് മാർ അത്താനാസിയോസ്

# സ്ഥിരപ്രജ്ഞനായ സ്നേഹയോഗി

ഡോ. യാക്കോബ് മാർ ഐറേനിയോസ്, മെത്രാപ്പോലീത്ത

മഹാപുരോഹിതശ്രേണിയിൽ സഭാശുശ്രൂഷ നിർവഹിച്ച് കാൽനൂറ്റാണ്ടിന്റെ നിർവൃതിയിലെത്തിയിരിക്കുന്ന ഡോ. തോമസ് മാർ അത്താനാസിയോസ് പിതാവിന് ആദരപൂർവ്വമായ പ്രണാമം.

താരതമ്യേന ചെറുപ്രായത്തിൽ എപ്പിസ്ക്കോപ്പൽ സ്ഥാനത്തേക്കു നിയോഗിക്കപ്പെടുന്നത് നല്ലതായിരിക്കാം. എങ്കിലും 'പക്വത' എത്തിയോ എന്നായിരിക്കും ജനത്തിന്റെ സന്ദേഹം. പരി. പരുമല തിരുമേനിയുൾപ്പെടെ ഏതാനും പിതാക്കന്മാർ ചെറുപ്രായത്തിൽത്തന്നെ മഹാപുരോഹിതസ്ഥാനം പുൽകിയവരാണല്ലോ. 'പക്വത' എന്നത് ബുദ്ധിവൈഭവം, പഠനാനുഭവങ്ങൾ മുതലായവ വഴി ആർജ്ജിക്കുന്നതും ദൈവദത്തവുമായിരിക്കും. ചിലർ പ്രായമേറെച്ചെന്നാലും 'പക്വത' നേടാത്തവരുമാകാം! ഈ വിഷയത്തിൽ ജൂബിലേറിയനായ പിതാവ് 'കുബേരൻ' തന്നെയാണ്. ഒട്ടനവധി സംഘർഷനിർഭരമായ സാഹചര്യങ്ങളെ അതിജീവിച്ച് യാത്ര തുടരുന്നതും ഇപ്പോഴും സംഘർഷങ്ങൾക്ക് പൂർണ്ണവിരാമം വന്നിട്ടില്ലാത്തതും പറഞ്ഞുതരുന്ന കഥ ഒന്നുതന്നെ. നമ്മുടെ കഥാനായകന് അറിവിലും ആത്മീയതയിലുമൂന്നിയ നൽവരമായ പക്വത വേണ്ടുവോളം കൈവന്നിട്ടുണ്ട്. "Too much of suffering makes a stone of the heart" എന്നാണല്ലോ കവിവാക്യം. ഇരുത്തം വന്ന പക്വതക്ക് ഒരു മറുവാക്കാണ് മലങ്കര സഭയുട പരിണിതപ്രജ്ഞനും പ്രവാചകശബ്ദവുമായ മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത.

പൗരോഹിത്യ പാരമ്പര്യമുള്ള ഒരു നസ്രാണി കുടുംബത്തിൽ പിറന്ന ഈ പിതാവ്, അറിവുവച്ച നാൾമുതൽ പരിചയിച്ച സാഹചര്യങ്ങളിൽ നിന്നും, പാരമ്പര്യങ്ങളിൽ നിന്നും മാറി നടക്കാനായിരുന്നു ദൈവനിയോഗം. നൈസർഗ്ഗികമായി കൈമുതലായുള്ള അന്വേഷണബുദ്ധി, സ്വാതന്ത്ര്യേച്ഛ, സഭാചരിത്രത്തിന്റെ വിമർശനാത്മകമായ വിശകലനം എന്നിവയിൽ നിന്നു രൂപപ്പെട്ടുവന്ന 'ജ്ഞാനോദയ'മാണ് 1995 ൽ സുപ്രീം കോടതി നിശ്ചയങ്ങളുടെ അന്തഃസത്തക്കു നിരക്കുന്ന രീതിയിൽ സ്വതന്ത്രമായും നിർഭയമായും ചില ശക്തമായ നിലപാടുകൾ സ്വീകരിക്കാൻ അദ്ദേഹത്തെ പ്രചോദിപ്പിച്ചതെന്നു തോന്നുന്നു. കൂടെ വരേണ്ടിയിരുന്നവരും, വന്നവരും, വന്നുകൊണ്ടിരുന്നവരുമായുള്ള യാത്രയിൽ ഏതാനും സഹയാത്രികർ പിന്തിരിഞ്ഞുപോയിട്ടും, ഭഗ്നാശനായി പുറകോട്ടുനോക്കാൻ മെനക്കെടാതെ, സൂര്യോദയ

ദിക്കിനെ നോക്കി 'ഏകദൃഷ്ടി 'യോടെ ധീരമായി മുമ്പോട്ടുപോകാൻ കാട്ടിയ ആർജ്ജവമാണ് അദ്ദേഹത്തെ (മറ്റ് ഏതാനും പേരോടൊപ്പം) വ്യതിരിക്തനാക്കുന്നത്. ഈ സാഹസത്തിൽ പൂർവ്വസൂരിയായി ഒരു മുൻഗാമി-ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത-വഴികാട്ടിയായിത്തീർന്നു എന്നുവേണം കരുതുവാൻ. എങ്കിലും കണ്ടനാട് മെത്രാസനത്തിൽ തന്റെ പ്രശസ്തനും വിനയാന്വിതനുമായ മുൻഗാമിയെപ്പോലെ മുതുകിൽ പ്രഹരമേറ്റ് 'ജീവിക്കുന്ന രക്തസാക്ഷി'യാകാൻ മാർ അത്താനാസിയോസ് പിതാവിന് ഇടയായില്ല എന്നത് സമകാലീന ചരിത്രം! സംഘർഷ നിർഭരമായ സാഹചര്യങ്ങളിൽ അസാധാരണ സംയമനവും ദൈവാശ്രയവും പ്രകടമാക്കുന്ന ഈ പിതാവ് അക്കാര്യങ്ങളിൽ ഒരു അനുകരണീയ മാതൃക തന്നെയാണ്.

സഭാപരവും സാമൂഹ്യവുമായ സംഗതികൾ സൂഷ്മമായി നിരീക്ഷിച്ച് വിശകലനം നടത്തുവാനും നിഗമനങ്ങളിലെത്താനും ലളിതമനോഹരമായ ഭാഷയിൽ, വ്യക്തമായി കാര്യങ്ങൾ അവതരിപ്പിക്കാനും അദ്ദേഹത്തിനു ത്രാണിയുണ്ട്. കാൽ നൂറ്റാണ്ടുകാലത്തെ മഹാപുരോഹിത ശുശ്രൂഷയിലെ വൈവിധ്യമാർന്നതും ആത്മനൊമ്പരത്തിന്റെ നിറമുള്ളതുമായ നാനാനുഭവങ്ങളെപ്പറ്റി ആത്മാർത്ഥമായി 'ഡയോസിഷൻ ബുള്ളറ്റിനിൽ' അദ്ദേഹം കുറിച്ച ലേഖനങ്ങൾ ഒരു തരത്തിൽ 'ക്ലാസ്സിക്കുക'ളാണ്. സഭയിലും സമൂഹത്തിലും കാലാകാലങ്ങളിൽ മുളച്ചുപൊന്തുന്ന ആശയങ്ങളെയും പ്രസ്ഥാനങ്ങളെയും വിശകലനം ചെയ്ത് പക്ഷഭേദമന്യേ നിർഭയമായും കാര്യമാത്രപ്രസക്തമായും എഴുതാനുള്ള വൈഭവവും നിപുണിയും അദ്ദേഹത്തിനു വശമാണ്. ചുരുക്കി പറഞ്ഞാൽ ഏതു വിഷയവും അദ്ദേഹത്തിന്റെ സർഗ്ഗശക്തിനിറഞ്ഞ തൂലികക്കു വഴങ്ങും. കാമ്പുള്ള ഈ ലേഖനങ്ങൾ ഒന്നു 'ചുരണ്ടി'യാൽ പരന്ന വായനും ഋജുവായ മനനവും സന്യാസിയുടെ നിർമ്മമതയും വ്യത്യാസങ്ങളെ ഉൾക്കൊള്ളുവാനുള്ള ഹൃദയവിശാലതയും പ്രകടമാക്കുന്ന ഒരു സുന്ദരവ്യക്തിത്വത്തെ കാണാം. ഇത്തരം വാങ്മയ കൃതികൾക്കും അവയുടെ ഉടമയ്ക്കും വിമർശകർ ഉണ്ടായിട്ടുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. എന്നാൽ അവരുടെ നേരെ അനാവശ്യമായി പ്രതികരിച്ച് സമയം നഷ്ടപ്പെടുത്താനും രംഗം വഷളാക്കാനും അദ്ദേഹം തുനിഞ്ഞുകണ്ടിട്ടില്ല. അർത്ഥഗർഭമായ 'ഗംഭീരമൗന'ത്തോടെ അത്തരം 'മുള്'കളെ അവഗണിക്കുകയാണ് പതിവ്.


മൂവാറ്റുപുഴ നഗരസഭയുടെ ആദരം

ഒരു 'no-nonsense' മനോഭാവം അദ്ദേഹത്തിന്റെ പെരുമാറ്റത്തിലും പ്രതികരണങ്ങളിലും ദർശിക്കാനാവും. നിശ്ചിതവും മാന്യവുമായ നിലവാരത്തിൽ നിന്നും താഴാൻ അദ്ദേഹം തയ്യാറല്ലതന്നെ. ഉത്തമബോദ്ധ്യമുള്ള സംഗതികളെപ്പറ്റി മറ്റുള്ളവർ മറിച്ചുചിന്തിച്ചാലും അദ്ദേഹം സ്വന്തം നിലപാടിൽ നിന്ന് അത്രവേഗം വ്യതിചലിക്കുകയില്ല; കാര്യങ്ങൾ ശക്തമായി അവതരിപ്പിക്കുകതന്നെ ചെയ്യും. എതിർപ്പുകളുടെ അളവു വർദ്ധിച്ചാൽ കഴിയുമെങ്കിൽ അവിടെനിന്ന് നിഷ്ക്രമിക്കുകയും ചെയ്തേക്കാം. 'വഴക്കിന് നിൽക്കില്ല' എന്ന് സാരം. ഒരു പ്രൗഢവ്യക്തിത്വം (mature personality) ത്തിന്റെ ഘടകങ്ങളിലൊന്നാണിത്. ദൃഢമായ വ്യക്തിത്വത്തിന്റെ നായകനെങ്കിലും സ്നേഹവും വിനയവും പ്രായത്തെ കവിയുന്ന രീതിയിൽ അദ്ദേഹത്തിൽ പ്രകടമാണ്. ഈശ്വരനെപ്പറ്റി "ഒരിക്കലും കോപിക്കാത്തവനും കൃപയോടെ അകൃത്യങ്ങളെയെല്ലാം വഹിക്കുന്നവനും" എന്ന് രഹസ്യപ്രാർത്ഥനകൾ വർണ്ണിക്കുന്നു. അഗാധമായ ആശാന്തതയുടെ പൊരുൾ ഗ്രഹിച്ച ആളാണ് ഡോ. തോമസ് മാർ അത്താനാസിയോസ്.

ഈ പിതാവിന്റെ നേതൃത്വത്തിൽ കിഴക്കൻ കണ്ടനാട് മെത്രാസനം കൈവരിച്ചിട്ടുള്ള വളർച്ചയും വികാസവും സർവ്വഥാ ശ്ലാഘനീയമാണ്. മെത്രാസനത്തിന് സാമ്പത്തിക ഭദ്രത കൈവരുത്തുവാനുള്ള നടപടികൾ, മൂവാറ്റുപുഴ അരമനയോടുചേർന്നുള്ള ആസ്ഥാന ദേവാലയ നിർമ്മാണം എന്നിവ എടുത്തുപറയേണ്ട നേട്ടങ്ങളാണ്.

ആഹാരരീതി, വസ്ത്രധാരണരീതി, സംഭാഷണശൈലി ഇവയിലെല്ലാം ലാളിത്യവും മിതത്വവും പുലർത്തുന്ന ഈ പിതാവ് അനേകർക്കും മാതൃകയാണ്. ആധുനിക തലമുറക്ക് ആത്മീകവും ബൗദ്ധികവുമായ സുധീര നേതൃത്വം നൽകാൻ ത്രാണിയുള്ള ആളാണ് അദ്ദേഹം. മാർ അത്താനാസിയോസ് പിതാവ് ദീർഘായുഷ്മാനായി സഭയെയും സഭാനാഥനെയും സേവിക്കുവാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

മാർ അത്താനാസിയോസ് പിതാവിന് കൊച്ചി മെത്രാസനത്തിലെ വൈദീകരുടെയും ജനങ്ങളുടെയും സ്നേഹാഭിവാദനങ്ങൾ!!!



# Dr. Thomas Mar Athanasius - a Jewel among the Bishops

**Prof. Rev. K. C. Mathew**

His Grace Dr. Thomas Mar Athansius completed 25 years of episcopal ministry under God's providence on 3'" May 2015. This ministry was not his choice but God's choice for him. This calling by God enabled Thirumeni to face all situations calmly and cheerfully and to give the right leadership to the church and to the activities he was called to perform. His Grace is a remarkable individual and anyone who interacted with him over the years could not help but be struck by his personality. His Grace is an intellectual in the true sense, interested in Ideas and has a fine critical mind. His Grace is an idealist and a true Christian throughout his life having no time for trivial things. His life continues to inspire many.

I had the opportunity to associate with him during the earlier part of his episcopal ministry as the President of the Kerala Council of Churches. His leadership was remarkable and served as the President for two terms. The K.C.C. could work most effectively during the presidentship of His Grace. The K.CC was a rallying point for different churches and christian organizations during this period.

The Mundakappadam Mandirams Society at Manganam, Kottayam find a good friend in His Grace. The Society was provided with young graduates with a sense of dedication to serve as Wardens in the Agathimandiram. Some of them later went for Theological studies and are serving as priests tn the churches. At least one

among such wardens, Mr. K. V. Regi, sent by Thirumeni decided to serve the Agathimandiram for life. He and his family stay with the destitutes and are rendering very valuable service. Thirumeni was always available for consultation and help.

His Grace is an embodiment of personal discipline and humility, a shining jewel among the bishops of the land. His life speaks louder than his words and continues to be an inspiration for many. I could discover that he is equally at home with the very young, the youth, the middle aged and the elderly.

His Grace had to take many important decisions in life especially related to the church. He earnestly desired a unity in the Orthodox-Jacobite Churches. At a time when such a unity was possible without much complication His Grace along with a few Bishops decided for the unity of the two factions. Unfortunately for the church and Christian community in Kerala that effort did not bring fruit. But His Grace stood by the decision he took, even though he had to face many difficulties. He could courageously hold on to the decision he took after much thought and prayers. It was a sacrificial decision. God gave all the grace needed to hold on to the decision. It is His Grace's deep felt desire that the disunity in this ancient church should give way to unity for more effective Christian witness in India and abroad. His Grace is honest and straight forward. It is difficult for him to relate to people who live in pretensions. Often their stories are so exaggerated that one finds it difficult to swift through the fictions and reach the fact

It is God who gave life to each Individual. It is God who has blessed each with different talents and God has a plan for each Individual. Each one may have his own plans for life. But God's plans are always the best. The success of one's life depends on whether you are at the place where God wants you to be and doing things which God wants you to do. We all are created to bring glory to God. His Grace Thomas Mar Athanasius is at the place where God wants him to be and His Grace is used by God for His glory. There are many more years for His Grace Thomas Mar Athanasius to work as God desires.

I am sure God will continue to use this genuine, gracious, intellectual and humble servant for God's glory. I humbly pray for continued blessings of God on H.G.Thomas Mar Athanasius, Let God continue to use His Grace for the unity of the churches and greater witness to the world at large.



# കരിസ്മയുടെ ആൾരൂപം



ഡോ. ഡി. ബാബുപോൾ

**ഡോ.** തോമസ് മാർ അത്താനാസിയോസ് തിരുമേനി മെത്രാനായിട്ട് കാൽനൂറ്റാണ്ട് തികയുന്ന ഈ വേളയിൽ തിരുമേനിയെ തെരഞ്ഞെടുത്ത ദൈവത്ത സ്തുതിക്കുകയും തിരുമേനിയെ കണ്ടെത്തിയ ശ്രേഷ്ഠബാവാ പൗലോസ് ദ്വിതീയന്റെ സ്മരണയെ നമസ്കരിക്കുകയും ചെയ്തുകൊള്ളട്ടെ.

പാലക്കുന്നത്തെ വലിയ മാർ അത്താനാസിയോസിനെ പോലെ ശെമ്മാശനായിരുന്നപ്പോൾ എപ്പിസ്ക്കോപ്പൽ സ്ഥാനത്തേക്ക് വിളിക്കപ്പെട്ടയാളാണ് തിരുമേനി. പാലക്കുന്നത്തെ തിരുമേനി ശെമ്മാശനായിരിക്കെ കത്തനാരാണെന്ന് പാത്രിയർക്കീസിനെ തെറ്റിദ്ധരിപ്പിച്ചു എന്നൊരു കഥ പലരും പറയാറുണ്ട്. ഈയിടെ ഒരു കത്തനാർ ഒരു പെരുന്നാൾ പ്രസംഗത്തിൽ ഇക്കഥ ആവർത്തിച്ചത് ആഗോളവലയത്തിൽ കിടന്നുകറങ്ങുന്നുണ്ട്. നമ്മുടെ സഭാവഴക്കിന്റെ ഏറ്റവും വലിയ ദോഷം ഇത്തരം പ്രതിസാക്ഷ്യങ്ങളാണ്. സത്യം ആ കാപ്പധാരി പറഞ്ഞതല്ല.

ഏലിയാസ് ദ്വിതീയൻ ബാവാ ദയറാക്കാരുടെയും ശെമ്മാശന്മാരുടെയും പേരുകൾ മെത്രാൻസ്ഥാനത്തേക്ക് നിർദ്ദേശിക്കാൻ കൽപിച്ചിരുന്നു. ശെമ്മാശൻ എന്ന് പറഞ്ഞപ്പോൾ ശർവോയൊ റമ്പാന്മാരെയാവാം ഉദ്ദേശിച്ചിരുന്നത്. ചേപ്പാട്ടുതിരുമേനി അങ്ങനെ ഒരു പട്ടിക അയക്കുകയും ചെയ്തു. അതിൽ മാത്യൂസ് ശെമ്മാശന്റെ പേരും ഉണ്ടായിരുന്നു താനും. ശെമ്മാശൻ എന്നത് പോരായ്മയാണ് എന്ന് ശങ്കിച്ച് തിരുമേനി പത്ത്വൈദികരടക്കം പത്തൊൻപത് പേർ ഒപ്പിട്ട ഒരു ഹർജി 30.03.1840 എന്ന തീയതി വച്ച് 1841 ൽ സിംഹാസനത്തിലേക്ക് പ്രത്യേകം അയച്ചു. ആ കത്തിൽ ശെമ്മാശൻ എന്നതിന് പകരം കശ്ശീശാ എന്ന് എഴുതിയതായി ഇ. എം. ഫിലിപ്പ് ഹെൻട്രി ബെക്കറിന് അയച്ച ഒരു കത്തിൽ ആരോപിച്ചിട്ടുണ്ട് എന്ന് മാത്രം. ഏതായാലും പാത്രിയർക്കീസ് ശെമ്മാശപട്ടം മുതൽ വീണ്ടും കൊടുക്കുകയാണ് ഉണ്ടായത്. അതുകൊണ്ട് പത്രോസ് നാലാമൻ എന്തോ പറഞ്ഞു എന്നതിന്റെ പേരിൽ പാലക്കുന്നത്ത് തിരുമേനിയെ ചീത്ത വിളിച്ചിട്ട് കാര്യമില്ല. കൊച്ചപ്പൻ ഒരു കളികളിച്ചു എന്നും അനന്തരവൻ ആ പാട്ട് ഏറ്റുപാടി എന്നും സമ്മതിച്ചാൽ പോലും ഒന്നാംഘട്ടം മുതൽ ഏലിയാസ് രണ്ടാംഘട്ടം പുതുതായി കൊടുത്തതിനാൽ കിട്ടിയ പട്ടത്തിന് കുറവില്ല എന്നത് മറന്നുകൂടാ.

അതിരിക്കട്ടെ ശെമ്മാശൻ ആയിരുന്നപ്പോൾ തന്നെ മെത്രാൻ സ്ഥാനത്തേക്ക് നിയുക്തനായി എന്ന് കുറിച്ചപ്പോൾ ഇന്നലെ യൂട്യൂബിൽ കണ്ട ഒരു കാര്യം ഓർത്തുപോയി എന്നുമാത്രം. ശെമ്മാശന്മാരെ ഇങ്ങനെ തെരഞ്ഞെടുക്കുന്നത് അസാധാരണമൊന്നുമല്ല, അതിസാധാരണം എന്ന് പറഞ്ഞുകൂടെങ്കിലും ക്നാനായ ഭദ്രാസനാദ്ധ്യക്ഷനായി നിർദ്ദേശിക്കപ്പെട്ടപ്പോൾ കെ. എം. സൈമണും തെക്കൻ ഭദ്രാസനങ്ങൾക്കായി നിർദ്ദേശഇക്കപ്പെട്ടപ്പോൾ അറപ്പുരയ്ക്കൽ ജോണും ശെമ്മാശന്മാരായിരുന്നു എന്നത് ഇപ്പോൾ ജീവിച്ചിരിക്കുന്ന എഴുപതിലേറെ പ്രായം ഉള്ളവർ ഓർക്കുന്നുണ്ടാവും. അതുകൊണ്ട് അത്താനാസിയോസ് തിരുമേനിയെ തെരഞ്ഞെടുത്തപ്പോൾ ശെമ്മാശനായിരുന്നു എന്നത് പോരായ്മയല്ല. മറിച്ച് അതൊരു വലിയ അംഗീകാരം ആയിരുന്നു എന്നാണ് ഗ്രഹിക്കേണ്ടത്. ആലുവായിലെ കെ.സി. ചാക്കോയെ മെത്രാനായും പോൾ വർഗ്ഗീസിനെ കാതോലിക്കാ ആയും ഒക്കെ ചിലരെങ്കിലും നിർദ്ദേശിച്ചത് പോലെ ഒരു പത്മവിഭൂഷൺ!!!

പാശ്ചാത്യസർവ്വകലാശാലകളിലെ ഔപചാരിക വിദ്യാഭ്യാസം ലഭിച്ച ആദ്യമെത്രാൻ പൗലോസ് ഗ്രീഗോറിയോസ് ആയിരുന്നു. പാത്രിയർക്കീസ് വിഭാഗത്തിൽ അത്താനാസിയോസ് തിരുമേനിയും. ജർമ്മൻരീതി ശാസ്ത്രം അദ്ധ്യയനത്തിന്റെ ഭാഗമായി സ്വാംശീകരിച്ചതിന്റെ ഗുണവും ദോഷവും തിരുമേനിക്ക് ഉണ്ട് താനും.

അത്താനാസിയോസ് തിരുമേനിയുടെ മസ്തിഷ്കസിദ്ധിക്ക് എന്റെ സാക്ഷ്യം ആവശ്യമില്ല. തൂമ്പായെ തൂമ്പാ എന്ന് വിളിക്കാൻ തിരുമേനിക്കുള്ള ചങ്കുറ്റവും എന്റെ സത്യവാങ്മൂലംകൊണ്ട് സ്ഥാപിക്കേണ്ടതല്ല. തൂമ്പാ എന്ന് തിരുമേനി സങ്കൽപിക്കുന്നതിനെയും കയറി തൂമ്പാ എന്ന് വിളിച്ചുകളയും എന്ന് കൂട്ടിച്ചേർക്കാതിരിക്കാൻ എനിക്ക് ഒട്ടുകഴിയുകയുമില്ല.

തിരുമേനിയും ഞാനും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ചില കാര്യങ്ങളിൽ അവ നിലനിർത്തുന്നു

മുണ്ട്. എന്നാൽ തിരുമേനിക്ക് സ്വന്തമായ ചില പരിപ്രേഷ്യങ്ങളുണ്ട് എന്നതും തിരുമേനിയുടെ മനഃസാക്ഷിയോട് നീതി പുലർത്തുന്നുണ്ട് എന്നതും തിരിച്ചറിയുമെങ്കിൽ ആ അഭിപ്രായവ്യത്യാസങ്ങൾ നിസ്സാരമാണ് എന്ന് കാണാൻ കഴിയും. തിരുമേനിയുമായുള്ള വ്യക്തിബന്ധത്തെ അതൊന്നും ബാധിക്കാതിരിക്കുന്നതിന്റെ കാരണവും മറ്റൊന്നുമല്ല.

നമ്മുടെ ഭദ്രാസനങ്ങൾ പ്രായേണ അദ്ധ്യക്ഷന്മാരിൽ നിന്ന് സ്വതന്ത്രമായി തന്നെ അസ്തിത്വം നിർവ്വചിക്കാൻ പോന്നവയാണ്. ശ്രേഷ്ഠബാവായെ പോലെ അസാമാന്യനൈപുണ്യം അടയാളപ്പെടുത്തുന്ന ഒരു വ്യക്തി മാറിയാലും അങ്കമാലി ഭദ്രാസനം നിലനിൽക്കും. അങ്ങനെ അല്ലാത്ത ഒരൊറ്റ ഭദ്രാസനമേ മലങ്കരയിൽ ഉള്ളൂ എന്നാണ് എന്റെ പക്ഷം. അത് കണ്ടനാട് ഈസ്റ്റ് ആണ്. തിരുമേനിയുടെ ശ്വാസമാണ് ആ ഭദ്രാസനത്തിന്റെ ബലം. ഈ പ്രതിഭാസത്തെയാണ് മാക്സ് വെബർ കരിസ്മാറ്റിക് ലീഡർഷിപ്പ് എന്ന് വിളിച്ചത്.

അത്താനാസിയോസ് തിരുമേനിയുടെ മസ്തികഷ്കബലവും കരിസ്മയും ഒപ്പം തെളിയിക്കുന്ന ഒന്നാണ് തിരുമേനിയുടെ കർമ്മപഥത്തിൽ നാം കാണുന്ന സ്ഥാപനങ്ങൾ. ശ്രീയേശുവിന്റെ സ്വർഗ്ഗാരോഹണം കഴിഞ്ഞതിനുശേഷം ഉരുത്തിരിഞ്ഞവയാണ് വേദപുസ്തകവും, വേദശാസ്ത്രവും, സഭാഘടനയും. എന്നാൽ മനുഷ്യാവതാര കാലത്ത് തെളിഞ്ഞ മൂല്യങ്ങളാണ് ശ്രീയേശുവിനെ നിർവ്വചിക്കുന്നത്. ആ മൂല്യങ്ങളുടെ കാലികാവിഷ്കാരമാണ് കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ സ്ഥാപനങ്ങളിൽ ഞാൻ കാണുന്നത്. മറ്റ് ഭദ്രാസനങ്ങൾക്ക് ഇത് മാതൃകയാവണം എന്ന് ഞാൻ പറയുന്നില്ല. എന്തുകൊണ്ടെന്നാൽ അവിടെയൊന്നും ഒരു അത്താനാസിയോസ് തിരുമേനി ഇല്ല. വെബർ വിവരിച്ച കരിസ്മ മൂവാറ്റുപുഴ അരമനയിൽ ചെന്നാൽ കാണാം എന്ന് പറഞ്ഞുനിർത്താം.

ശ്ലീഹന്മാരിൽ ഒന്നാമനായ പത്രോസ് ഇങ്ങനെ രേഖപ്പെടുത്തിയത് നാം വേദപുസ്തകത്തിൽ വായിക്കുന്നു. "നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിന് ഹിതമാംവണ്ണം മനഃപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല ആട്ടിൻകൂട്ടത്തിന് മാതൃകകളായിത്തീർന്നുകൊണ്ടും അദ്ധ്യക്ഷത ചെയ്യുവിൻ." അത്താനാസിയോസ് തിരുമേനിയിൽ ഈ ശ്ലൈഹികസങ്കൽപം സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. തിരുമേനി എന്നെ പരിഹസിച്ചിട്ടുണ്ട്. ഞാൻ തിരുമേനിയെ അധിക്ഷേപിച്ചിട്ടുമുണ്ട്. അതൊക്കെ വേറെ. ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കുവാൻ തിരുമേനി യോഗ്യനാണ് എന്ന് എന്റെ ഭൗതികചക്ഷസ്സുകൾ കാണുന്നു എന്നതാണ് പരമമായ യാഥാർത്ഥ്യം. ദൈവം തമ്പുരാനും തിരുമേനിയെ അങ്ങനെതന്നെ കാണട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. തിരുമേനിയും ഞാനും ഇപ്പോൾ സഭയിലെ ഭിന്നധ്രുവങ്ങളിലാണ്. എങ്കിലും ഏത് ധ്രുവത്തിൽ നിന്ന് നോക്കുന്നവരും തിരുമേനിയെ മാർഗ്ഗദർശകമായ ധ്രുവനക്ഷത്രമായി കാണും എന്നതിൽ എനിക്ക് സംശയം ലേശവും ഇല്ല. അതിനോട് യോജിക്കാത്തവരുണ്ടാകും എന്നറിയാതെയല്ല ഇത് കുറിക്കുന്നത്.

'വിദ്വാനേവ വിജാനാതി
വിദ്വജ്ജന പരിശ്രമം,
നഹിവന്ധ്യാ വിജാനാതി
ഗർവ്വീം പ്രസവവേദനാം.'



**നീതിസമൂഹം ചില ക്രൈസ്തവ പ്രതികരണങ്ങൾ എന്ന പുസ്തകത്തിന്റെ പ്രകാശനം പ്രമുഖ ഗാന്ധിയൻ ശ്രീ. പി ഗോപിനാഥൻ നായർ നിർവ്വഹിക്കുന്നു**



# സമൃഗ്ദർശനത്തിന്റെ കാൽപാടുകൾ



പ്രൊഫ. ഡോ. എം. പി. മത്തായി

**കാ**ലം പ്രവഹിച്ചുകൊണ്ടേയിരിക്കും; ആർക്കും അതു തടയാനാവില്ല. കാലത്തിന്റെ ഈ അപ്രതിഹത പ്രവാഹത്തിൽപ്പെട്ട് നിസ്സഹായരായി ഒഴുകുന്ന മനുഷ്യരുണ്ട്. ജീവിതപ്പാതയിൽ തങ്ങളുടേതായ അടയാളങ്ങളൊന്നും പതിപ്പിക്കാതെ കാലാന്ത്യത്തിൽ അവർ കാലയവനികയ്ക്കു പിന്നിൽ മറഞ്ഞ് അപ്രത്യക്ഷരാവും. എന്നാൽ കാലപ്രവാഹത്തിൽ പൊങ്ങുതടിപോലെ ഒഴുകുന്നതിനു പകരം ബോധപൂർവ്വം, ഉദ്ദേശ്യപൂർവ്വം, ലക്ഷ്യബോധത്തോടെ ജീവിക്കുന്ന മനുഷ്യരുണ്ട്. കവി പറഞ്ഞതുപോലെ കാലമാം മണൽപ്പാതയിൽ നിത്യമായ് കാലടികൾപതിപ്പിച്ച് മുന്നേറുന്നവരും വേർപെടുന്നവരുമാണ് അവർ. നാം ആഹ്ലാദത്തോടും, അഭിമാനത്തോടും അക്രൈസ്തവമാണെങ്കിലും തെല്ലൊരഹങ്കാരത്തോടും കൂടി പൗരോഹിത്യജൂബിലി ആഘോഷിക്കുന്ന ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്ത ഈ ഗണത്തിൽപ്പെടുന്ന ജീവിതത്തിനുടമയാണ്. ലക്ഷ്യബോധത്തോട് കൂടിയ ജീവതം; ഏർപ്പെട്ട ഓരോ കർമ്മരംഗത്തും തന്റെ വ്യക്തിത്വം ആഴത്തിൽ അടയാളപ്പെടുത്തിയ കർമ്മയോഗി. ഒരു സമഗ്രദർശനത്തിന്റെ അടിസ്ഥാനത്തിൽ സാർത്ഥകജീവിതം നയിക്കുന്ന ശ്രേഷ്ഠ ഇടയൻ.

അപ്രതീകമായ കാലത്തെ ഘട്ടങ്ങളായി ഖണ്ഡിച്ച് കള്ളുകളിലാക്കാൻ നാം ശ്രമിക്കാറുണ്ട്. അങ്ങനെ നാം ആഴ്ചകളും, മാസങ്ങളും, വർഷങ്ങളും, ദശാബ്ദങ്ങളും, ശതാബ്ദങ്ങളുമൊക്കെ കണക്കാക്കി തിട്ടപ്പെടുത്തി. ഈ കാലഘട്ടവിഭജനത്തിൽ ജൂബിലി വർഷങ്ങളും നാം ഉൾപ്പെടുത്തി. ജൂബിലി വർഷങ്ങൾക്ക് വിലപിടിപ്പുള്ള ലോഹങ്ങളുടെയും രത്നങ്ങളുടെയും പേരിട്ട് അവയുടെ മൂല്യസൂചന നൽകാൻ ശ്രമിച്ചു. വാസ്തവത്തിൽ ജൂബിലികളുടെ പ്രസക്തി എന്താണ്? കഴിഞ്ഞ കാലത്തെ വിലയിരുത്തുക; നേട്ടങ്ങളും, കോട്ടങ്ങളും തിരിച്ചറിയുക; പുത്തൻതീരുമാനങ്ങൾ എടുക്കുക; കൂടുതൽ വ്യക്തതയോടും, കരുത്തോടും, കരുതലോടും കൂടി മുന്നേറാൻ തീരുമാനിക്കുക. ഇവയൊക്കെ സംഭവിക്കുമ്പോൾ മാത്രമാണ് ജൂബിലികൾ സാർത്ഥകമാകുന്നത്.

നമ്മുടെ അത്താനാസിയോസ് തിരുമേനിയുടെ ജീവിതത്തിലേക്ക് വരാം നമുക്ക്. തിരുമേനിയുടെ ജീവിതത്തെ മൂന്നുതലത്തിൽ നോക്കിക്കാണാനാണ് ഞാൻ ശ്രമിക്കുന്നത്. ഒന്ന്: അദ്ദേഹത്തിന്റെ വ്യക്തി (സ്വകാര്യ) ജീവിതം, രണ്ട്: അദ്ദേഹത്തിന്റെ ചിന്താജീവിതം, മൂന്ന്: അദ്ദേഹത്തിന്റെ സഭാ-ശുശ്രൂഷാജീവിതം. ഇപ്രകാരം വ്യവച്ഛേദിച്ച് സമീപിക്കുന്നതുകൊണ്ട് ഈ മൂന്നുതലങ്ങളും പരസ്പര ബന്ധമില്ലാത്ത സ്വയം ശാസിതമേഖലകളാണെന്ന സൂചന ഒട്ടുമില്ലെന്നു വ്യക്തമാക്കിക്കൊള്ളട്ടെ. മാത്രമല്ല ഈ മൂന്നുതലങ്ങളും വേർപെടുത്താനാവാത്തവിധം ഇഴചേർന്ന് നിൽകുന്നവയുമാണ് താനും. ഈ അവിന്ഛിന്നത കാത്തു സംരക്ഷിക്കുന്നതാണ് വാസ്തവത്തിൽ തിരുമേനിയുടെ ജീവിതത്തെ മഹത്തരമാക്കുന്നത്.

തിരുമേനിയുടെ വ്യക്തിജീവിതത്തെ ശ്രേഷ്ഠമാക്കുന്ന മൂന്ന് സവിശേഷതകളായി ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുന്നത് അദ്ദേഹം വ്രതിഷ്ടയോടെ പാലിച്ചുപോരുന്ന ലാളിത്യം, സൗമ്യത, ഹൃദയനൈർമ്മല്യം എന്നിവയാണ്. വേഷം ആഹാരക്രമം, നടത്തം, പെരുമാറ്റം, സംഭാഷണം ഇവയിലെല്ലാം മേൽസൂചിപ്പിച്ച മൂല്യങ്ങൾ സ്വയം പ്രകാശിതമാകുന്നത് നമുക്ക് കണ്ടറിയാനാവും. പുരോഹിതന്മാരിൽ പൊതുവിലും മഹാപുരോഹിതന്മാരിൽ പ്രത്യേകിച്ചും കണ്ടുവരാറുള്ള അധികാരഗർവ്വ് നമ്മുടെ തിരുമേനിയെ തൊട്ടുതീണ്ടിയിട്ടില്ല എന്നുള്ളത് അദ്ദേഹവുമായി ഇടപെടേണ്ടി വന്നിട്ടുള്ള ഏവർക്കും- പ്രത്യേകിച്ച് അതിസാധാരണക്കാർക്ക് അനുഭവപ്പെട്ടിട്ടുണ്ടാവും എന്നുറപ്പാണ്. ഒരിളം തെന്നലേൽക്കുന്ന അനുഭവമാണ് അദ്ദേഹവുമായി ഇടപഴകുമ്പോൾ ഉണ്ടാകുന്നത്. ഒരാളുടെ വ്യക്തിത്വത്തിന് ധാർമ്മികശേഷി കൈവരുന്നതും അങ്ങനെ അയാൾ അനിതര സാധാരണനാകുന്നതും സ്വന്തം വ്യക്തിജീവിതത്തെ കഴിയുന്നത്ര കളങ്കരഹിതവും സംശുദ്ധവുമാക്കാൻ ശ്രമിച്ച് വിജയിക്കുമ്പോഴാണ്. “നിന്റെ സോപ്പാകൊണ്ട് എന്നെ തളിക്കേണമേ, ഞാൻ വെണ്മയാകട്ടെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയുള്ളവനാകട്ടെ” എന്ന് ദാവീദ് വിലപിച്ച് പ്രാർത്ഥിച്ചത് ജീവിതവിശുദ്ധിയുടെ കരുത്തത് തിരിച്ചറിഞ്ഞിട്ടുതന്നെയാവണം. അത്താനാസിയോസ് തിരുമേനി സ്വന്തം വ്യക്തി

ജീവിത്തെ സംശുദ്ധമാക്കാൻ ജാഗ്രതാപൂർവ്വം പരിശ്രമിക്കുന്നയാളാണെന്ന് അദ്ദേഹത്തെ നിരീക്ഷിക്കുന്ന ആർക്കും വ്യക്തമാകും എന്നു ഞാൻ വിശ്വസിക്കുന്നു.

പുരോഹിതന്മാർ മുഖ്യമായും പ്രാർത്ഥനാജീവിതം നയിക്കേണ്ടവരാണെന്നും പ്രാർത്ഥനാജീവിതത്തിൽ നിന്നും ലഭിക്കുന്ന നൽവരങ്ങൾ മതി ധന്യമായ പൗരോഹിത്യ ധർമ്മ നിർവ്വഹണത്തിന് എന്നുമുള്ള ധാരണ സുറിയാനി ക്രിസ്ത്യാനികളുടെയിടയിൽ സ്ഥിരപ്രതിഷ്ഠമാണ്. ചിന്താലോകവുമായുള്ള പരിചയം ചിന്താജീവിതം ഇതൊക്കെ അനാവശ്യമാണെന്നും, അപ്രസക്തമാണെന്നും കരുതുന്നവരാണ് പുരോഹിതന്മാരിൽ ഒരു നല്ല വിഭാഗം. ഇപ്രകാരം ധരിച്ചുവശായിട്ടുള്ള മേൽപ്പട്ടക്കാരും കുറവല്ല. അഭിവന്ദ്യനായ അത്താനാസിയോസ് തിരുമേനി ഇക്കാര്യത്തിൽ തികഞ്ഞ അപവാദമാണ്. ഉന്മിഷത്തായ പ്രതിഭ കൊണ്ട് അനുഗൃഹീതനായ തിരുമേനി ചിന്താശീലനും വളരെ ഡൈനാമിക്കായ ചിന്താജീവിതം നയിക്കുന്ന ആളുമാണ്. സഭാസമൂഹത്തിലാണ് നിലനിൽക്കുന്നതെന്നും സാമൂഹ്യപ്രശ്നങ്ങളോട് സൃഷ്ടിപരമായി പ്രതികരിക്കേണ്ടത് സഭയുടെയും സഭയെ നയിക്കുന്നവരുടെയും ഉത്തരവാദിത്തമാണ് എന്നും അടിയുറച്ച് വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്ന ആളാണ് തിരുമേനി. ആദ്യപുസ്തകത്തിന് "സഭ സമൂഹത്തിൽ" എന്നാണ് തിരുമേനി ശീർഷകം നൽകിയത് എന്നത് അദ്ദേഹത്തിന്റെ ഈ ബോധ്യത്തെയാണ് വിളംബരം ചെയ്യുന്നത്. പരന്നതും ആഴമുള്ളതുമായ വായനകൊണ്ടും, ചിന്തനം കൊണ്ടും, നിരന്തരമായ സംവാദം വഴിയുമാണ് ചിന്താജീവിതം ചലനാത്മകവും, സമ്പന്നവുമാക്കാൻ കഴിയുന്നത്. തിരുമേനിയുടെ പ്രബന്ധങ്ങൾ അദ്ദേഹം ഈ സാധനകളെ ജാഗ്രതാപൂർവ്വം പാലിക്കുന്ന ആളാണെന്ന് സാക്ഷ്യപ്പെടുത്തുന്നവയാണ്. 2006 ൽ പ്രസിദ്ധീകരിച്ച "നീതി സമൂഹം ചില ക്രൈസ്തവ ചിന്തകൾ" എന്ന തിരുമേനിയുടെ ലേഖനസമാഹാരത്തിലേക്ക് ഞാൻ അനുവാചകശ്രദ്ധ ക്ഷണിക്കുകയാണ്. പ്രസ്തുത സമാഹാരത്തിലെ വിഷയവൈവിധ്യം തിരുമേനിയുടെ ശ്രദ്ധപതിയുന്ന മേഖലകളുടെ വൈവിധ്യത്തോടൊപ്പം ഒരു മെത്രാപ്പോലീത്തായുടെ ചിന്താമണ്ഡലം എത്ര വിപുലമാകേണ്ടതുണ്ട് എന്നും ചൂണ്ടിക്കാട്ടുന്നു. ഈ ഗ്രന്ഥത്തിന്റെ അവതാരികയിലെ ശ്രദ്ധേയമായ ഒരു വാചകം ഈ സന്ദർഭത്തിൽ ഉദ്ധരിക്കട്ടെ: "കേരള സമൂഹത്തിൽ പൊതുവിലും, ഇവിടത്തെ ക്രൈസ്തവർക്കിടയിൽ പ്രത്യേകമായും ഒരു പുത്തൻചിന്താസംസ്കാരം രൂപപ്പെടുത്തുവാൻ ഡോ. തോമസ് മാർ അത്താനാസിയോസിന്റെ ഈ ലേഖന സമാഹാരം ഉൾപ്പെടെയുള്ള കൃതികൾ പ്രേരണയാകും എന്നു ഞാൻ വിശ്വസിക്കുന്നു..." (പേജ് 7) തികച്ചും അന്വർത്ഥമാണ് ഈ നിരീക്ഷണം. വിസ്താരഭയത്താൽ തിരുമേനിയുടെ മറ്റ് ഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തിലേക്ക് കടക്കുന്നില്ല. അനുവാചകശ്രദ്ധ അവയിലേക്കുകൂടി ക്ഷണിച്ചുകൊണ്ട് തിരുമേനിയുടെ പ്രതിഭ വിശ്രമരഹിതമായ അതിന്റെ തപസ്സും പ്രയാണവും അനവരതം തുടരട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വാസ്തവത്തിൽ അത്താനാസിയോസ് തിരുമേനിയെ വ്യത്യസ്തനും, ഏറ്റവും ശ്രദ്ധേയനുമാക്കുന്നത് സഭയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടാണ്. സഭയെ ഉദാസീനമായി സമീപിക്കുന്നവരാണ് സഭാവിശ്വാസികളിൽ അധികംപേരും. ഒരു ശരാശരി ക്രിസ്ത്യാനിയായി ജീവിച്ച് മരിച്ച് സംസ്കരിക്കപ്പെടുന്നതിന് അനുപേക്ഷണീയമായ കൂദാശകൾ നിർവ്വഹിച്ച് തന്നു സഹായിക്കുന്ന ഒരു സ്ഥാപനമായാണ് ഈ ഭൂരിപക്ഷം സഭയെ കരുതുന്നത്. ചിലർക്ക് സഭ ഉപജീവനമാർഗ്ഗവും മറ്റ് ചിലർക്ക് ലാഭക്കച്ചവടത്തിനുള്ള വേദിയുമാണ്. സഭാസ്ഥാനികളായി സമൂഹത്തിൽ മാന്യത നേടിയെടുക്കാനുള്ള ചവിട്ടുപടിയായി സഭയെ സമീപിക്കുന്നരും സഭാനേതാക്കന്മാരുടെ ഇടയിൽ സുലഭമാണ്. ആത്മീയ അധികാരപ്രയോഗത്തിന് അനന്ത സാധ്യതകളുള്ള ഒരു സംഘടനയായി സഭയെ സ്വീകരിക്കുന്നവരാണ് മേൽപ്പട്ടക്കാരിൽ മഹാഭൂരിപക്ഷവും. സഭ ഓർത്തഡോക്സായതുകൊണ്ട് പൂർവ്വപിതാക്കന്മാർ പറഞ്ഞു തന്നതും കാണിച്ചുതന്നതുമായ പ്രമാണങ്ങളും നടപടിക്രമങ്ങളും നൂലിടതെറ്റാതെ കൃത്യമായി ഗതാനുഗതികത്വന്യായേന പാലിക്കുകയാണ് സഭയുടെയും, സഭാമക്കളുടെയും ധർമ്മവും കടമയും എന്നു അടിയുറച്ച് വിശ്വസിക്കുന്നവരും അസംഖ്യമാണ്.

നമ്മുടെ ജൂബിലേറിയൻ പക്ഷേ സഭാ ദൗത്യത്തെപ്പറ്റി വ്യത്യസ്തവും വ്യക്തവുമായ കാഴ്ചപ്പാട് മുറുകെപ്പിടിക്കുന്ന മേൽപട്ടക്കാരനാണ്. 1992 ഏപ്രിൽ മാസത്തിൽ അത്താനാസിയോസ് തിരുമേനി എഴുതിയ സഭയുടെ ദൗത്യം എന്ന ലേഖനം (സഭാ സമൂഹത്തിൽ 119 മുതൽ 124 വരെയുള്ള പേജുകൾ) സഭാ ദൗത്യത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ സുവ്യക്തമായ നിലപാടിന്റെ മാനിഫെസ്റ്റോ ആണ്. ഏതു കാലത്തും ഒരു വിമോചനപ്രസ്ഥാനമായി പ്രവർത്തനസജ്ജമായിരിക്കുകയാണ് സഭയുടെ സ്ഥാപനനോദ്ദേശ്യം എന്ന് വ്യക്തമാക്കിയ ശേഷം തിരുമേനി എഴതി: "ക്രിസ്തുവിന്റെ മനുഷ്യാവതാരലക്ഷ്യവും, പ്രവർത്തനവും ചരിത്രത്തിൽ സാക്ഷാത്ക്കരിക്കാനുള്ള നിയോഗമാണ് സഭ ഏറ്റെടുത്തിരിക്കുന്നത്. കർത്താവിന്റെ ദൗത്യം പിതാവിന്റെ നിയോഗത്തോടുള്ള വിശ്വസ്തത


യായിരുന്നു. തന്റെ ആത്മസമർപ്പണമാണ് ലക്ഷ്യപ്രാപ്തിക്കായി സഭക്കു നൽകിയമാർഗ്ഗം. അതിനായി സഭയെ ക്രിസ്തു അയച്ചിരിക്കുന്നു. അതുകൊണ്ട് സത്യത്തിൽ സഭയ്ക്ക് മിഷനില്ല, സഭയാണ് മിഷൻ. ക്രിസ്തുവിന്റെ മിഷൻ സഭയിൽ ആനുകാലികമായി പ്രതിഫലിപ്പിക്കേണ്ടിരിക്കുന്നു. അതുകൊണ്ട് മിഷൻ സഭയുടെ ചുമതലയോ, ലക്ഷണമോ അല്ല മറിച്ച് സഭ മിഷനാൽ; അതിനാൽ അതിന്റെ സ്വരൂപവും ലക്ഷണവുമാണ്. സഭയുടെ വിളി എന്നത് സഭാനിയോഗത്തോടുള്ള വിശ്വസ്തതയാണ്".

"നിയോഗത്തോടുള്ള വിശ്വസ്തതയാണ് മിഷൻ എങ്കിൽ അയക്കലിന്റെ ഉള്ളടക്കം പരിശോധിക്കേണ്ടിവരും. അനുഗൃഹീത ത്രീത്വത്തിന്റെ ആന്തരിക സൗഭ്രാത്രം ജീവിതത്തിന്റെ ലക്ഷ്യമായി അറിയുകയും, അനുഭവിക്കുകയുമാണ് രക്ഷ. ഇതായിരുന്നു ക്രിസ്തു സംഭവത്തിന്റെ തന്നെ ലക്ഷ്യം. ഇതു സാധ്യമാകുന്നത് ക്രിസ്തുവിൽ സ്ഥാപിതമായ ദൈവരാജ്യത്തിലുള്ള പങ്കാളിത്തം വഴിയാണ്. ദൈവരാജ്യത്തിന്റെ പ്രതിഛായയും പ്രതീകവുമാണ് സഭ എന്ന ചരിത്രയാഥാർത്ഥ്യത്തിൽ ഈ രക്ഷയുടെ അനുഭവം പ്രതിഫലിക്കുന്നു. കർത്താവിന്റെ വെളിപ്പാടിന്റെ താത്പര്യവും ഉന്നവും ഇതാണെങ്കിൽ ഇതുതന്നെയാണ് സഭയുടെ അല്ലെങ്കിൽ മിഷന്റെതും. ത്രിത്വത്തിൽ അനുഭവപ്പെടുന്ന അനുരഞ്ജനവും കൂട്ടായ്മയും ദൈവ-മനുഷ്യ-പ്രകൃതി ബന്ധങ്ങളിൽ പൂർത്തീകരിക്കുകയാണ് മിഷന്റെ അടിസ്ഥാന പ്രമാണം". (പേജ് 120) പ്രസ്തുത ലേഖനത്തിലെ ഏതാനും വാക്യങ്ങൾ കൂടി കൂട്ടിച്ചേർത്താൽ സഭാദൗത്യത്തെപ്പറ്റിയുള്ള തിരുമേനിയുടെ ദർശനവും നിലപാടും വ്യക്തമാകും. "നമ്മുടെ കർത്തവ്യം ക്രിസ്തുവിനെ യഥാർത്ഥമായി സഭാജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും നാം ജീവിക്കുന്ന സമൂഹത്തിൽ അവതരിപ്പിക്കുകയും ചെയ്യുക എന്നതാണ്. അതിനു സാധിച്ചാൽ സഭയുടെ വിളി സഭ ഗൗരവപൂർവ്വം നിർവ്വഹിക്കുകയായിരിക്കും". (പേജ് 124)

സഭയെയും സമൂഹത്തെപ്പറ്റിയും, സഭയും സമൂഹവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും ഇപ്രകാരം സുവ്യക്തമായ കാഴ്ചപ്പാടും നിലപാടും വെച്ചുപുലർത്തുകയും അവ ശക്തമായി അവതരിപ്പിക്കുകയും ചെയ്യുന്ന അത്താനാസിയോസ് മെത്രാപ്പോലീത്താക്ക് സഭയ്ക്കകത്തും പുറത്തും ധാരാളം മിത്രങ്ങളും ശത്രുക്കളുമുണ്ടെന്ന രസകരമായ സത്യവും ചൂണ്ടിക്കാട്ടേണ്ടതാണ്. വിശുദ്ധ ത്രീത്വത്തിന്റെ സ്വഭാവവും സന്ദേശവും അനുരഞ്ജനമായതുകൊണ്ട് സഭകൾ അനുരഞ്ജനത്തിന്റെ മാർഗ്ഗമേ സ്വീകരിക്കാവൂ എന്നദ്ദേഹം ഉദ്ബോധിപ്പിക്കുകയും അതിന്റെ സാക്ഷാത്ക്കാരത്തിനായി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തു. ഇത് മിത്രങ്ങളേക്കാളേറെ എതിരാളികളെ സൃഷ്ടിക്കാൻ കാരണമായി. വിമർശനങ്ങളും, സ്വഭാവഹത്യാ ശ്രമങ്ങളും, ആക്രമണങ്ങളുമുണ്ടായി. കടുത്ത ഈ പ്രതിസന്ധികളിലൊന്നും അദ്ദേഹം പതറിയില്ല. ഇംഗ്ലീഷിൽ courage of conviction എന്ന് പറയുന്ന സ്വന്തം ബോധ്യത്തിലുള്ള അചഞ്ചലമായ ഉറപ്പും അതു നൽകുന്ന ധൈര്യവും അദ്ദേഹത്തിനു കരുത്തുനൽകി. ദൈവനിയോഗമാണ് താൻ നിർവ്വഹിക്കുന്നതെന്ന വിശ്വാസദാർഢ്യവും സത്യത്തിന്റെ വഴിയിൽ ഈ കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷവും ഉറച്ചുനിൽക്കാൻ അദ്ദേഹത്തെ സഹായിച്ചു.

സഭാ ജീവിതത്തെക്കുറിച്ചെന്നപോലെ സാമൂഹ്യ-രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചും തിരുമേനി തെളിച്ചെടുത്തിട്ടുള്ള ആശയങ്ങളും സ്വീകരിച്ച നിലപാടും തികച്ചും പുരോഗമനപരവും ഭവിഷ്യോന്മുഖവുമായിരുന്നു. സത്യം-നീതി-സമത്വം-പങ്കാളിത്തം-പങ്കുവെക്കൽ എന്നീ മൂല്യങ്ങളിൽ ഊന്നിയുള്ള കാഴ്ചപ്പാടുകൾ മറിച്ചാവുക സാധ്യമല്ലല്ലോ. വ്യക്തിജീവിതത്തിലും പൊതുരംഗത്തും അദ്ദേഹം ഉയർത്തിപ്പിടിച്ചതും പാലിച്ചതുമായ മൂല്യങ്ങൾ ക്രൈസ്തവ സമൂഹത്തിനു വിശ്വാസിസമൂഹത്തിനും പുറത്തുള്ളവരുടെ ആദരവും സ്നേഹവും നേടിയെടുക്കാൻ തിരുമേനിയെ സഹായിച്ചു. തിരുമേനിയുടെ ഒരു പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിക്കാനായി ഗാന്ധിസ്മാരക നിധിയുടെ അഖിലേന്ത്യാ അദ്ധ്യക്ഷനായ വന്ദ്യവയോധികൻ ശ്രീ. പി. ഗോപിനാഥൻ നായർ തിരുവനന്തപുരത്തുനിന്നും മൂവാറ്റുപുഴയിൽ വന്നത് ഈ ആദരവിന്റെ ഒരു ഉദാഹരണമാണ്. മതത്തിലും ഈശ്വരനിലും വിശ്വസിക്കാത്തയാളായ യശ്ശഃശരീരനായ ശ്രീ. എം. എ. ജോൺ തിരുമേനിയെ അത്യന്തം ആദരവോടെ കരുതിയിരുന്ന സുഹൃത്തായിരുന്നു. മെത്രാൻ വിരുദ്ധൻ എന്ന് പ്രസിദ്ധനായ ശ്രീ. ജോസഫ് പുലിക്കുന്നേൽ അദ്ദേഹത്തിന്റെ സ്ഥാപനമായ ഓശാനയിൽ പരിപാടിക്ക് ക്ഷണിച്ച ഏക മെത്രാൻ ഡോ. തോമസ് മാർ അത്താനാസിയോസാണ് എന്നത് നമ്മുടെ തിരുമേനിയുടെ വ്യക്തിജീവിതത്തിനും നിലപാടുകൾക്കും കിട്ടിയ അംഗീകാരം തന്നെയാണ്.

ഇതാണ് ശരിയായ ക്രിസ്തീയ സാക്ഷ്യം എന്നു ഞാൻ വിശ്വസിക്കുന്നു. തിരുമേനിക്ക് സ്നേഹാദരപൂർവ്വം ജൂബിലി-യോവേൽ-മംഗളങ്ങൾ നേരുന്നു.



# നല്ല ഇടയന്റെ ചുവടുകളിലൂടെ ഒരു ഉത്തമ ഇടയൻ

റവ. പി. മാത്യു

പുറ്റാനിൽ തോമസ് ശെമ്മാശൻ ബാംഗ്ലൂർ യു.റ്റി.സിയിൽ ബി.ഡി. പഠനത്തിന് ചേർന്നതോടെയാണ് ഞങ്ങളുടെ സുഹൃദ്ബന്ധം ആരംഭിച്ചത്. ഒരുമിച്ച് ജീവിക്കുന്നതിനും ഒരേ ക്ലാസിൽ പഠിക്കുന്നതിനും അവിടെ അവസരം ലഭിച്ചത് ഒരുഭാഗ്യമായി ഞാൻ കാണുന്നു. ഭാവിയിലെ ഒരു മെത്രാച്ചനായി ഞങ്ങൾ-സഹപാഠികൾ എല്ലാവരും ഡീ. പി.ജെ. തോമസിനെകരുതിയിരുന്നു. അതിനു ചേർന്ന പെരുമാറ്റവും ജീവിതശൈലിയും ഉന്നതചിന്തയും അന്നേ അദ്ദേഹത്തിൽ കാണുവാൻ ഞങ്ങൾക്ക് കഴിഞ്ഞിരുന്നു. അന്ന് ആരംഭിച്ച സൗഹൃദം ഇന്നും പുലർത്തുവാൻ കഴിയുന്നത് അഭിവന്ദ്യ അത്താനാസ്യോസ് മെത്രാച്ചന്റെ സ്വഭാവ നൈർമ്മല്യവും ശ്രേഷ്ഠതയും മൂലമാണ്. സുഹൃത്തുക്കളോടു പുലർത്തുന്ന കപടമില്ലാത്ത സ്നേഹത്തിന്റെ ഊഷ്മളത അനുഭവിച്ചറിയുന്നവരാണ് എല്ലാ സഹപാഠികളും. അത് ഏറ്റവും അധികം അനുഭവിക്കുവാൻ കഴിഞ്ഞിട്ടുള്ളത് എനിക്കും കുടുംബത്തിനും ആണെന്നാണ് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ സ്വഭാവശ്രേഷ്ഠതകളിൽ ഒരു ഉത്തമ ഇടയന്റെ ഭാവം സ്ഥായിയായി നിലനിൽക്കുന്നു. മെത്രാൻ എന്ന അധികാരഭാവം അല്പംപോലും തന്റെ ആളത്തത്തെ ആവേശിക്കുവാൻ അനുവദിക്കാതെ, മുഖംമൂടിയില്ലാതെ, നല്ല ഇടയനായ യേശുക്രിസ്തുവിന്റെ പാതയെ പിന്തുടരുന്ന ഉത്തമ ഇടയനെ അദ്ദേഹത്തിൽ കാണുവാൻ ആർക്കും കഴിയും.

നല്ല ഇടയന്റെ ശ്രേഷ്ഠ ഗുണങ്ങളും അതിനു വിരുദ്ധമായി കൂലിക്കാരനായ ഇടയന്റെ സ്വഭാവവും ബൈബിളിൽ കാണാം. പലസ്തീന്യ ഇടയന്മാർ ആടുകളെ കരുതുന്നതിനെപ്പറ്റി ആ നാട്ടുകാർക്ക് അഭിമാനമുണ്ട് എന്ന് വ്യക്തമാക്കുന്ന ഒരു സംഭവം വായിച്ചിട്ടുണ്ട്. പലസ്തീനിൽ വിശുദ്ധനാട് സന്ദർശനത്തിനെത്തിയ ഒരുസംഘം ബസിൽ ഉൾനാടുകളിലൂടെ യാത്ര ചെയ്യുമ്പോൾ ഗൈഡ് പലസ്തീന്യ ഇടയന്റെ ഗുണഗണങ്ങളെപ്പറ്റി വാചാലനായി. ബൈബിളിൽ പറയുന്ന നല്ല ഇടയന്റെ സ്വഭാവങ്ങൾ തന്നെ. ആ വേളയിൽ അല്പം അകലെയുള്ള വഴിയിലൂടെ ഒരു ഇടയൻ ആടുകളുമായി പോകുന്ന കാഴ്ച കണ്ടു. ഗൈഡ് പറഞ്ഞതിൽനിന്നു വ്യത്യസ്തമായി ഇടയൻ പിന്നിൽനിന്ന് അടിച്ച് ഓടിക്കുന്നു. ശകാരങ്ങളും ആക്രോശങ്ങളും കേൾക്കാം. യാത്രികർ ഗൈഡിനെനോക്കി ചോദ്യഭാവത്തിൽ. ഗൈഡിനും ആശ്ചര്യം തോന്നി. ബസ് നിർത്തിച്ച്, ഗൈഡ് ആ ഇടയന്റെ അടുത്തേക്ക് ഓടി. കാര്യങ്ങൾ തിരക്കി തിരികെ വന്നുപറഞ്ഞു. അത് ആടിന്റെ ഇടയനല്ല, അറവുശാലകളിലേക്കു ആടുകളെ വിൽക്കുന്ന കച്ചവടക്കാരനാണ്. പല സഭാനേതാക്കളും ആടുകളെ വിറ്റും മുടിച്ചും സ്വന്തലാഭം ഉണ്ടാക്കുമ്പോൾ സ്വയം ത്യജിച്ച് ആടുകളെ പരിപാലിക്കുന്ന ഉത്തമ ഇടയനായി മാർ അത്തനാസ്യോസിനെ ഞാൻ കാണുന്നു. നല്ല ഇടയൻ ആടുകളെ വ്യക്തിപരമായി അറിയുകയും ഇടയനെ തിരിച്ചറിഞ്ഞ് ആടുകൾ അവനെ അനുഗമിക്കുകയും ചെയ്യുന്നു. ആട്ടിൻകുട്ടിയെ തോളിൽ വഹിക്കുന്നു; ബലഹീനമായതിനെ മെല്ലെ നടത്തുന്നു. ആടുകളിൽ ഏതെങ്കിലും തെറ്റിപ്പോയാൽ ചവിട്ടിപ്പുറത്താക്കാതെ അതിനെ സ്നേഹിച്ച് കൂട്ടത്തിലേക്ക് വരുത്തുവാനാണ് ആഗ്രഹം. വിട്ടുപോയാലും അവരുടെ സ്വാതന്ത്ര്യത്തെ മാനിച്ച് സ്നേഹബന്ധം തുടരുന്നു. മനുഷ്യന്റെ ബലഹീനതകളെയും തെറ്റുകളെയും ക്ഷമിക്കുവാനും സഹിഷ്ണുതയോടെ അവരെ ഉൾക്കൊള്ളാനും ഈ ഇടയൻ ശ്രമിക്കുന്നു. ഈ ഇടയനെ ജനം അനുഗമിക്കുന്നതിനു കാരണം സിംഹാസനത്തിന്റെയോ കിരീടത്തിന്റെയോ തിളക്കമല്ല, അദ്ദേഹത്തിന്റെ വ്യക്തിബന്ധങ്ങളും സ്വഭാവശ്രേഷ്ഠതകളും ആണ്. അത് ആർക്കും നിഷേധിക്കാനാവില്ല. അദ്ദേഹത്തിന്റെ മറുചേരികളിലുള്ളവർക്കുപോലും നെഞ്ചിൽ കൈവച്ച് അദ്ദേഹത്തിനെതിരായി ഒരു ആരോപണം ഉന്നയിക്കുവാൻ കഴിയില്ല. വൈരാഗ്യത്താലോ, അസൂയയാലോ, അന്ധതകൊണ്ടോ, സ്വയം സംരക്ഷിക്കുന്നതിനോ, ആരെങ്കിലും കപട ആരോപണങ്ങൾ നടത്തുമായിരിക്കും.

ജാതിമതചിന്തകളുടെയോ വർഗ്ഗവ്യത്യാസത്തിന്റെയോ സഭാവ്യത്യാസത്തിന്റെയോ വേലിക്കെട്ടുകൾക്ക് അപ്പുറത്തേയ്ക്ക് കടന്നുചെന്ന് ബന്ധങ്ങളിൽ നൈർമ്മല്യവും ആത്മാർത്ഥതയും, ഊഷ്മളതയും, ഹൃദ്യതയും, ലാളിത്യവും ഒക്കെ സൂക്ഷിക്കുന്നത് ഈ ശ്രേഷ്ഠ ഇടയന്റെ ആളത്തത്തിന്റെ ഭാഗമാണ്. കുഞ്ഞുങ്ങളോടും


യുവാക്കളോടും വൃദ്ധരോടും, ക്ഷീണിതരോടും, എളിയവരോടും ഭിന്നശേഷിയുള്ളവരോടും ഒക്കെ വളരെ സ്വതന്ത്രമായി, അകല്ച്ചയോ സങ്കോചമോ, ഉന്നതഭാവമോ കൂടാതെ ഹൃദ്യതയോടെ ലാളിത്യത്തോടെ, നർമ്മഭാവത്തോടെ സംഭാഷിക്കുന്നതും പെരുമാറുന്നതും നേരിട്ടറിയാവുന്നവരാണ് മിക്ക സഭാംഗങ്ങളും എന്നു ഞാൻ കരുതുന്നു. അത്തരം കാര്യങ്ങൾ എനിക്ക് നേരിട്ടറിയാം. ക്ഷീണിതരും കഷ്ടത്തിലായിരിക്കുന്നവരും തള്ളപ്പെടുന്നവരും അദ്ദേഹത്തിന്റെ ഒരു ബലഹീനത ആണ്. അവരെ കരുതുവാൻ ആർദ്രതയുള്ള ഈ ഇടയന്റെ ഹൃദയം തുടിക്കും. എന്റെ ഒരു അനുഭവം സൂചിപ്പിക്കാം. ഞാനും കുടുംബവും ആലുവാ സെന്റ്. തോമസ് ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന കാലം പി. ജെ. തോമസ് ശെമ്മാശൻ ഞങ്ങളെ സന്ദർശിക്കുമായിരുന്നു. ഞാനും ശെമ്മാശനും കൂടെ കോലഞ്ചേരി ടൗണിൽ കൂടെ നടന്നുപോകുകയായിരുന്നു. കണ്ണിനു കാഴ്ചയില്ലാത്ത ഒരു മനുഷ്യൻ റോഡ് സൈഡിൽ വടിനിലത്തു തട്ടി വിഷമിച്ചു നിൽക്കുകയാണ്. എനിക്ക് പെട്ടെന്ന് കാര്യം മനസ്സിലായില്ല. എന്നാൽ റോഡ് കുറുകെ കടക്കാനാണ് ശ്രമിക്കുന്നതെന്ന് ശെമ്മാശന് പെട്ടെന്ന് പിടികിട്ടി. അദ്ദേഹത്തെ കൈപിടിച്ച് മറുവശത്ത് എത്തിച്ചു. എനിക്കതു കഴിഞ്ഞില്ലല്ലോ എന്നോർത്ത് അല്പനേരത്തേക്ക് എനിക്ക് ലജ്ജാഭാരം ഉണ്ടായെങ്കിലും ശെമ്മാശന്റെ പ്രതികരണശേഷിയും ശ്രേഷ്ഠതയും ഓർത്ത് എന്റെ ഉള്ളിൽ അഭിനന്ദനങ്ങൾ നിറഞ്ഞു. ആർദ്രതയുള്ള ഇടയന് പെട്ടെന്നുതന്നെ വേദനിക്കുന്ന മനുഷ്യന്റെ ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനും പ്രതികരിക്കുന്നതിനും കഴിയുന്നു.

എല്ലാ വിഭാഗം ആൾക്കാരെയും ഉൾക്കൊള്ളുവാൻ കഴിയുന്ന പക്വതയുള്ള മനസ്സിന്റെ ഉടമയായ ഈ ഇടയൻ സ്ത്രീകളെ ബഹുമാനിക്കുകയും സമഭാവനയോടെയും സങ്കോചമില്ലാതെയും അവരോട് ഇടപെടുകയും അവർക്ക് സഭയിലുള്ള സ്ഥാനത്തിന് പ്രാധാന്യം കല്പിക്കുകയും ചെയ്യുന്നു. അക്കാര്യത്തിലും മറ്റു സാമൂഹികവിഷയങ്ങളിലും ക്രിസ്തുവിന്റെ മനോഭാവത്തോടെ ശരി എന്നു തോന്നുന്ന കാര്യങ്ങളിൽ ഉറച്ചനിലപാടുകൾ എടുക്കുവാൻ ധൈര്യപ്പെടുന്നു. പാരമ്പര്യങ്ങളിൽ നിന്നു വ്യത്യസ്തമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും, കഴിയുന്നത്ര പ്രതിബന്ധങ്ങളെ നേരിടുവാനുള്ള ധൈര്യം കൊണ്ടും മാത്രമല്ല, ഇടയന്റെ വിളിയും ദൗത്യവും സംബന്ധിച്ച ദർശനത്തിന്റെ വ്യക്തത ഉള്ളതുകൊണ്ടു കൂടി ആണ്. 'ഒരാട്ടിൻകൂട്ടവും ഒരു ഇടയനും' എന്നത് പല സഭാനേതാക്കൾക്കും വെറും പ്രസംഗവിഷയം മാത്രമാണെങ്കിലും മാർ അത്താനാസ്യോസിന് ഒരു യഥാർത്ഥ്യവും അനുഭവവും ആണ്. സഭാപരമായ ഐക്യം വിദൂരമാണെന്നറിയാമെങ്കിലും കീഴ്വഴക്കങ്ങളേയും അതിർവരമ്പുകളെയും ഉല്ലംഘിച്ച് തന്നാൽ ആവത് ചെയ്യുന്നു. കർത്താവിന്റെ മേശയിലും ശുശ്രൂഷകളിലും ആ കൂട്ടായ്മ പുലർത്തുവാൻ ശ്രമിക്കുന്നു. അതിനാലാണ് വേലിക്കെട്ടുകൾക്കപ്പുറത്തേക്കു നീളുന്ന ഈ ഇടയന്റെ ബന്ധങ്ങൾ ഉറച്ചു നിൽക്കുന്നത്. "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വെറേ ആടുകളും എനിക്കുണ്ട്" എന്ന് കർത്താവ് പറഞ്ഞതിന്റെ അർത്ഥം ശരിയായി മനസ്സിലാക്കുവാൻ ശ്രമിക്കുന്ന ആളാണ് ഇദ്ദേഹം. സഭകൾ തമ്മിൽ വ്യത്യസ്തതകൾ നിലനിർത്തിക്കൊണ്ടുതന്നെ കർത്താവിൽ ഒരു കൂട്ടവും ഒരിടയനും എന്ന ബന്ധം യാഥാർത്ഥ്യമാക്കണമെന്ന ആഗ്രഹം ഉണ്ടെങ്കിലും ഡിനോമിനേഷനിസ്റ്റുകളായ സത്യവിശ്വാസികൾ സമ്മതിക്കില്ലല്ലോ? സഭയിലെ ഭിന്നതയും വഴക്കും ആണ് ഈ ഇടയനെ ഏറ്റവും അധികം വേദനിപ്പിക്കുന്നത്. ഐക്യത്തിനുള്ള സാദ്ധ്യത ഉണ്ടായിരുന്നെങ്കിലും ഇടയന്മാർ നല്ല ഇടയനെ വെട്ടി ആടുകളെ വിഭജിച്ചു. അതിന് അധാർമ്മികമായ വഴികൾ തെരഞ്ഞെടുത്ത് സഭാഗോത്രത്തിന്റെ ഈ വിഭജനം ക്രിസ്തീയ സാക്ഷ്യത്തിനും ഇടയന്മാർക്കും ആട്ടിൻകൂട്ടങ്ങൾക്കും ദോഷമുണ്ടാക്കുന്നു എന്ന യാഥാർത്ഥ്യവും അദ്ദേഹത്തെ വേദനിപ്പിക്കുന്നു. അതിനാലാണ് തന്റെ ആദ്യനിലപാടുകളെ താത്കാലികമായി കണ്ട് അധികാരസ്ഥാനങ്ങൾക്കും മറ്റു സ്വാർത്ഥ ചിന്തകൾക്കും ഉപരി സഭയുടെ സമാധാനം എന്ന തീരുമാനത്തിൽ എത്തിയത്. ആടുകളുടെ നന്മ യ്ക്കും സാക്ഷ്യജീവിതത്തിനും പ്രാധാന്യം കല്പിക്കുന്ന ഇടയന് മറ്റെന്താണ് ചിന്തിക്കുവാൻ കഴിയുക? ആത്യന്തികനിലപാടുകൾ എടുത്ത് സത്യപ്രസ്താവനഎഴുതി സമർപ്പിച്ചശേഷം അതിനു വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ തന്റെ വിശ്വാസ്യതയും സാക്ഷ്യവും നഷ്ടപ്പെടുന്നു. അത് ആടുകളുടെ മുമ്പാകെയും സമൂഹമദ്ധ്യേയും ഒരു ഇടയനും ചേർന്നതല്ലല്ലോ.

ആടുകളുടെ മേൽ അധികാരം നടത്തുന്ന അംശവടിയല്ല മെത്രാച്ചന്റെ ബലം. തന്റെ കൈയ്യിലിരിക്കുന്നത് ആടുകളെ പരിപാലിച്ച് പോഷിപ്പിക്കുന്നതിനുള്ള വടിയാണെന്ന ബോധ്യവും വിനയവും ലാളിത്യവും സ്നേഹവും കരുതലുമാണ് ഇടയന്റെ ശക്തി. അതിനാൽ എത്ര പ്രതിസന്ധിയിലും ഈ ഇടയനെചുറ്റിപ്പറ്റി തന്റെ ജനം നിൽക്കുന്നു. കപടമില്ലാത്ത സ്നേഹവും വ്യക്തിമാഹാത്മ്യവും മനസ്സിലാക്കിയവർ ഇടയനിൽനിന്ന് മാറാതെ നിൽക്കുന്നു. അതാണ് ഇടയനും

ആടുകളും തമ്മിലുള്ള ആത്മബന്ധം. തന്റെ നേതൃത്വത്തിലുള്ള പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും സ്വന്തനേട്ടങ്ങൾക്കു വേണ്ടിയല്ല, മറിച്ച് സഭയുടെയും സമൂഹത്തിന്റെയും അനുഗ്രഹത്തിനുവേണ്ടിയാണ്. അതിലൂടെ ജനം വളർച്ച പ്രാപിക്കണം. തന്റെ അഭിപ്രായങ്ങളോട് മറ്റുള്ളവർ യോജിക്കണമെന്നില്ല. വ്യത്യസ്തമായി ചിന്തിക്കുവാനും തീരുമാനിക്കുവാനും സ്വാതന്ത്ര്യം ഉണ്ട്. വ്യത്യസ്ത നിലപാടുകൾ എടുത്താലും, എതിർത്താലും വിദ്വേഷമോ, പകയോ പ്രതികാരമോ ഇല്ല. അടവുനയങ്ങളില്ല, അമിതമോഹങ്ങളില്ല, അധികാര പ്രമത്തതയില്ല. ആത്മാർത്ഥതയും ജീവിതലാളിത്യവും വിനയവും ആണ് അലങ്കാരം. സുഖലോലുപതയില്ല. ലളിതമായ ഭക്ഷണം. പട്ടുമെത്തവേണ്ട. സാധാരണക്കാരന്റെ ജീവിതം മതി. അതുകൊണ്ട് സാധാരണക്കാരനും സമീപിക്കാവുന്ന തിരുമേനി. അതല്ലേ യഥാർത്ഥ ഇടയന്റെ ലക്ഷണം? തന്റെ ലളിതജീവിതത്തിൽ കെട്ടുകാഴ്ചാ പരിവേഷമോ, സ്വയപുകഴ്ചക്കുള്ള തന്ത്രങ്ങളോ ഇല്ല. ആടുകളോടു ചേർന്ന് നിശബ്ദമായി, എന്നാൽ ശക്തമായ ക്രൈസ്തവസാക്ഷ്യം നിർവ്വഹിച്ച് ആടുകൾക്ക് ആവേശം പകരുന്നു. ആടുകളുടെ പേരിൽ ധനസമ്പാദനമോ ചൂഷണമോ ഇല്ല. ഇടയനെപ്പറ്റി ആടുകൾ അഭിമാനിക്കുന്നു. ആടുകളെ പിഴിഞ്ഞോ അറവുകാർക്ക് കൊടുത്തോ സ്വന്തം കീശ വീർപ്പിക്കാത്ത ഈ ഇടയൻ ആടുകളുടെ ഇടയിൽ ഒതുങ്ങിക്കഴിയുന്നു. ആടുകളുടെ ഗന്ധമുള്ള ഇടയൻ - ഫ്രാൻസീസ് മാർപ്പാപ്പ.

മാർതോമാ സഭാ ശുശ്രൂഷകനായ എനിക്കും കുടുംബത്തിനും, സന്തോഷം, ദൈവസാന്നിദ്ധ്യം, മാതൃക ഒക്കെ അദ്ദേഹത്തിൽ നിന്നു ലഭിക്കുന്നു. സഭയുടെ അതിർവരമ്പുകളും ആശയവ്യത്യാസങ്ങളും ഞങ്ങൾക്കിടയിൽ ഒരു പ്രശ്നം ആയിട്ടില്ല. വ്യത്യസ്തതകൾ നിലനിൽക്കുമ്പോൾതന്നെ ഞങ്ങളുടെ സ്നേഹബന്ധം വളരെ ഊഷ്മളവും ആഴവുമാണ്. ഞങ്ങൾക്ക് ഒരു കുടുംബാംഗമാണ് അദ്ദേഹം. ഞങ്ങളുടെ മക്കൾക്ക് പപ്പായും, ഈ ബന്ധത്തിനു കാരണം ഹൃദയത്തിൽ ദൈവത്തിന്റെ കൈയ്യൊപ്പുള്ള (പെരുമ്പടവം ശ്രീധരൻ) മനുഷ്യനാണ് അദ്ദേഹം എന്നതാണ്. ഞങ്ങളുടെ ആത്മമിത്രമായ ഈ ഉത്തമ ഇടയന് ജൂബിലി വേളയിൽ എല്ലാ മംഗളങ്ങളും നേരുന്നു. കർത്താവിന്റെ ആട്ടിൻകൂട്ടത്തെ ശരിയായ വഴിയിലൂടെ നയിക്കുവാൻ തുടർന്നും കൃപയും ശക്തിയും കർത്താവു നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.



**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ ബാവായെ മുവാറ്റുപുഴ അരമനയിൽ സ്വീകരിക്കുന്നു**

# ശ്രദ്ധേയമായ കത്ത്

ഓർത്തഡോക്സ് സഭാ പാരമ്പര്യത്തെ പണ്ഡിതോചിതമായ തന്റെ ഗവേഷണങ്ങളും പഠനങ്ങളും കൊണ്ട് ധന്യമാക്കിയ യശ്ശഃശരീരനായ **ഫാ. ഡോ. വി.സി. ശമുവേൽ** 1994 -ൽ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി ഡയോസിസൻ ബുള്ളറ്റിനിൽ എഴുതിയ മെത്രാപ്പോലീത്തായുടെ കത്തിനോടു പ്രതികരിച്ച് സ്വന്തം കൈപ്പടയിൽ എഴുതി അയച്ചുതന്ന ശ്രദ്ധേയവും വിശദവുമായ കുറിപ്പ് വായനക്കാർക്കായി പ്രസിദ്ധീകരിക്കുന്നു.

തിരുമനസ്സുകൊണ്ടെഴുതിയ 'മെത്രാപ്പോലീത്തായുടെ കത്ത്' വായിക്കുവാനിടയായി. വളരെ സന്തോഷം തോന്നി. അതിൽ പറയുന്ന പലകാര്യങ്ങളും എന്റെ വിധത്തിൽ ചർച്ച് വീക്കിലി ലേഖനങ്ങളിൽ പറഞ്ഞിട്ടുള്ളതാണ്. 1944 ലാണ് ഒരു പതിവിനെ ചോദ്യം ചെയ്തുകൊണ്ട് വിവാഹം ചെയ്യണമെന്നു ഞാൻ ചിന്തിച്ചു തുടങ്ങിയത്. കല്യാണം കഴിച്ചത് ഒമ്പതു കൊല്ലങ്ങൾക്കുശേഷവും.

ഒരു പ്രധാനസംഗതി (അ)വിവാഹിതരായ പട്ടക്കാർ എന്ന പ്രതിഭാസം സുറിയാനി സഭയിലില്ല എന്നുള്ളതാണ്. അതുകൊണ്ടു പട്ടത്വവും വിവാഹവും തമ്മിൽ ബന്ധം ഉണ്ടായിക്കൂടാ എന്നു വാദിക്കണം. എന്നാൽ വിവാഹിതരായ പട്ടക്കാർ ഭാര്യസമേതം ജീവിക്കുന്നു, അവർ ക്കു മക്കളും ഉണ്ടാകുന്നു എന്ന വാസ്തവം ഇവിടെ ഓർക്കുന്നു. അതുകൊണ്ട് അവിവാഹിതരായ പട്ടക്കാർ വിവാഹം കഴിക്കുന്നതിനും വേണ്ടി വന്നാൽ പുനർവിവാഹം ചെയ്യുന്നതിനും തടസ്സമായി യാതൊരു ന്യായവും നമ്മുടെ സഭയിലുള്ളതല്ല. അതിനെതിരായ നിലപാട് നമ്മുക്ക് ലഭിച്ചതു റോമൻ കാത്തോലിക്കരിൽ നിന്നായിരിക്കണം. അവരാണല്ലോ അവിവാഹിത പട്ടക്കാരെ ഉണ്ടാക്കി വിവാഹത്തിനു അനുമതി നൽകാത്തത്. അതു പിശകാണെന്നു സമ്മതിക്കണം.

എനിക്കിപ്പോൾ 82 വയസ്സുകഴിഞ്ഞു. എഴുതുവാൻ വേണ്ടത്ര സ്വാധീനമില്ല. 1988 ൽ ഒരു pace maker ഘടിപ്പിച്ചു. വി. കുർബ്ബാന ചൊല്ലുന്നുണ്ട്. സഭാകാര്യങ്ങളിൽ കുറെയൊക്കെ പങ്കുകൊള്ളും. സെമിനാരിയിൽ പഠിപ്പിച്ചു വന്നത് ഇപ്പോൾ മൂന്നുകൊല്ലത്തിലധികമായി നിറുത്തി. ഒരുപാട് സംഗതികൾ മറന്നുപോകുന്നു. ഇതുവരെയും ക്ഷേമമായി കാത്ത ദൈവത്തെ നന്ദിയോടെ സ്തുതിക്കുന്നു.

മൂന്നു പ്രധാന കാര്യങ്ങൾക്കായി ഞാൻ 1944 മുതൽ എന്റെ ജീവിതം സമർപ്പിച്ചു എന്നുപറയാം. ഇവയൊന്നും ആരോടും ഞാൻ പറഞ്ഞിട്ടുള്ളതല്ല. ആർക്കും അറിയാമെന്നും തോന്നുന്നില്ല.

1. Christology: ഇതുസംബന്ധമായിട്ടുള്ള എന്റെ താത്പര്യം നേരത്തേയുള്ളതാണ്. കോളജിൽ പഠിക്കുവാൻ തുടങ്ങുന്നതിനു വളരെ മുമ്പു മുതൽ തന്നെ അതിനെപ്പറ്റിയുള്ള പ്രധാനഗ്രന്ഥങ്ങൾ ഞാൻ വായിച്ചിരുന്നു. ആ കൂട്ടത്തിൽപ്പെട്ടവയാണ് B. J. Kiddi തുടങ്ങിയ ആദ്യമായി പ്രസിദ്ധിയാർജ്ജിച്ചിരുന്ന ഗ്രന്ഥങ്ങൾ. അവയെല്ലാം സുറിയാനി സഭയെ Heretical ആയി മനസ്സിലാക്കുന്നു. എങ്ങനെ അതു അഭിമുഖീകരിക്കണമെന്നുള്ളതായിരുന്നു എന്റെ ചിന്ത. എന്നാൽ എന്റെ Yale പഠനത്തിൽ സുപ്രസിദ്ധ രേഖകൾ നോക്കുവാൻ എനിക്കു സാധിച്ചു. അപ്പോഴാണ് ഒരു പുതിയ വെളിച്ചം എനിക്ക് ലഭിച്ചത്. ഇതിന്റെ ഫലമായി കോപ്റ്റിക്, സുറിയാനി സഭകളെ monophysite എന്നുപറയുന്നത് തെറ്റാണെന്ന് കാണിപ്പാൻ എനിക്കു സാധിച്ചു. അതുപോലെ അന്ത്യോക്യായിലെ സേവേറിയോസിനെപ്പറ്റിയുള്ള തെറ്റിദ്ധാരണകളും ഞാൻ നീക്കി. സേവേറിയോസിന്റെയും മറ്റു സുറിയാനി ഗ്രന്ഥകാരന്മാരുടെയും കൃതികൾ കിട്ടാവുന്നത്രയും ഞാൻ വായിച്ചു. സുറിയാനി, ഗ്രീക്ക്, ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച്, എന്നീ ഭാഷകളിലുള്ള ഗ്രന്ഥങ്ങളാണ് ഞാൻ കാര്യമായി നോക്കിയത്.

2. Marriage of the clergy പുരോഹിതൻ വിവാഹം കഴിച്ചുകൂടാ എന്നത് റോമൻ കത്തോലിക്കാ സഭ നിലനിർത്തുന്ന തെറ്റായ പാരമ്പര്യമാണ്. അതിനെ എതിർക്കുക തന്നെ വേണം. ആ സഭയിലെ പുരോഹിതന്മാർ അതു ചെയ്യുന്നു.

1950 ൽ ആണ് ഞാൻ എം. എ. പാസായത്. അന്നുമുതൽ രണ്ടു ഭാഗത്തുനിന്നും മെത്രാൻ സ്ഥാനം എനിക്ക് പ്രാപിക്കാമായിരുന്നു. ഞാനത് വേണ്ടെന്ന് വെച്ചതാണ്. അതിനു കാരണം, വിവാഹം കഴിക്കണമെന്ന് ഞാൻ തീരുമാനിച്ചതായിരുന്നു. അതിൽ വരാവുന്ന ഭവിഷ്യത്തുകൾ നേരിടണമെന്ന് ഞാൻ നിശ്ചയിച്ചു. അങ്ങനെ 41-ാം വയസ്സിൽ 1953 ൽ ഞാൻ വിവാഹിതനായി. അതിനുമുമ്പ് ഒരു സ്ത്രീയുമായും അവിഹിതമായി എനിക്ക് ബന്ധമുണ്ടായിട്ടില്ല. അങ്ങനെയു

ണ്ടാകുന്നത് ദൈവം അനുവദിക്കുന്നതല്ല എന്നതായിരുന്നു എന്റെ ചിന്ത. ദൈവതിരുസന്നിധിയിൽ പവിത്രമായി ജീവിക്കണമെന്നായിരുന്നു എന്റെ ഉദ്ദേശം.


സുറിയാനി സഭയിൽ parish priest എന്നും monk priest എന്നും വൈദീകരുണ്ട്. അവിവാഹിതരായി parish priest ഇല്ല. നമ്മുടെ priests ആരും സന്യാസിമാരല്ല. അവർക്ക് വിവാഹം കഴിക്കുന്നതിനോ, വിഭാര്യരായാൽ പുനർവിവാഹം ചെയ്യുന്നതിനോ ഉള്ള അവകാശമുണ്ട്. വേണ്ടെന്നു വെയ്ക്കുന്നത് അവരുടെ ഇഷ്ടം. വിവാഹിതരായ പട്ടക്കാർ ഭാര്യാസമേതം ജീവിക്കുന്നത് അവർ വിവാഹം ചെയ്യുന്നതിനെയാണ് വ്യക്തമാക്കുന്നത്.

3 Autonomy of Indian Church ഇവിടെയാണ് നാം തമ്മിൽ യോജിക്കാത്തത്. ഇതു വ്യക്തമാക്കുവാൻ വളരെക്കാര്യങ്ങൾ പറയണം. അതിനിപ്പോൾ ഒരുങ്ങുന്നില്ല.

431 ലെ എപ്പേസോസ് സുന്നഹദോസും 451 ലെ കൽക്കദൂൻ സുന്നഹദോസും വലിയ കോളിളക്കം സഭയിൽ ഉണ്ടാക്കി. എപ്പേസോസ് സുന്നഹദോസിനെ എതിർത്ത വമ്പന്മാർ പേർഷ്യയിൽപോയി ആ സഭയെ നെസ്തോറിയമാക്കി. സാധാരണക്കാർ കൽക്കദൂൻ വിഭാഗത്തിൽ ചേർന്നു. 451 ലെ കൽക്കദൂൻ സുന്നഹദോസിനെ എതിർത്ത പൗരസ്ത്യർ റോമാ സാമ്രാജ്യത്തിൽ നിന്നു തന്നെ പോരാടി. 491 മുതൽ 518 വരെയും സാമ്രാജ്യാധിപതികൾ അവർക്കനുകൂലമായിരുന്നു. ഇതു മൂലം ഈജിപ്റ്റിലെ കോപ്റ്റിക് സഭ രണ്ടായി പിരിഞ്ഞു. ഒരു വലിയ വിഭാഗം സുന്നഹദോസിന് എതിരായും ഒരു ചെറിയ വിഭാഗം അതിനെ അനുകൂലിച്ചും നിന്നു. അന്ത്യോക്യൻ സുറിയാനി സഭയിലും പിരിവുണ്ടായി. ഒരു ഭാഗം സുന്നഹദോസിനോടു ചേർന്നും മറ്റൊന്ന് അതിനെതിരെയും നിലകൊണ്ടു. ഇങ്ങനെ നിലവിൽ വന്ന അന്ത്യോക്യൻ സുറിയാനി സഭയെയാണ് നാം വലിയ കാര്യമായി കരുതുന്നത്. എന്നാൽ അവരുടെ വിശ്വാസപരമായ നിലയെ നീതീകരിച്ചുള്ളതാണ് എന്റെ പ്രബന്ധം. അങ്ങനെ ആ സഭക്ക് സേവേറിയോസിന്റെ കാലശേഷം ആരും ചെയ്തിട്ടില്ലാത്ത സേവനമാണ് ഞാൻ ചെയ്തത്.

വിശ്വാസപരമായി സുറിയാനി സഭയെയും കോപ്റ്റിക് സഭയെയും ഈവിധത്തിൽ ഉറപ്പിച്ച ശേഷം ആ സഭകളെ ഒന്ന് വിലയിരുത്തേണ്ടതുണ്ട്. പതിനാറാം നൂറ്റാണ്ടിന്റെ അവസാനം വരെ നമ്മുടെ ഇന്ത്യൻ സഭയിൽ നാട്ടുകാരായ ബിഷപ്പുമാർ ഉണ്ടായിരുന്നില്ല. സ്വദേശിയായ ആദ്യത്തെ ബിഷപ്പ് മാർത്തോമ്മ ആയിരുന്നു. അദ്ദേഹത്തിന് പട്ടംകൊടുക്കാൻ ഒരു മെത്രാൻ ഉണ്ടായിരുന്നില്ല. അതുമൂലം 12 അച്ചന്മാർ ചേർന്ന് മാർത്തോമ്മായെ വാഴിച്ചു. അങ്ങനെയുണ്ടായ സ്ഥാനദാനം ശരിയോ തെറ്റോ എന്നുള്ളതല്ല ഇവിടെ സംഗതം. ഈ സ്ഥിതി വിശേഷം ഉണ്ടായത് പേർഷ്യൻ സഭ ചെയ്ത അപരാധത്തിന്റെ ഫലമായിരുന്നു എന്ന് വ്യക്തമാക്കുകയാണ്. ഇന്ത്യൻ സഭയുടെ സുദീർഘചരിത്രത്തിൽ ആ സഭക്ക് മെത്രാന്മാരെ അവർ തരാതിരുന്നതുകൊണ്ടായിരുന്നു. ഇതുപോലെ ഒരു വലിയ തെറ്റ് കോപ്റ്റിക് സഭ എത്തിയോപ്യൻ സഭയോടും ചെയ്തു. 20-ാം നൂറ്റാണ്ടുവരെയും ആ സഭയിൽ ബിഷപ്പുന്മാരെ കോപ്റ്റിക് സഭ നൽകിയിരുന്നില്ല.

മാർത്തോമ്മായെ 12 അച്ചന്മാർ ചേർന്ന് മെത്രാനായി വാഴിച്ചിരുന്നില്ലെങ്കിൽ ഇന്നും നാം മെത്രാ



തിരുമേനിയുടെ സഭാജീവിതത്തിന് ഒരു മാർഗ്ഗരേഖ എന്ന പുസ്തകത്തിന്റെ പ്രകാശനം ഡോ. സി. രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു.

മാരില്ലാതെ കഴിയുമായിരുന്നു. ഇതിനുള്ള തെളിവ് 1930 –ൽ മലങ്കരയിൽ വന്ന മാർ ഏലിയാസ് ത്രിതീയൻ വട്ടശ്ശേരി മെത്രാച്ചന്റെ മുടക്കു തീർത്തുവെങ്കിലും കാതോലിക്കായെപ്പറ്റി ഒരക്ഷരംപോലും പറഞ്ഞില്ല. വട്ടശ്ശേരി മെത്രാച്ചന്റെ തണലിൽ കാതോലിക്ക ഇല്ലാതാകുമെന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. എന്നാൽ വട്ടശ്ശേരി തിരുമേനി തന്നെ കാതോലിക്കാക്കുവേണ്ടി നിലകൊള്ളുമെന്നും അദ്ദേഹം മനസ്സിലാക്കിയില്ല. അതിനുമുമ്പ് മലങ്കരയിൽ കാതോലിക്ക ഉണ്ടാകുന്നത് പരിശുദ്ധത്മാവിന് വിരോധമായുള്ള പാപമായും പാത്രിയർക്കീസന്മാർ കൊട്ടിഘോഷിച്ചു പോന്നു. ഈ വാദങ്ങളെല്ലാം 1958 ൽ ഉണ്ടായ സുപ്രീംകോടതി വ്യത്യാസപ്പെടുത്തി. അതിനുമുമ്പ് തെഗ്രീസ് കാതോലിക്കാസ്ഥാനം അനുവദിച്ചിരുന്നുവെങ്കിൽ സഭയിൽ സമാധാനമുണ്ടായി പാത്രിയർക്കീസുമായുള്ള ബന്ധത്തിൽ സഭ നിലനിൽക്കുമായിരുന്നു. അതൊന്നുമല്ല മലങ്കര സഭയെപ്പറ്റിയുള്ള ദൈവ ഇഷ്ടം എന്ന് പിന്നീടുള്ള സംഭവങ്ങൾ വെളിവാക്കി.

1934 ൽ തണ്ടനായ അപ്രേം പാത്രിയർക്കീസ് 'വൃദ്ധൻപുന്നൂസ്' എന്ന പദം ഉപയോഗിച്ച് പാത്രിയർക്കീസിനെ അത്യാവശ്യം ബഹുമാനിച്ചിരുന്ന കാതോലിക്കോസിനെ കളിയാക്കി. അതുകൊണ്ട് മലങ്കര സഭയ്ക്ക് ബന്ധമുണ്ടായ പത്രോസ് തൃതീയൻ മുതലുള്ള ഒരു പാത്രിയർക്കീസും ഇന്ത്യൻ ജനതയിൽപ്പെട്ടവരെ അവർക്കിഷ്ടപ്പെടാത്ത പക്ഷം ബഹുമാനിപ്പാൻ കഴിവുള്ളവരല്ലെന്നും വ്യക്തമാക്കി.

നമ്മുടെ സഭ ഒരു ഇന്ത്യൻ സഭയാണ്. സുറിയാനി സഭയുടെ ഭാഗമല്ല. സുറിയാനി സഭ സുറിയായിലെ മനുഷ്യരുടെ സഭയാണ്. ആ നിലയിൽ മാത്രം അതിനെ ബഹുമാനിക്കണം. മലങ്കര സഭ പേർഷ്യയിലെ സുറിയാനി സഭയിലെയും, അന്ത്യോക്യയിലെ സുറിയാനി സഭയിലെയും ഭാഗമായി തീർന്നത് ചരിത്രപരമായ ഒരു സ്ഖലിതം മാത്രമാണ്. എ.ഡി. 52 ൽ നിലവിൽ വന്നു തുടങ്ങിയ ഇന്ത്യൻ സഭ അന്ത്യോക്യൻ സഭയെക്കാൾ പുരാതനത്വത്തിൽ കുറഞ്ഞതല്ല. അന്ന് സഭ ചെറുതായിരിക്കാം. ഇന്ന് അന്ത്യോക്യൻ സഭയെക്കാൾ വളരെയധികം വലുതാണ്. അത് അന്ത്യോക്യായുടെയോ സെലൂഷ്യായുടെയോ കീഴിൽ സ്ഥിതി ചെയ്യണമെന്ന് ശഠിക്കുന്നതിൽ ഒരു ന്യായവും ഞാൻ കാണുന്നില്ല.

ഈ ദർശനത്തിലാണ് ഞാൻ മുന്നോട്ടുപോകുന്നത്. ഇതിന്റെ വിശദാംശങ്ങൾ വേണ്ട വണ്ണം കാണുന്നവർ സഭയിലെ രണ്ടുകക്ഷികളിലും അധികംപേർ കണ്ടെന്നുവരികയില്ല. അതാണ് ഞാൻ കാണുന്ന വൈഷമ്യം. എന്നാൽ ക്രമേണയായി അത് നീങ്ങികിട്ടും. ഇന്നത്തെ കാതോലിക്കോസ് പക്ഷം ശരിയായ നിലയിലാണ് എല്ലാവിധത്തിലും പോകുന്നതെന്ന് എനിക്ക് അഭിപ്രായമില്ല. സഭ ദൈവത്തിന്റെതാണ്. ഓരോ ദേശത്തും സഭയെ ദൈവം കാത്തുകൊള്ളട്ടെ. അതുപോലെ സുറിയായിലെ സുറിയാനി സഭയെയും ഇന്ത്യയിലെ ഇന്ത്യൻ സഭയെയും ദൈവം കാത്തുകൊള്ളട്ടെ (1. രാജാക്കന്മാർ 19:10–19) വായിക്കണമെ.

സസ്നേഹം  
**വി. സി. ശമുവേലച്ചൻ**  
26.09.1994



തിരുമേനിയുടെ മതം, വർഗ്ഗീയത, സെക്കുലർ സമൂഹം എന്ന പുസ്തകത്തിന്റെ പ്രകാശനം ശ്രീ. പി. ഗോവിന്ദപ്പിള്ള നിർവ്വഹിക്കുന്നു.

# ആദ്ധ്യാത്മികതയുടെ രജതപ്രഭാവം

**ഡോ. എം. ഇ. കുര്യാക്കോസ്**

മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്തമാരിൽ വേറിട്ട വ്യക്തിത്വത്തിനുടമയാണ് അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനി. പൗരസ്ത്യവും പാശ്ചാത്യവുമായ ആദ്ധ്യാത്മിക വേദശാസ്ത്ര തത്വങ്ങൾ താരതമ്യം ചെയ്ത് അവയിൽനിന്ന് ഉറവെടുത്തതാണ് തിരുമേനിയുടെ ജീവിത ക്രൈസ്തവ ദർശനങ്ങൾ. ഓർത്തഡോക്സ് സഭയുടെ വൈദിക പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത കണിശക്കാരൻ.

തിരുമേനി മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്തതിന്റെ രജതജൂബിലി കൊണ്ടാടുന്ന ഈ സന്ദർഭത്തിൽ പ്രാർത്ഥനയുടെ നറുമലരുകൾ ആദ്യംതന്നെ സമർപ്പിക്കട്ടെ. മലങ്കരസഭ ഏറെ പ്രതിരോധത്തിൽ ആയിരുന്ന കാലഘട്ടത്തിൽ നിർണ്ണായക തീരുമാനം എടുക്കുകയും പ്രലോഭനങ്ങളെയും ഭീഷണികളെയും വെല്ലുവിളിച്ച് ആ തീരുമാനത്തിൽ അടിയുറച്ചു വിശ്വസിച്ച് നിലപാടെടുക്കുകയും ചെയ്ത്, സമചിത്തതയോടെ നിലകൊണ്ട തിരുമേനി സഭാമക്കൾക്ക് ആവേശമാണ്. അയൽപക്കത്തുനിന്ന് സഭയ്ക്കുവേണ്ടി ഏറെ അടരാടിയ തിരുമേനിയോടൊപ്പം അണിചേരുവാൻ സാധിച്ചതിൽ എനിക്ക് അതിയായ അഭിമാനമുണ്ട്. എത്ര കലുഷിതമായ സന്ദർഭങ്ങളിലും മനസ്സിന്റെ സമചിത്തത കൈവിടാതെ പക്വതയോടെ അവയെ നേരിടാൻ തിരുമേനി കാണിക്കുന്ന ആർജ്ജവവും തന്റേടവും പ്രശംസനീയമാണ്.

മലങ്കര ഓർത്തഡോക്സ് സഭവക കോളജുകളുടെ കോർപ്പറേറ്റ് മാനേജരായി നിയമിതനായതിനുശേഷമാണ് തിരുമേനിയെ ഏറെ അടുത്തറിയാൻ എനിക്ക് ഇടയായത്. ഈ പദവിയിലിരുന്നുകൊണ്ട് കോളജുകളുടെ ഭരണനിർവ്വഹണം പഠനവിധേയമാക്കി ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. കലാലയങ്ങളിൽ നടക്കേണ്ട പരമപ്രധാനമായ കൃത്യം അദ്ധ്യയനം ആണെന്നു മനസ്സിലാക്കി അത് ശരിയായി നടക്കണമെന്ന നിഷ്കർഷിച്ചതുവഴി കോളജുകളിലെ അക്കാദമിക രംഗത്ത് കൂടുതൽ ഉണർവ്വുണ്ടായി. അതിന്റെ ഭാഗമായി ഓരോ അക്കാദമിക വർഷത്തിലും ക്രമമായി കലാലയങ്ങൾ സന്ദർശിക്കുകയും ഓരോ ഡിപ്പാർട്ടുമെന്റിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യാറുണ്ട്. മാത്രമല്ല, കോളജ് പ്രിൻസിപ്പൽമാരെ മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടി ചർച്ചകൾ നടത്തി തീരുമാനങ്ങളെടുക്കാനും തിരുമേനി ശ്രദ്ധിക്കുന്നു. അദ്ധ്യാപകനിയമനത്തിൽ മെരിറ്റിനൊപ്പം മാനുഷിക പരിഗണനയും കണക്കിലെടുക്കുന്നു. അനദ്ധ്യാപക നിയമനത്തിലാകട്ടെ, സഭയിലും സമൂഹത്തിലും പിൻതള്ളപ്പെട്ടവർക്ക് അർഹമായ പരിഗണനനൽകണമെന്ന കാര്യത്തിൽ തിരുമേനി നല്ല നിഷ്കർഷ പുലർത്താറുണ്ട്. അന്യജീവനുതകി സ്വജീവിതം ധന്യമാക്കുകയാണല്ലോ വിവേകികൾ ചെയ്യാറുള്ളത്. വ്യക്തികളേക്കാൾ സ്ഥാപനങ്ങൾക്കും അതുവഴി സഭയ്ക്കും സമൂഹത്തിനുമാകണം പ്രാധാന്യം എന്ന തത്വത്തിൽ അധിഷ്ഠിതമായിട്ടാണ് അദ്ധ്യാപക-അനദ്ധ്യാപക സ്ഥലംമാറ്റം പോലും പരിഗണിക്കേണ്ടത് എന്നതാണ് തിരുമേനിയുടെ പക്ഷം.

കോട്ടയം ജില്ലയിലെ പാമ്പാടി കെ.ജി. കോളജിൽ 2008 മുതൽ 2015 വരെ ഏഴുവർഷക്കാലം പ്രിൻസിപ്പലായി ജോലി ചെയ്ത എനിക്ക് തിരുമേനിയുടെ നേതൃത്വപാടവവും സഹായകമായി. കോളജിന്റെ ഭൗതികവും അക്കാദമികവുമായ വളർച്ചയ്ക്ക് മാനേജ്മെന്റിന്റെ അകമഴിഞ്ഞ സഹായവും സഹകരണവും എനിക്ക് ലഭിച്ചു. കോർപ്പറേറ്റ് മാനേജർ എന്ന നിലയിൽ തിരുമേനി എനിക്ക് നൽകിയ സ്വാതന്ത്ര്യവും വിശ്വാസവും ധൈര്യവും എന്റെ പ്രവർത്തനങ്ങൾക്ക് ബലമുള്ള അസ്ഥിവാരമായി. അതിനാൽ ഞാൻ അദ്ദേഹത്തോട് ഏറെ കടപ്പെട്ടിരിക്കുന്നു.

തിരുമേനി നേതൃത്വം കൊടുക്കുന്ന കോർപ്പറേറ്റിന്റെ കീഴിലുള്ള ഇതരസ്ഥാപനങ്ങളിലും മേൽപ്പറഞ്ഞതുപോലെ കാര്യക്ഷമമായ ഭരണനിർവ്വഹണം നടക്കുന്നു. കർമ്മമാണ് ധർമ്മം എന്ന് വിശ്വസിച്ചുകൊണ്ട് വേദനിക്കുന്ന മനസ്സുകളുടെ ഹൃദയഭാരം ഏറ്റെടുത്ത് ആർദ്രതയുള്ള മനസ്സുമായി തിരുമേനി വിരാജിക്കുന്നു. നന്മയുടെയും കാരുണ്യത്തിന്റെയും വിവേകത്തിന്റെയും മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന തിരുമേനിക്ക് ആയുരാരോഗ്യസൗഖ്യം നേർന്നുകൊള്ളുന്നു.





# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ

**2015 മെയ് 3-ാം തീയതി 25 വർഷം എപ്പിസ്ക്കോപ്പൽ ചുമതല പൂർത്തിയാക്കിയ കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് ഭദ്രാസന സെക്രട്ടറി ഫാ. എബ്രഹാം കാരാമ്മേലിന്റെ അന്വേഷണങ്ങൾക്ക് മറുപടി പറയുന്നു.**

**ഈ വർഷം അങ്ങയുടെ എപ്പിസ്ക്കോപ്പൽ സ്ഥാനാരോഹണം കഴിഞ്ഞിട്ട് 25 വർഷം തികയുകയാണല്ലോ. നിർവ്വഹിച്ച ശുശ്രൂഷയെപ്പറ്റി എങ്ങനെ വിലയിരുത്തുന്നു?**

എന്റെ സഭാശുശ്രൂഷ വിലയിരുത്തുന്നതിന് ഞാൻ ശ്രമിക്കുന്നില്ല. അത് ശ്രദ്ധിച്ചിട്ടുള്ളവർ ആ വിഷയം സംബന്ധിച്ച് അഭിപ്രായങ്ങൾ പറയട്ടെ. ഏതായാലും ഈ ശുശ്രൂഷ ഞാൻ ഏറ്റെടുത്തത് ദൈവനിയോഗപ്രകാരമായിരുന്നു എന്നാണ് എന്റെ ധാരണ. അതുകൊണ്ട് എന്നെക്കൊണ്ടാവും വിധവും എന്റെ മനസാക്ഷിയോട് കഴിവുപോലെ സത്യസന്ധത പുലർത്തിയും സഭാ ശുശ്രൂഷ നിർവ്വഹിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. തീർച്ചയായും വ്യക്തിപരമായ എന്റെ പരിമിതികൾ, കുറവുകൾ, പാളിച്ചകൾ, ശ്രദ്ധക്കുറവുകൾ എല്ലാം ഈ രംഗത്ത് ഉണ്ടായിട്ടുണ്ട്.

കൂടാതെ ഒരു വ്യക്തിയുടെ സഭാശുശ്രൂഷ അദ്ദേഹം ആ സ്ഥാനത്ത് തുടരുമ്പോൾ തന്നെ വിലയിരുത്താനാകും എന്ന് എനിക്കു ചിന്തയില്ല. അതിന്റെ സ്വാധീനവും ഗുണവും ദോഷവുമായ ഫലങ്ങളും തുടർന്നുവരുന്ന കാലഘട്ടങ്ങളിൽ മാത്രമേ വ്യക്തമാവുകയുള്ളൂ. അതുകൊണ്ട് എന്റെ ശുശ്രൂഷയിൽ വിലയിരുത്താൻ എന്തെങ്കിലും ഉണ്ടെങ്കിൽ അതു വരും തലമുറക്കാർ ചെയ്യട്ടെ. തീർച്ചയായും എന്റെ വീക്ഷണങ്ങളും നടപടികളും സംബന്ധിച്ച് എന്റേതായ വിശദീകരണങ്ങൾ എനിക്കുണ്ട്. എന്നാൽ അത് എന്റെ വ്യക്തിപരമായ കാഴ്ചപ്പാടുകൾ മാത്രം ആയിരിക്കുമല്ലോ.

**സഭാ ചരിത്രത്തിൽ മെയ് 3 ന് ചില പ്രത്യേകത കൾ ഉണ്ടല്ലോ. അതു പരിഗണിച്ചാണോ സ്ഥാനാ രോഹണത്തിന്റെ തീയതി നിശ്ചയിച്ചതും പേര് സ്വീകരിച്ചതും?**

മെയ് 3 കണ്ടനാട് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത മുറിമറ്റത്തിൽ തിരുമേനിയുടെ ഓർമ്മദിനമാണ്. അലക്സന്ത്രിയായിലെ വലിയ മാർ അത്താനാസിയോസിന്റെ ചരമദിനവും അന്നു തന്നെയാണ്. പേരുകൊണ്ടും പിന്തുടർച്ചകൊണ്ടും എന്റെ സഭാശുശ്രൂഷയോട് ബന്ധപ്പെട്ട രണ്ടു പി താക്കൻമാരുടെ സ്മരണദിനമാണ് മെയ് 3. എന്നാൽ അതു അന്ന് ആരും ശ്രദ്ധിച്ചല്ല വാഴ്ച്ച യുടെ തീയതി തീരുമാനിച്ചതും അത്താനാസി യോസ് എന്ന പേര് നൽകിയതും.



അവ കോയിൻസൈഡ് ചെയ്തത് സാന്ദർഭികമാ ണ്; അല്ലെങ്കിൽ ദൈവനിയോഗമാകാം.

**ശെമ്മാശൻ മുതൽ മെത്രാപ്പോലീത്ത വരെയുള്ള സ്ഥാനങ്ങൾ ആറു മാസത്തിനുള്ളിലാണല്ലോ സിദ്ധിച്ചത്. ശുശ്രൂഷാരംഗത്ത് അനുഭവജ്ഞാനം ഇല്ലാതെ ചുമതല ഏറ്റെടുത്തതിനെപ്പറ്റി എങ്ങനെ ചിന്തിക്കുന്നു?**

യൗഫ്ദ് യോകെനോ, ശെമ്മാശൻ സ്ഥാന ങ്ങൾ 1989 ഡിസംബർ 24 ന് ലഭിച്ചു. ഒരു മാസത്തി നുള്ളിൽ (ജനുവരി 22) കശ്ശീശാപട്ടവും സ്വീകരി ച്ചു. അന്നേദിവസം ഉച്ചകഴിഞ്ഞ് കണ്ടനാട് ഭദ്രാസ നത്തിന്റെ പള്ളിപ്രതിപുരുഷയോഗം ചേർന്ന് മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ചേർന്ന് തെര ഞ്ഞടുപ്പ് അംഗീകരിച്ച് മാർച്ച് 30 ന് ദയറാവസ്ത്രം നൽകി. 1990 മെയ് 3 ന് മൂവാറ്റുപുഴ അരമന പള്ളി യങ്കണത്തിൽ നിർമ്മിച്ച താത്ക്കാലിക ദൈവാലയ ത്തിൽ വച്ച് ശ്രേഷ്ഠകാതോലിക്ക ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവാ സുന്നഹദോസ് അംഗ ങ്ങളുടെ സഹകരണത്തോടെ മെത്രാപ്പോലീത്ത സ്ഥാനം നൽകി. അങ്ങനെ ഉപശെമ്മാശൻ മുതൽ മെത്രാപ്പോലീത്തസ്ഥാനം വരെയുള്ള പൗരോഹിത്യ ചുമതലകൾ ഹ്രസ്വമായ ഒരു കാലയളവിലാണ് ലഭിച്ചത്.

എപ്പിസ്ക്കോപ്പൽ ശുശ്രൂഷയ്ക്ക് നീണ്ടകാ ലത്തെ അനുഭവപരിചയം ആവശ്യമുണ്ട് എന്നെനിക്ക് ചിന്തയില്ല. ദീർഘകാലം വൈദീകനായതുകൊണ്ടോ, അരമനയിൽ കഴിഞ്ഞുകൂടിയതുകൊണ്ടോ വിജയകര മായ സഭാദ്ധ്യക്ഷശുശ്രൂഷ നിർവ്വഹിക്കാനാവണം എന്നില്ല. ശുശ്രൂഷ നിർവ്വഹണം കാര്യക്ഷമമാകുന്ന തിന് ചില ചേരുവകൾ ഒത്തുചേരേണ്ടതുണ്ട്: എപ്പി സ്ക്കോപ്പൽ ശുശ്രൂഷ സംബന്ധിച്ചുള്ള ആശയവ്യക്തത, നിരീക്ഷിക്കുവാനും പഠിക്കുവാനു മുള്ള സന്നദ്ധത, മറ്റുള്ളവരിൽ നിന്ന് സഹായം തേടു വാനും അവരെ സഹകരിപ്പിക്കുവാനുമുള്ള സൗമന സ്യം, അറിവില്ലായ്മ സമ്മതിക്കുവാനുള്ള വിനയം, അധ്വാനിക്കുവാനുള്ള തയ്യാറെടുപ്പ്, പ്രശ്നവിഷയ ങ്ങൾ കൈകാര്യം ചെയ്യുമ്പോഴുള്ള നിഷ്പക്ഷത, ശുശ്രൂഷയോടുള്ള ആത്മാർത്ഥത, തുറന്നകാഴ്ചപ്പാ ടുകൾ, ആവശ്യമായ സന്ദർഭങ്ങളിൽ പ്രയോഗി ക്കേണ്ട തീരുമാനശേഷി, വിരട്ടുകളുടെ മുമ്പിൽ എതിർക്കുവാനുള്ള സാഹസികത, അധികാര-ധന- സുഖഭോഗതൃഷ്ണകളിലുള്ള മിതത്വം, പൊരുത്തപ്പെ ടുവാനും ക്ഷമിക്കുവാനുമുള്ള സന്നദ്ധത, ഉറച്ചനില പാടുകൾ, ശരി തിരിച്ചറിയുമ്പോൾ അംഗീകരിക്കുവാ നുള്ള ധൈര്യം, വൈവിധ്യങ്ങളോടുള്ള സഹിഷ്ണ ത, വ്യക്തിപരമായ സ്നേഹം നിലനിർത്തുമ്പോഴും നീതി കൈവിടാതെയുള്ള സമീപനം, ശരി അല്ലാത്ത തിനോട് വിയോജിക്കുവാനുള്ള നട്ടെല്ല്, ഇവയെല്ലാ മാണ് ശുശ്രൂഷാജീവിതത്തെ വിജയപ്രദമാക്കുന്നത് എന്നാണ് എന്റെ ചിന്ത. ദീർഘകാല പരിചയം കൊണ്ട് ഇവ സൃഷ്ടിക്കപ്പെടുമെന്ന് എനിക്ക് ഒരു ധാരണയുമില്ല. ഇത് കൂടാതെ ദീർഘകാലം വൈദീക ശുശ്രൂഷയിൽ ഇരുന്നതിന്റെ ഗർവ്വ്, മടുപ്പ്, അഭ്യാസ ങ്ങൾ ഇവയെല്ലാം ഫലപ്രദമായ എപ്പിസ്ക്കോപ്പൽ ശുശ്രൂഷാ നിർവ്വഹണത്തിന് തടസ്സമാകാം എന്നാണ് എന്റെ നിരീക്ഷണം. കൂടാതെ വൈദീകശുശ്രൂഷ യിൽ നിന്ന് തികച്ചും ഭിന്നമാണ് എപ്പിസ്ക്കോപ്പൽ ശുശ്രൂഷ. വൈദീകരായി മികവുകാട്ടിയവർ പലരും എപ്പിസ്ക്കോപ്പൽ സ്ഥാനത്ത് പരാജയപ്പെടാറുമുണ്ട്. ദൈവനിയോഗബോധവും അതിനോടുള്ള നിരന്തര മായ വിധേയത്വവും ആത്മവിമർശനവും വളരെ പ്രധാനമായി ഈ രംഗത്തുള്ളവർ പരിഗണിക്കേണ്ട തുമാണ്.

**പറഞ്ഞ കാര്യങ്ങൾ സ്വന്തം ശുശ്രൂഷയുമായി ബന്ധിച്ച് വിശദീകരിക്കാമോ?**

മേർപ്പട്ടക്കാർ അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട പള്ളികൂദാശ, പട്ടംകൊട തുടങ്ങിയ പ്രത്യേക ശുശ്രൂഷകൾ മാത്രമല്ല വൈദീകർ അറിഞ്ഞിരിക്കേണ്ട കൗദാശിക ആരാധന ക്രമങ്ങൾപോലും പഠിക്കാതെയാണ് ഈ സ്ഥാനത്തെത്തിയത്. എന്നാൽ അത്യാവശ്യമുള്ള ക്രമങ്ങൾ പഠിച്ചെടുക്കുവാൻ അതറിയാവുന്ന ശെമ്മാശൻ തൊട്ട് ആരുടെയും സഹായം തേടുന്നതിന് എനിക്കൊരു ബുദ്ധിമുട്ടും തോന്നിയിട്ടില്ല. ശുശ്രൂഷാ സംവിധാനങ്ങൾ, ആരാധാന ക്രമങ്ങൾ എന്നിവയുടെ ഘടനയും വേദശാസ്ത്രവും സംബന്ധിച്ച് കുറെയേറെ സ്വയമായി പഠിച്ച് മനസ്സിലാക്കി. ഗീതങ്ങളുടെ താളവും രാഗവുമൊന്നും ഇന്നും അത്ര നിശ്ചയം പോരാ. അതെല്ലാം പഠിക്കണമെന്ന് ഇന്നും എനിക്ക് തോന്നിയിട്ടില്ല. കാരണം അവയൊന്നും പഠിക്കാനുള്ള മിടുക്ക് എനിക്കു ദൈവം തന്നിട്ടില്ല. അതുകൊണ്ട് അതൊന്നും സ്വായത്തമാക്കണമെന്നുള്ള ആഗ്രഹവും തോന്നിയിട്ടില്ല. എന്നാൽ അവ നിശ്ചയമുള്ള വൈദീകരുടെ സഹകരണത്തോടെ ശുശ്രൂഷകൾ ഭംഗിയായും ചിട്ടയായും നിർവ്വഹിക്കാനാവും എന്നാണ് എന്റെ അനുഭവം. ശുശ്രൂഷകൾ നടത്തുന്നതിനുള്ള ഒരുക്കം, നടത്തുമ്പോഴുള്ള അച്ചടക്കം പൂർത്തീകരണത്തിനുള്ള സമയക്ലിപ്തത എന്നിവയാണ് ശുശ്രൂഷ ആസ്വാദ്യകരമാക്കുന്നത്.

മറ്റൊരു കാര്യം എപ്പിസ്ക്കോപ്പൽ ശുശ്രൂഷയുമായി ബന്ധപ്പെട്ട ഭരണപരമായ വിഷയങ്ങളുടെ നിർവ്വഹണമാണ്. ശുശ്രൂഷ കാര്യക്ഷമമാക്കുന്നതിന് നല്ല മാർഗ്ഗം. ഇവിടെ കാര്യശേഷിയും പ്രാവീണ്യമുള്ളവരുടെ സേവനവും ഉപയോഗപ്പെടുത്തുവാനാകും. സമയലാഭം ഉണ്ടാകും, അധ്വാനഭാരം ലഘൂകരിക്കപ്പെടും, പ്രവർത്തനങ്ങൾ കാര്യക്ഷമമായിത്തീരുകയും ചെയ്യും. അതുകൊണ്ട് വൈദീക തെരഞ്ഞെടുപ്പ്, വിവാഹ-കുടുംബ സംബന്ധകാര്യങ്ങൾ, വികസനം, ആസൂത്രണം എന്നിവ സംബന്ധിച്ച വിഷയങ്ങൾ പള്ളി പ്രശ്നങ്ങൾ, നിയമകാര്യങ്ങൾ എന്നിവയ്ക്കെല്ലാം യോജിച്ച വ്യക്തികളെ ചേർത്ത് കമ്മിറ്റികൾക്ക് രൂപംകൊടുത്തു. സ്വയമായി കാര്യങ്ങൾ ചെയ്യുന്നതിലേറെ നല്ലത് ഒരു സംവിധാനത്തിന്റെ ഭാഗമായി സ്വയം പരിമിതപ്പെടുത്തി പ്രാപ്തരായ വ്യക്തികളുടെയും സമിതികളുടെയും സഹായത്തോടെ ഒരു സംവിധാനം നിലനിർത്തുകയാണ് കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന് അഭികാമ്യം എന്നാണ് എന്റെ അനുഭവം.

കൂടാതെ മറ്റുള്ളവരുടെ ആശയങ്ങൾ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ



മെത്രാഭിഷേകത്തിനുശേഷം ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായോടും അഭി.എബ്രാഹാം മാർ ക്ലീമീസ് തിരുമേനിയോടുമൊപ്പം

ആലോചനയോടെ ഉൾകൊള്ളുകയും അവ പ്രാവർത്തികമാക്കുവാൻ അവരുടെ സഹകരണം തേടുകയും ചെയ്തു. എന്റെ കൂടെ പ്രവർത്തിച്ചിട്ടുള്ള ശെമ്മാശന്മാർ, വൈദീകർ, അൽമായക്കാർ എന്നിവരോടെല്ലാം ഈ രംഗത്തുള്ള എന്റെ കടപ്പാട് നിസ്സീമമാണ്.


അതുപോലെ സമൂഹത്തിലും സഭയിലുമുള്ളവരുടെ ആവശ്യങ്ങളോട് അനുഭാവപൂർണ്ണമായ സമീപനം ശുശ്രൂഷയെ സഹായിക്കുന്ന ഘടകമാണ്. അവരുടെ ആവശ്യങ്ങൾ പരിഗണിച്ചാകണം ഭദ്രാസനത്തിന്റെ സാമൂഹിക-ജീവകാരുണ്യ ദൗത്യനിർവ്വഹണപ്രവർത്തനങ്ങൾ. സഭാദ്ധ്യക്ഷന്മാരുടെ മാനസ്സികവൈകാരിക സന്തോഷങ്ങൾ അല്ല ഈ കാര്യങ്ങൾ നിയന്ത്രിക്കേണ്ടത്. ഈ ഭദ്രാസനാതിർത്തിയിലെ പ്രവർത്തനങ്ങളെല്ലാം മേൽപ്പറഞ്ഞ രീതിയിൽ ആവശ്യങ്ങളോടുകൂടിയ പ്രതികരണമായിട്ടാണ് രൂപം കൊണ്ടത്.

ചുരുക്കത്തിൽ സ്വയം പഠിച്ചും മറ്റുള്ളവരെ സഹകരിപ്പിച്ചും സ്വയമായി സാധിക്കാത്തത് മറ്റുള്ളവരുടെ മിടുക്കും പ്രാവീണ്യവും ഉപയോഗപ്പെ

ടുത്തിയും മനുഷ്യരുടെ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചും ചുമതലകൾ നിർവ്വഹിക്കുവാൻ ശ്രമിക്കുമ്പോൾ അവിടെയൊരു ക്രമം രൂപപ്പെടും എന്നാണെന്റെ അനുഭവം. ചിന്താശേഷിയും അനുഭവജ്ഞാനവും ഉള്ളവരെ ഉൾകൊണ്ടുകൊണ്ട് പ്രവർത്തിക്കുമ്പോൾ സ്വന്തമായുള്ള പരിമിതികൾ, പരിധികൾ എന്നിവ പരിഹരിക്കപ്പെടും എന്നും നിരീക്ഷിക്കുന്നു.

**ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം?**

പ്രത്യേകിച്ച് ഒന്നുമില്ല. ലഭ്യമാകുന്നതെന്തും കഴിക്കും. ഓരോ കവിൾ ഭക്ഷണത്തിനും ദൈവത്തിനു നന്ദി.



തിരുമേനിയുടെ മാതാപിതാക്കൾ

**മാതൃകാ വ്യക്തി?**

അങ്ങനെയൊരു വ്യക്തിയെ കണ്ടെത്താനായിട്ടില്ല. ഏറെ നന്മകൾ ഉള്ള ധാരാളം പേരെ അറിയാം. എന്നാൽ ആ നന്മകൾ എല്ലാം പകർത്താൻ എന്നെക്കൊണ്ടാവുന്നുമില്ല. ഏതു മനുഷ്യനിൽ നിന്നും എന്തെങ്കിലുമൊക്കെ പഠിക്കാനാവും.

**ശുശ്രൂഷാ ജീവിതത്തിൽ ഏറ്റവും സ്വാധീനിച്ച വ്യക്തി?**

എന്റെ പിതാവാണ്. കാപട്യമില്ലാത്ത, തലക്കനമില്ലാത്ത, മനുഷ്യസ്നേഹമുള്ള, നീതിബോധം പ്രകടിപ്പിച്ച, വിശ്വാസിച്ചതിനോട് ചേർന്നുനിന്ന് സഭയെ സ്നേഹിച്ച ഒരു വൈദീകനായിരുന്നു അദ്ദേഹം. പകൽകാലങ്ങളിൽ വേദപുസ്തകം വായിച്ചും ഇടവകക്കാരെ സന്ദർശിച്ചും സമയം കഴിക്കുമായിരുന്നു. അദ്ദേഹം കിടന്നിരുന്ന മുറിയിലാണ് ഞാൻ അന്തിയുറങ്ങിയിരുന്നത്. രാത്രിയാമങ്ങളിൽ താൻ ഹൃദിസ്ഥമാക്കിയിരുന്ന അപ്രേമിന്റെ മെമ്രാകൾ കട്ടിലിൽ മുട്ടിൽമേലിരുന്ന് ഉരുവിട്ടുകൊണ്ടിരുന്നതിന്റെ മാറ്റൊലി ഇന്നും എന്റെ മനസ്സിൽ നിന്നും മാഞ്ഞിട്ടില്ല. ഇത് എന്നെ സഭാശുശ്രൂഷയിലേക്ക് നയിക്കുന്നതിന് നിർണ്ണായകമായി. എന്നാൽ ആ ഗുണമൊന്നും ഏനിക്കിന്ന് അവകാശപ്പെടാനില്ല.

**ഏറ്റവും ആദരിക്കുന്ന സഭാമേലദ്ധ്യൻ?**

ആർച്ച് ബിഷപ്പ് ജോസഫ് പൗവ്വത്തിൽ പിതാവ്. എന്റെ കാഴ്ചപ്പാടിൽ പല കാര്യത്തിലും യാഥസ്ഥിതികനാണ് അദ്ദേഹം. പലവിഷയത്തിലും എനിക്ക് വിയോജിപ്പുമുണ്ട്, എന്നാൽ ആ മനസ്സ് വളരെ മനോഹരമാണ്. പെരുമാറ്റം അകൃത്രിമമാണ്. കാഴ്ചപ്പാട് വ്യക്തമാണ്. തീരുമാനം ദൃഢമാണ്., ഇടപെടൽ കുലീനമാണ്. ഋജുബുദ്ധിയായ പിതാവിന് വക്രതയും വഞ്ചനയും അന്യമാണ്. ഇത്തരം മാതൃകകൾ സഭാനേതൃത്വത്തിൽ വിരളം.

**വേദപുസ്തകത്തിലെ ഏറ്റവും ഹൃദ്യമായ ഗ്രന്ഥം?**

വി. യോഹന്നാന്റെ സുവിശേഷം.

**ഇഷ്ടപ്പെട്ട വേദപുസ്തക കഥാപാത്രം?**

താമാർ

**അങ്ങ് പാത്രിയർക്കീസ് കക്ഷിയിലാണല്ലോ പട്ടമേറ്റത്. ഒരു സഭാദ്ധ്യക്ഷൻ എന്ന നിലയിൽ ഏതു തരത്തിലുള്ള ശുശ്രൂഷയാണ് നിർവ്വഹിക്കുവാൻ ശ്രദ്ധിച്ചത്?**

അന്ന് സഭയുടെ (പാത്രീയർക്കീസ് വിഭാഗം) അവസ്ഥ പരിതാപകരമായിരുന്നു. അന്തഃഛിദ്രം പൂർണ്ണതയിലായിരുന്നു. സഭയിൽ അരാജകത്വം നിലനിന്നിരുന്നു. മേൽപ്പട്ടക്കാരിൽ ഒരുകൂട്ടം ശ്രേഷ്ഠകാതോലിക്കായോട് കലഹിച്ച് പരസ്യകല്പനകൾ ഇറക്കി വ്യക്തിപരമായി അദ്ദേഹത്തെ അപമാനിച്ചും സഭാശുശ്രൂഷയെ തടസ്സപ്പെടുത്തിക്കൊണ്ടും ഇരുന്നു. പരി. പാത്രിയർക്കീസ് ബാവ അതിനു വളം വച്ച് അന്തരീക്ഷം വഷളാക്കി. അതുകൊണ്ട് കാതോലിക്കേറ്റിനെ ശക്തിപ്പെടുത്തി അന്തഃഛിദ്രത്തിന് അറുതി വരുത്തണം എന്ന് ആഗ്രഹവുമായിട്ടാണ് സഭാശുശ്രൂഷയിലേക്ക് കട

ന്നുവന്നത്. അതിന്റെ ഭാഗമായി ബാവായ്ക്ക് പിന്തുണയും സംരക്ഷണവും നൽകുവാൻ പ്രത്യേകം ശ്രദ്ധിച്ചു. തുടർന്നു വാഴിക്കപ്പെട്ട മെത്രാപ്പോലീത്താമാരുടെ തെരഞ്ഞെടുപ്പുകളിൽ ഈ ലക്ഷ്യം മുന്നിൽകണ്ട് നിർണ്ണായക നീക്കങ്ങൾ നടത്തുവാൻ ശ്രമിച്ചു. സ്വയം ഭരണാവകാശവും ശിക്ഷണവും നഷ്ടമായ ഈ സഭാ വിഭാഗം ആ അവസ്ഥയിൽ നിന്നു പുറത്തുവരേണ്ടത് അനിവാര്യമായി ഞാൻ കരുതി.

മലങ്കരസഭയും അന്ത്യോഖ്യാ പാത്രിയർക്കേറ്റും തമ്മിൽ അന്ന് നിലനിന്നിരുന്ന ബന്ധം ഒട്ടും ആരോഗ്യകരമായിരുന്നില്ല. മലങ്കര സഭയിലെ ആഭ്യന്തരകാര്യങ്ങളിൽ ഒരു നിബന്ധനയും കൂടാതെ പാത്രിയർക്കീസ് ഇടപെട്ടുകൊണ്ടിരുന്നു. പാത്രിയർക്കീസ് വിഭാഗത്തിലെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെ ദുർബലമാക്കിക്കി, നോക്കുകുത്തിയാക്കി പാത്രിയർക്കീസിന്റെ അടുക്കൽ സ്വാധീനം ഉണ്ടായിരുന്ന മെത്രാപ്പോലീത്തമാർ അവരുടെ സ്വാർത്ഥ താത്പര്യത്തിന്റെ സംരക്ഷണത്തിനുവേണ്ടി മലങ്കരസഭയിൽ ഇടപെടീച്ചുകൊണ്ടിരുന്നു. ആ ഇടയ്ക്ക് ശിക്ഷാനടപടികൾ എടുക്കുന്നതിനുവേണ്ടി കാരണം കാണിക്കൽ നോട്ടീസും ശ്രേഷ്ഠ കാതോലിക്കായുടെ പേരിൽ അയച്ചുകൊടുത്തിരുന്നു. ഈ ദുസ്സഹസാഹചര്യത്തിന് അറുതിവരുത്തണമെങ്കിൽ പേത്രിയർക്കേറ്റും കാതോലിക്കേറ്റും തമ്മിലുള്ള ബന്ധം വ്യവസ്ഥാപിതമായേ തീരുവെന്ന് എനിക്കു ബോധ്യമായി. ആ സാഹചര്യത്തിലായിരുന്നു 'മലങ്കര സഭയുടെ ഘടന മാറണം' എന്ന പേരിൽ നാലു ലക്കങ്ങളിലായി ഡയോസിസൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചത്.

അന്ത്യോഖ്യാ മലങ്കര ബന്ധം വ്യവസ്ഥാപിതമാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാവില്ല എന്നു ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ഇതിനുള്ള പരിഹാരം മലങ്കരസഭയുടെ ഐക്യമാണ് എന്ന് എനിക്കുറപ്പായി. ഹൈക്കോടതിയിൽ പാത്രിയർക്കീസ് വിഭാഗം പൂർണ്ണമായും തോറ്റ സാഹചര്യത്തിൽ പാത്രിയർക്കീസ് കക്ഷിയിൽ നിന്ന് ഐക്യനീക്കത്തിന് പിന്തുണ ലഭിക്കുകയും ചെയ്തു. എന്നാൽ ഓർത്തഡോക്സ് വിഭാഗം പാത്രിയർക്കീസ് വിഭാഗത്തെ നിയമപരമായി കീഴ്പ്പെടുത്തി സഭാപ്രശ്നത്തിന് പരിഹാരമുണ്ടാക്കുവാനാണ് ശ്രമിച്ചത്. അതുകൊണ്ട് ആ ശ്രമം നടക്കാതെ പോയി.

ആ സാഹചര്യത്തിൽ പാത്രിയർക്കീസ് വിഭാഗത്തെ ശക്തിപ്പെടുത്തുകയായിരുന്നു ഏക പോംവഴി. എക്യുമെനിക്കൽ ബന്ധങ്ങളിൽ പാത്രിയർക്കീസ് വിഭാഗം പൂർണ്ണമായി ഒറ്റപ്പെട്ട സാഹചര്യമായിരുന്നു. കത്തോലിക്കാ സഭയുമായി വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച സംവാദം നിന്നുപോയിരുന്നു. എക്യുമെനിക്കൽ സമിതികളൊന്നിലും സഭയ്ക്ക് വേണ്ടവിധം പ്രവർത്തിക്കാനായില്ല. ആ സമയത്ത് കേരള കൗൺസിൽ ഓഫ് ചർച്ചിന്റെ അദ്ധ്യക്ഷൻ കത്തോലിക്ക-സിറിയൻ-ഓർത്തഡോക്സ് ഡയലോഗ് കമ്മീഷന്റെ കോ-ചെയർമാൻ, വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ മിഷൻ ആന്റ് ഇവാൻജലിസം കമ്മീഷനിലെ അംഗം കേരളത്തിലെ സഹോദരീസഭകളിലെ പരിപാടികളിലെ സജീവ പങ്കാളിത്തം എന്നവയിലൂടെ എനിക്ക് ലഭിച്ച അവസരങ്ങൾ വഴി പാത്രിയർക്കീസ് വിഭാഗത്തെ എക്യുമെനിക്കൽ ബന്ധങ്ങളിൽ കൂടുതൽ ശ്രദ്ധിപ്പിക്കുവാൻ ശ്രമിച്ചു. കത്തോലിക്കാ സഭയുമായി ആരാധന-കൗദാശിക ബന്ധങ്ങളിൽ വ്യക്തമായ ചുവട് വയ്പുകൾ ഉണ്ടായത് ഈ കാലഘട്ടത്തിലാണ്. പാത്രിയർക്കീസ് വിഭാഗത്തിന്റെ പ്രതിഛായയും നിലനിൽപും അപകടത്തിലായിക്കൊണ്ടിരുന്ന ആ സന്ദർഭത്തിൽ അത് തടഞ്ഞ് കെട്ടുറപ്പുള്ള സഭാ ബന്ധങ്ങൾ ഉള്ള ചുറ്റുപാടുകളോട് ആരോഗ്യകരമായി പ്രതികരിക്കുന്ന ഒരു സഭയായി പരിവർത്തിക്കുന്നതായിരുന്നു ആ കാലത്തുള്ള ഈ രംഗത്തുള്ള എന്റെ ലക്ഷ്യബിന്ദു (focus) വും സഭാശുശ്രൂഷയിലെ മുൻഗണനയും (priority)

**ആ കാലത്ത് മലങ്കരയിലെ കക്ഷിവഴക്കുകൾ അവസാനിപ്പിക്കുവാനായി തിരുമേനി ശ്രമം നടത്തിയില്ലേ? അതിനുള്ള പ്രേരണ എന്തായിരുന്നു?**

സഭാ യോജിപ്പിന് പ്രവർത്തിക്കുവാനുള്ള ശ്രമത്തിന്റെയും അടിസ്ഥാന പ്രേരണ പാത്രിയർക്കീസ് വിഭാഗം വന്നുപെട്ടിരിക്കുന്ന ഊരാക്കുടുക്കിൽ നിന്നും അതിനെ സ്വതന്ത്രവും കെട്ടുറപ്പും വ്യക്തിത്വമുള്ള സഭയാക്കിത്തീർക്കണം എന്ന താത്പര്യമായിരുന്നു. 'ഊരാക്കുടുക്ക്' എന്ന പദംകൊണ്ട് ഞാൻ അർത്ഥമാക്കുന്നത് ഒന്ന്: വ്യക്തതയില്ലാത്ത അന്ത്യോഖ്യ പാത്രിയർക്കേറ്റുമായുള്ള ബന്ധം നിരന്തരം ഈ വിഭാഗത്തിൽ ആഭ്യന്തര പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സന്ദർഭം. രണ്ട്: മലങ്കരയിലെ പാത്രിയർക്കീസ് വിഭാഗത്തിന്റെ വ്യക്തിത്വം, സ്വാതന്ത്ര്യം എന്നിവ അന്ത്യോഖ്യാ പാത്രിയർക്കേറ്റ് അംഗീകരിക്കാത്ത സാഹചര്യം. മൂന്ന്: നിയമപരമായി ഈ വിഭാഗത്തിന്റെ അവകാശങ്ങൾ അംഗീകരിക്കപ്പെടാൻ സാദ്ധ്യതയില്ലത്ത ചുറ്റുപാട്. നാല്: വേദശാസ്ത്രപരമായി നീതികരണമില്ലാത്ത ഒരു കാര്യത്തിനുവേണ്ടി ഭിന്നിച്ച് നിൽക്കുന്നതിലുള്ള ന്യായമില്ലായ്ക അങ്ങനെയുള്ള അവസ്ഥയിൽ ഈ സഭയക്ക് എന്ത് ഭാവി എന്നതായിരുന്നു എന്റെ പ്രശ്നം. ഇതിനൊരു പരിഹാരം അന്ത്യോഖ്യാ പാത്രി

യർക്കേറ്റുമായി വ്യക്തമായ ഭരണഘടനാ ബന്ധമുള്ള ഓർത്തഡോക്സ് വിഭാഗവുമായി യോജിക്കുക മാത്രമായിരുന്നു. പാത്രിയർക്കേറ്റിനെകൊണ്ട് ഈ സഭയെ ഒരു ആഭ്യന്തര സ്വതന്ത്രമായ സഭയായി അംഗീകരിപ്പിക്കുക സാദ്ധ്യമായിരുന്നില്ല. അന്യോന്യ ബന്ധം വ്യക്തമായി നിർവ്വചിക്കുവാൻ ഇവിടുത്തെ ആഭ്യന്തര സാഹചര്യം അനുവദിക്കുകയും ചെയ്യുമായിരുന്നില്ല. അതായത് ഞാൻ ശുശ്രൂഷിച്ച് വന്നിരുന്ന സഭാ വിഭാഗത്തിന്റെ ഭാവിയെപ്പറ്റിയുള്ള എന്റെ കരുതൽ (concern) ആയിരുന്നു സഭയുടെ ഐക്യത്തിന് പ്രേരണ നൽകിയ പ്രധാന ഘടകം. മറിച്ച് സഭയുടെ വിഭജിതാവസ്ഥയോടുള്ള വേദശാസ്ത്രപരമോ, ആശയപരമോ, പ്രായോഗികമോ ആയ എന്റെ ഒരു പ്രതികരണം ആയിരുന്നില്ല അന്ന് പ്രധാനം. പാത്രിയർക്കീസ് വിഭാഗത്തെ രക്ഷപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് സഭാ ഐക്യ സമാധാന ശ്രമത്തിൽ ഞാൻ പങ്ക് ചേർന്നത്.

**ഓർത്തഡോക്സ് വിഭാഗത്തെ ആശയതലത്തിൽ ഒരു മാതൃകാ സഭയായി കണ്ടിരുന്നോ?**

മലങ്കര സഭയിലെ അടിസ്ഥാന പ്രശ്നം അന്യോന്യ പാത്രിയർക്കേറ്റുമായുള്ള ബന്ധം വ്യവസ്ഥാപിതമല്ലാതെ നിലനിന്നതുമൂലമുള്ള ആഭ്യന്തര കലാപമായിരുന്നു. പാത്രിയർക്കേറ്റുമായി മലങ്കര സഭയുടെ ബന്ധം സംബന്ധിച്ച് വ്യക്തത തരുന്ന ഒരു ഭരണഘടന ഓർത്തഡോക്സ് വിഭാഗത്തിന് ഉണ്ടായിരുന്നു എന്നതാണ് ഐക്യത്തിന് ഏറ്റവും പ്രേരകമായത്. ഓർത്തഡോക്സ് വിഭാഗം ഒരു മാതൃകാ സഭയാണോ എന്ന അന്വേഷണമായിരുന്നില്ല അന്ന് പ്രധാനം. സഭാ പ്രശ്നം ഭരണഘടനാനുസൃതമായി പരിഹരിക്കപ്പെടുന്നതുവഴി അത് ഒരു മാതൃകാ സഭയാകാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടും എന്ന പ്രതീക്ഷ ഐക്യത്തിന് പ്രേരണ നൽകി.

**ഇടക്കാലംകൊണ്ട് കണ്ടനാട് ഭദ്രാസനം സാമ്പത്തികമായി ദുർബലമായിപ്പോയിരുന്നു. അതിനെ സാമ്പത്തിക സ്വയം പര്യാപ്തയിലെത്തിക്കുക എന്നത് ഒരു വെല്ലുവിളിയായി കാണാൻ അയില്ലേ?**

ഭദ്രാസനത്തെ സാമ്പത്തിക കെട്ടുറപ്പുള്ളതാക്കണമെന്നത് എന്റെ ഒരു ചിന്ത ആയിരുന്നില്ല. ഉള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി അതിന്റെ ദൗത്യ-ശുശ്രൂഷപരമായ കാര്യങ്ങൾ നിർവ്വഹിക്കുവാനുള്ള വരുമാനം ഉണ്ടാകേണ്ടത് ആവശ്യവുമായിരുന്നു. അത് നേടാനുള്ള ശ്രമം സമാന്തരമായി നടന്നു. അരമനയുടെ സമീപത്തുള്ള ഷോപ്പിംഗ് കോംപ്ലക്സ് പണിതത് ഈയൊരു ലക്ഷ്യം വച്ചുകൊണ്ടായിരുന്നു. ഒപ്പംതന്നെ ഇതൊരു ധനിക ഭദ്രാസനം ആകരുത് എന്ന നിർബന്ധം എനിക്ക് അന്നും ഇന്നും ഉണ്ട്. സഭയുടെ ദൗത്യ നിർവ്വഹണം വിശ്വാസികളിലൂടെയാണ് നടക്കേണ്ടത്. ഭദ്രാസന കേന്ദ്രത്തിൽ പണം വർദ്ധിച്ചാൽ ഇവിടെ അധികാര കേന്ദ്രീകരണവും അഴിമതിയും ഉണ്ടാകും എന്നത് ഉറപ്പാണ്. എന്നാൽ അതേസമയം തന്നെ അടിസ്ഥാന ആവശ്യങ്ങൾ നടത്തുന്നതിന് ആവശ്യമായ ധനം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ഭദ്രാസനത്തെ ദൗത്യപരവും ഗുണപരവും ആയി പരിവർത്തനപ്പെടുത്തുന്നതിന് ആവശ്യമായ ധനം ഉത്പാദിപ്പിക്കുന്നതിന് ശ്രമിച്ചു.

**ഗുണപരമായ പരിവർത്തനത്തിനുവേണ്ടി നടത്തിയിട്ടുള്ള ശ്രമങ്ങൾ എന്തെല്ലാമാണ്?**

ഇതിനായി മൂന്ന് കാര്യങ്ങളാണ് നടത്തിയിട്ടുള്ളത്. ഒന്ന്: സമർത്ഥരും ദൗത്യബോധമുള്ളവരും പുരോഗമന-എക്യുമെനിക്കൽ ചിന്തയുമുള്ള വൈദികരാണ് സഭയെ ഗുണപരമായി പരിവർത്തിക്കുന്ന പ്രധാനഘടകം. പ്രബുദ്ധതയില്ലാത്ത വൈദികർ സഭയ്ക്ക് ഭാരമാണ്. അതുകൊണ്ട് വൈദിക വിദ്യാർത്ഥികൾക്ക് സെക്കുലർ, വേദശാസ്ത്ര വിദ്യാഭ്യാസങ്ങൾ കഴിയുന്നത്ര ലഭിക്കുന്നതിന് സാഹചര്യം ഒരുക്കി. വൈദിക വിദ്യാർത്ഥികളുടെ ഫോർമേഷൻ വളരെ പ്രധാനമാണ്. അതിനായി എക്യുമെനിക്കൽ വേദശാസ്ത്ര പഠന സ്ഥാപനങ്ങളിൽ അവരെ അയച്ചു. കഴിഞ്ഞ തലമുറയിൽ സഭക്ക് നേതൃത്വം നൽകിയ പ്രഗത്ഭരായ പിതാക്കന്മാർ പഠിച്ചത് എല്ലാം അതുപോലുള്ള സ്ഥാപനങ്ങളിലായിരുന്നു. ഈ വസ്തുത ഇന്നുള്ളവർ മറക്കുന്നു എന്നത് ശരിയാണ്.

സഭാജനങ്ങളെ പ്രബുദ്ധരാക്കുന്നതിന് വേണ്ടിയാണ് 'ഡയോസിസൻ ബുള്ളറ്റിൻ' എന്ന പേരിൽ മാസിക ആരംഭിച്ചത്. കാലികവിഷയങ്ങളോടുള്ള ക്രിസ്തീയ കാഴ്ചപ്പാട് അടിസ്ഥാനമാക്കിയുള്ള പ്രതികരണം, ആശയ നിർമ്മിതി, നിലപാട്-കാഴ്ചപ്പാടുകൾ, രൂപീകരണം എന്നിവയാണ് ഈ പ്രസിദ്ധീകരണത്തിലൂടെ നിർവ്വഹിക്കാൻ ആഗ്രഹിച്ചത്. ഈ ഓഗസ്റ്റിൽ ഡയോസിസൻ ബുള്ളറ്റിന്റെയും രജതജൂബിലി ആഘോഷിക്കുകയാണ്.

മൂന്നാമതായി പാമ്പാക്കുടയിൽ ഉള്ള സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്ററിന്റെ സ്ഥാപനം ഈ സഭാ ശുശ്രൂഷാരംഗത്ത് സംവാദത്തിനും പഠനത്തിനും തുറന്ന ചർച്ചകൾക്കും വേദിയാകുന്നതിനുവേണ്ടി ആരംഭിച്ചിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ഓരോന്നും ഈ ഭദ്രാസനത്തിന്റെ ശുശ്രൂഷാരംഗത്ത് ഗുണപരമായ മാറ്റത്തിന് വഴിയൊരുക്കിയിട്ടുണ്ട് എന്നാണ് എന്റെ വിചാരം.

തുടരും....

# ഞങ്ങളുടെ കൊച്ചുതിരുമേനി

തങ്കമ്മ ദാനിയേൽ

**ഈ** ഭദ്രാസനത്തിലെ മർത്തമറിയം വനിതാ സമാജത്തിന്റെ പ്രസിഡന്റായ അഭിവന്ദ്യ അത്താനാസിയോസ് തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ഇത്രത്തോളം അദ്ദേഹത്തെ കാത്തുപരിപാലിച്ച ദൈവത്തോട് കൃതജ്ഞത അർപ്പിക്കുവാനും വീണ്ടും തിരുമേനിയെ ദൈവകരങ്ങളിൽ സമർപ്പിച്ച് പരിശുദ്ധാത്മാവിന്റെ എല്ലാ നല്ലവരങ്ങങ്ങൾക്കായി പ്രാർത്ഥിക്കുവാനും ആശംസിക്കുവാനും ഈ അവസരം ഉപയോഗിക്കുന്നു.



ഏതൊരു വ്യക്തിയുടെയും ജീവിതവിജയത്തിന് സഹായിക്കുന്ന പ്രധാനഘടകം ആ വ്യക്തിക്കു ലഭിക്കുന്ന പൈതൃകമാണ്. ഈ കാര്യത്തിൽ അഭിവന്ദ്യ തിരുമേനി തികച്ചും അനുഗ്രഹീതനാണ്. വന്ദ്യതിരുമേനിയെക്കുറിച്ചു പറയുവാൻ ശ്രമിക്കുമ്പോൾ തിരുമേനിയുടെ വന്ദ്യപിതാവ് പുറ്റാനിൽ വല്യച്ചന്റെയും ജ്യേഷ്ഠസഹോദരൻ ബഹു. ജോസഫ് അച്ചന്റെയും നല്ല മാർഗ്ഗദർശം ആദരവോടെ ഓർക്കുന്നു. ആ പൈതൃകത്തിന്റെ മാഹാത്മ്യം തിരുമേനിയുടെ വാക്കുകളിൽത്തന്നെ ഇവിടെ കുറിക്കട്ടെ. "എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹം (എന്റെ പിതാവ്) സ്നേഹസമ്പന്നനായ പിതാവും ഗുരുവും മാർഗ്ഗദർശിയുമൊക്കെയായിരുന്നു. അദ്ദേഹം എന്റെ ജീവിതത്തെ സ്വാധീനിച്ചത് ആദർശഭദ്രതയുള്ള ഒരു സഭാശുശ്രൂഷകൻ എന്ന നിലയിലാണ്. ആ സ്വാധീനമാണ് എന്റെ പിൻകാല ജീവിതത്തിന് രൂപം നൽകുവാൻ തക്കവിധം പ്രേരകമായത്. വേദപുസ്തകത്തെ വളരെ സ്നേഹിക്കുകയും തിരുവചനപഠനം ഒരു നൈരന്തര്യം അഭ്യാസമാക്കുകയും ചെയ്ത ഒരു വൈദീകനായിരുന്നു എന്റെ പിതാവ്. വേദപുസ്തകവായനയിൽ നിമഗ്നനായിരിക്കുന്ന അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകളാണ് എന്റെ മനസ്സിലെ ചിത്രം. വൈദികശുശ്രൂഷ ഫലപ്രദമാക്കുവാൻ വേദപുസ്കം പഠിക്കണമെന്ന് എന്റെ ഹൃദയത്തിൽ പതിപ്പിച്ചത് അപ്പച്ചന്റെ വായനയുടെ ഓർമ്മയാണ്. അജപാലന ദൗത്യം ഫലവത്താകണമെങ്കിൽ തിരുവചനപഠനം മുടക്കാനാവില്ല എന്ന ചിന്തയായിരുന്നു അദ്ദേഹത്തിന്റേത്. വേദപുസ്തകപഠനത്തിലൂടെ ലഭിക്കുന്ന ഉൾക്കാഴ്ചകളും ദിവ്യാനുഭവങ്ങളും തന്റെ ശുശ്രൂഷ സമൂഹവുമായി പങ്കുവക്കുന്നതിലും വലിയ അപജാപലന ദൗത്യം ഇല്ല എന്ന നിരീക്ഷണം ഈ പശ്ചാത്തലത്തിൽ എന്നിൽ രൂപം കൊണ്ടതാണ്. വൈദികൻ തന്റെ ജനത്തിനു നൽകുന്ന ആശ്വാസവചനങ്ങൾ തിരുവചനപഠനത്തിൽ നിന്നും രൂപം കൊണ്ടതാണെങ്കിൽ അതിന്റെ സ്വാധീനം വളരെ വലുതായിരിക്കും. ഈ പഠനത്തിൽ നിന്നും തിരിച്ചറിഞ്ഞ അനുഭവ സത്യങ്ങൾ തന്റെ ശുശ്രൂഷാസമൂഹത്തിന് നൽകാൻ കഴിയുമെന്ന ബോദ്ധ്യമാണ് വേദപുസ്കപഠനത്തിൽ ആനന്ദം കണ്ടെത്താൻ അദ്ദേഹത്തിന് പ്രേരകമായത്". പിതാവിനെക്കുറിച്ചുള്ള ഈ ബോദ്ധ്യങ്ങളാണ് തിരുമേനിയുടെ മഹത്തായ തെരഞ്ഞെടുപ്പിന് സഹായമായത്.

അഭിവന്ദ്യ തിരുമേനിയുടെ പട്ടത്വ സ്വീകരണത്തെക്കുറിച്ച് വന്ദ്യപിതാവിന്റെ അഭിപ്രായവും ഈ സന്ദർഭത്തിൽ പ്രവചനംപോലെ സത്യമായി വരുന്നു. അതിങ്ങനെ 'പട്ടമേൽക്കുന്നത് നല്ലതുതന്നെ പക്ഷേ കുരിശാണെന്ന് ഓർക്കണം' (സൗഗന്ധികം പേജ് 36) പിതാവ് പ്രവചിച്ചതുപോലെതന്നെ തിരുമേനി ഇന്നും ക്രൂശിന്റെ വഴികളിലൂടെ പ്രയാണം ചെയ്യുന്നു. സ്ഥാനാരോഹണം മുതൽ സഭാസമാധാനത്തിനുവേണ്ടി ഏറ്റവും കൂടുതൽ ആഗ്രഹിക്കുകയും

പ്രവർത്തിക്കുകയും ചെയ്തിട്ടും ഫലപ്രാപ്തി ലഭിച്ചില്ലെന്നു മാത്രമല്ല, നാനാഭാഗത്തുനിന്നും വേദനാജനകമായ പ്രതികരണങ്ങൾ നിരന്തരം നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. തന്റെ തിരഞ്ഞെടുപ്പിനെക്കുറിച്ച് തിരുമേനിയുടെ വാക്കുകൾ "ഭദ്രാസന കൗൺസിലിന്റെ നിരന്തരമായ പ്രേരണയും ഒരു വർഷത്തിലധികമായി എന്നെ പിന്തുടർന്ന വിളിയും ദൈവനിയോഗമായിരുന്നുവെന്ന് എനിക്ക് ബോദ്ധ്യപ്പെടുകയായിരുന്നു. ഒരു മാസത്തെ പരിചിന്തനത്തിനുശേഷം ഞാനെന്റെ വിളിക്കു സമ്മതെ മൂളുമ്പോൾ അത് ഉറച്ച തീരുമാനമായിരുന്നു" (സഭാസമൂഹത്തിൽ പേജ് 58). സഭാ വഴക്കുകൾകൊണ്ട് ഏറ്റവും കലുക്ഷിതമായ ഒരു ഭദ്രാസനത്തിന്റെ ചുമതല തിരകച്ചും യാഥാർത്ഥ്യബോധത്തോടെയാണ് തിരുമേനി ഏറ്റെടുത്തത്. ബാവാ തിരുമസ്സിലെ വാർദ്ധ്യവും രോഗാവസ്ഥയും സഭയിലെ പ്രശ്നങ്ങളുമെല്ലാമായി പ്രശ്നസങ്കീർണ്ണമായ ഒരു കാലഘട്ടമായിരുന്നു അത്. തിരുമേനിയുടെ നേതൃത്വം ഭദ്രാസനത്തിനൊരു ഉണർവ്വുണ്ടാക്കുവാൻ സഹായിച്ചു. ഭദ്രാസനത്തിൽ സമാധാനം കൈവരുത്തുന്നതിനും സഭയുടെ വർത്തമാനകാലത്തെ വെല്ലുവിളികളിലേക്ക് ഭദ്രാസനത്തിന്റെ ശ്രദ്ധ തിരിച്ചുവിടുന്നതിനും തിരുമേനി ശ്രദ്ധപതിപ്പിച്ചു. വൈദികസംഘം, ശുശ്രൂഷകരുടെ സംഘം, വയോജനസംഘം, യുവജനസംഘം വിദ്യാർത്ഥി പ്രസ്താനം എന്നിവ വഴി ഭദ്രാസനത്തിലെ അബാലവൃദ്ധം ജനങ്ങളെ സഭയോട് ബന്ധപ്പെടുത്തി പ്രവർത്തനനിരതരാക്കുവാൻ തിരുമേനിക്ക് കഴിഞ്ഞു. എല്ലാവിധത്തിലും ഈ ഭദ്രാസനത്തിന്റെ ഒരു ഉയർത്തെഴുന്നേൽപ്പായിരുന്നു തുടർന്നുണ്ടായത്.

1965 മുതൽ ഈ ഭദ്രാസനത്തിൽ മർത്തമറിയം സമാജം പ്രവർത്തിച്ചുവന്നിരുന്നു. ബാവാ തിരുമനസ്സിലെ ശ്രദ്ധയും കരുതലും ഇതിന്റെ നിലനിൽപ്പിനും വളർച്ചക്കും എന്നും സഹായിച്ചിരുന്നു. തിരുമേനി ചുമതലയേറ്റപ്പോൾ കൂടുതലായി ഈ സംഘടനയെ ശ്രദ്ധിക്കുകയും പ്രവർത്തനമേഖലകൾ വിപുലീകരിക്കുകയും ചെയ്തു. ഡയോസിഷൻ ബുക്ക് സെന്റർ ആരംഭിക്കുവാനുള്ള പ്രചോദനം ഞങ്ങൾക്കുതന്നതും തിരുമേനിതന്നെയാണ്. വന്ദ്യ തിരുമേനി ശെമ്മാശനായിരിരുന്നപ്പോൾ മുതൽ ഞങ്ങൾക്ക് വേദപഠനം നടത്തിയും സമാജത്തിന് നല്ലമാർഗ്ഗദർശനം നൽകിയും വന്നിരുന്നു. ഈ ബന്ധം പ്രായമായ പല സമാജാംഗങ്ങളും വന്ദ്യതിരുമേനിയെ പുത്രനിർവ്വിശേഷം സ്നേഹിക്കുകയും കരുതുകയും ചെയ്യുവാൻ സഹായിച്ചു. വന്ദ്യതിരുമേനി സമാജാംഗങ്ങളെ സഭയിൽ അർഹമായ സ്ഥാനങ്ങൾ നൽകി അംഗീകരിക്കുകയും പ്രവർത്തിക്കാനുള്ള അവസരങ്ങൾ നൽകി സഭയിലെ സജീവ പ്രവർത്തകരാക്കിത്തീർക്കുകയും ചെയ്തു. ഭദ്രാസന കൗൺസിലിലേക്ക് അംഗത്വം നൽകി ഭദ്രാസനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ സഹകരിപ്പിച്ച് സമാജ അംഗങ്ങളെ സഭയുടെ അംഗീകരാത്തിന് അർഹരാക്കി. സമാജം വൈസ് പ്രസിഡന്റായി മരണം വരെ സേവനം അനുഷ്ഠിച്ച ശ്രീമതി അന്നമ്മ ഫിലിപ്പിന് സഭാസേവന അവർഡ് നൽകി ബഹുമാനിച്ചതും സമാജാംഗങ്ങളെയും പ്രവർത്തകരെയും പൈതൃകമായ സ്നേഹവാത്സല്യങ്ങളോടെ കരുതുതുന്നതും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

വിവിധ നിലകളിൽ കഴിവും വിദ്യാഭ്യാസ യോഗ്യതയും ഉള്ള ആളുകളെ സഭയ്ക്കു പ്രയോജനപ്പെടത്തക്കവിധം ചുമതലകൾ ഏൽപിച്ച് സഭാരംഗത്തേക്ക് ആകർഷിക്കുവാനും അവരുടെ സഹായ സഹകരണങ്ങൾ സഭയുടെ വളർച്ചക്ക് ഉപയോഗിക്കുവാനും തിരുമേനി ശ്രദ്ധിക്കാറുണ്ട്.

ഈ ഭദ്രാസനം വീണ്ടും പ്രതിസന്ധികളെ നേരിടുകയും നാനാഭാഗത്തുനിന്നും പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്തപ്പോൾ പതറാതെ താൻ സ്വീകരിച്ചവഴി ശരിയാണെന്ന ബോദ്ധ്യത്തിൽ ഉറച്ചുനിൽക്കുകയും കൂടെ നിൽക്കുന്നവരെ ധൈര്യപ്പെടുത്തി നിരന്തരം പ്രവർത്തനനിരതരാക്കിയതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ് സമന്വയ, സന്തുല, സ്വാശ്രയ, സുഖദ, ട്രിനിറ്റി മുതലായ പ്രസ്ഥാനങ്ങൾ. ലാഭേച്ഛകൂടാതെ വേദനയും യാതനയും അനുഭവിക്കുന്നവർക്കു ആശ്വാസം നൽകുന്ന സ്വാശ്രയിലെ അന്തേവാസികളുടെ ചിരിക്കുന്ന മുഖം അവിടെ ചെല്ലുന്നവർക്ക് മറക്കാനാവില്ല. ശ്രീ. റെജിയുടെ കഴിവും ശുശ്രൂഷകളും നേകർക്ക് പ്രയോജനപ്പെടുത്തുവാൻ സാധിച്ചതിന് പ്രേരണനൽകിയ തിരുമേനിയെ ശ്ലാഘിക്കുന്നു. വ്യക്തിബന്ധങ്ങൾ സഭക്കും സമൂഹത്തിനും പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നു എന്നുള്ളത് എടുത്തുപറയേണ്ട സത്യമാണ്.

കഴിഞ്ഞ കാലങ്ങളിലെ നല്ല പ്രവർത്തനങ്ങൾക്കും ദൈവിക നടത്തിപ്പിനും ഹൃദയം നിറഞ്ഞ പ്രാർത്ഥസഹായവും സഹകരണങ്ങളും നൽകി തിരുമേനിയെ സ്നേഹിക്കുന്ന എല്ലാവരോടും ഒപ്പം ഈ ഭദ്രാസനത്തിലെ മർത്തമറിയം വനിതാ സമാജവും ഞങ്ങളുടെ പ്രാർത്ഥനകളും ആശംസകളും നന്മകളും നേരുന്നു. അതോടൊപ്പം ആയുരാരോഗ്യവും പരിശുദ്ധാത്മനിറവും തന്ന് കൂടുതൽ പ്രവർത്തനനിരതനാകാനും സഭക്കും സമൂഹത്തിനും വലിയൊരു വെളിച്ചമായി പ്രകാശിക്കുവാനും ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥനയോടെ നിർത്തട്ടെ.

RNI No. KERMAL/2012/46014
Reg. No. KL/ALY/0067/2013-2015
Date of Publication 31-05 -2015, Price Rs. 30/-
DIOCESAN BULLETIN
Licence No. KL/CR/ALU/WPP-02/2013-15
Licensed to Post Without Pre-payment

## മെത്രാൻ സ്ഥാനാഭിഷേക രജതജൂബിലി

കൂത്താട്ടുകുളം: സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിന്റെ ആഭിമുഖത്തിൽ കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ മെത്രാൻ സ്ഥാനാഭിഷേക രജതജൂബിലി ആഘോഷിച്ചു. 2015 മെയ് 3-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ഹോസ്പിറ്റലിൽ നടന്ന സമ്മേളനത്തിൽ ഹോസ്പിറ്റൽ ഡയറക്ടറും ചീഫ് ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഫാ. എഡ്വേർഡ് ജോർജ്ജ് സ്വാഗതം ആശംസിച്ചു. പാലാ ബിഷപ്പ് ഡോ. ജോസഫ് കല്ലറങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു. അദ്ദേഹത്തിന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ വേദശാസ്ത്രജ്ഞൻ, ചിന്തകൻ, എഴുത്തുകാരൻ, പ്രസംഗകൻ എന്നീ നിലകളിലെല്ലാം ഡോ. തോമസ് മാർ അത്താനാസിയോസ് കേരളത്തി ലെ ക്രിസ്തീ യ സഭകളിൽ പരക്കെ അംഗീകാരമുള്ള സഭാ പിതാവാണെന്നു പ്ര സ്താവിച്ചു. കണ്ടനാട് ഈസ്റ്റ് ഭദ്രാസന സെക്രട്ടറി ഫാ. എബ്രാഹം കാരാമ്മേൽ അഭി. അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ വിവധ സംഭാവനകളെ വിശദമാക്കി സംസാരിച്ചു. മുഖ്യപ്രഭാഷകനായിരുന്ന എറണാകുളം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ചെറിയാൻ കെ. കുര്യാക്കോസ് തന്റെ പ്രസംഗത്തിൽ ബിഷപ്പുമാർക്കിടയിൽ ഡോ. ചോമസ് മാർ അത്താനാസിയോസ് ഒരു വേറിട്ട വ്യക്തിത്വത്തിന്റെ ഉടമയാണെന്നു പ്രസ്താവിച്ചു. അദ്ദേഹം സഭയോടും സമൂഹത്തോടും പ്രകടിപ്പിക്കുന്ന പ്രതിബദ്ധതയും സത്യസന്ധമായ നിലപാടുകളും എടുത്തു പറയേണ്ട ഗുണവിശേഷങ്ങളാണെന്നും പറഞ്ഞു. സന്തുല ട്രസ്റ്റ് വൈസ് പ്രസിഡന്റ് തോമസ് പുളിക്കീൽ, ദീപ്തികൃഷ്ണൻ എന്നിവർ അഭിവന്ദ്യ തിരുമേനിക്ക് ആശംസകൾ നേർന്നു. തിരുമേനി സ്നേഹാശംസകൾക്ക് നന്ദി പറഞ്ഞു. സന്തുല ട്രസ്റ്റ് ട്രഷററർ പി. ജെ. വർഗ്ഗീസ് എല്ലാവർക്കും കൃതജ്ഞത പ്രകാശിപ്പിച്ചു.

### ഹോസ്പിറ്റൽ ദിന-ജന്മദിന ആഘോഷങ്ങൾ

വടകര സന്തുല ട്രസ്റ്റ് ഹോസ്പിറ്റൽ ദിനവും ട്രസ്റ്റ് പ്രസിഡന്റ് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 64-ാം ജന്മദിനവും സംയുക്തമായി മുൻ വർഷങ്ങളിലെന്നപോലെ സംയുക്തമായി 2015 ജൂൺ 28-ാം തീയതി ഞായറാഴ്ച ഉച്ചക്ക് 12 മണി മുതൽ സന്തുല സെൻട്രൽ ഓഡിറ്റോറിയത്തിൽ ആഘോഷിക്കുന്നത്. അഭി. തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ കേരള



ഹൈക്കോടതി ജഡ്ജി സുരേന്ദ്രമോഹൻ മുഖ്യതിഥിയായി പങ്കെടുത്ത് ഹോസ്പിറ്റൽ സന്ദേശം നൽകും. തുടർന്ന് ഹോസ്പിറ്റൽ സ്റ്റാഫിന്റെ വിവിധ കലാപരിപാടികൾ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെടും.

### മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കുന്നു

ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ രജതജൂബിലി കണ്ടനാട് ഈസ്റ്റ് ഭദ്രാസനം വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. അഭിവന്ദ്യ തിരുമേനിയുടെ ജന്മദിനമായ ജൂൺ മാസം 28-ാം തീയതി ഞായറാഴ്ച രാവിലെ മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ വി. കുർബ്ബാന അർപ്പിക്കുന്നതോടെ പരിപാടികൾക്ക് തുടക്കമാകും. അന്നേദിവസം ഉച്ചകഴിഞ്ഞ് 3 മണിക്ക് മൂവാറ്റുപുഴ അരമനയിൽ വച്ച് ഭദ്രാസന കുടുംബസംഗമവും അഭിവന്ദ്യ തിരുമേനിയോടുള്ള ആദരസൂചകമായി അനുമോദന സമ്മേളനവും നടക്കും. ചടങ്ങിൽ പരി. കാതോലക്കാ ബാവ തിരുമേനിയും അഭി. മെത്രാപ്പോലാത്താമാരും സംബന്ധിക്കും. പരിപാടികളുടെ വിജയത്തിനായി ഭദ്രാസന കൗൺസിലിന്റയും ഭദ്രാസനത്തിലെ വിവിധ ആത്മീയ പ്രസ്ഥാനങ്ങളുടെ ചുമതലക്കാരുടെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

### സുപ്രധാന വിധി

മണ്ണത്തൂർ സെന്റ് ജോർജ്ജ് ഓർത്തഡോ ക്സ് പള്ളി സംബന്ധിച്ച് സഭയുടെ നിയമപരമായ നിലപാടുകളെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് ബഹു. കേരള ഹൈ ക്കോടതി സുപ്രധാന വിധി പ്രഖ്യാപിച്ചു. ഈ പള്ളിസംബന്ധിച്ച് ഏതാനും മാസങ്ങൾക്കുമുമ്പ് എറണാകുളം ഫസ്റ്റ് അഡീഷണൽ ജില്ലാ കോടതിയിൽ നിന്നും സഭയ്ക്ക് അനുകൂലമായുണ്ടായ വിധി ചോദ്യം ചെയ്ത് യാക്കോബായ വിഭാഗം ഹൈക്കോടതിയിൽ കൊടുത്ത ഹർജിയാണ് കോടതി തള്ളി സുപ്രധാന വിധി ന്യായം പ്രസ്താവിച്ചത്. 1995 ലെ സുപ്രീം കോടതി വിധിയനുസരിച്ച് 1934 ലെ സഭാഭരണഘടനപ്രകാരം മണ്ണത്തൂർ പള്ളി ഭരിക്കേണ്ടതാണെന്നും യാക്കോബായ സഭയിലെ വൈദികരോ സ്ഥാനികളോ പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്ന് ശാശ്വതമായി നിരോധിച്ചുകൊണ്ടും ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായാൽ നിയമിതനായ ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളമാണ് പള്ളിയുടെ നിയമാനുസൃത വികാരിയെന്നുമാണ് ഈ സുപ്രധാന വിധി ന്യായത്തിൽ പറയുന്നത്.

Printed and Published by Fr. Abraham Karamel, Secretary, Kandanadu Diocese, Bishop's House, Muvattupuzha - 686 661 Ph: 0485 2832401
Managing Editor: P.J. Varghese Ph: 0485 2253209, Printed at Mudra Offset Printers, Thodupuzha, Ph: 04862 222749